
കല്ല്യാട്ട് താഴത്തുവീട്

സ്മരണിക 2026



പൂർവ്വസൂരികൾക്ക് പ്രണാമം


വലിയ കമ്മാരൻ
നമ്പ്യാർ (1855–1900)


വലിയ ചാത്തുക്കുട്ടി
നമ്പ്യാർ (1900–07)


നാരായണൻ നമ്പ്യാർ
(1907–14)


കുഞ്ഞിരാമൻ നമ്പ്യാർ
(1914–21)


ചാത്തുക്കുട്ടി നമ്പ്യാർ
(1921–35)


കൃഷ്ണൻ നമ്പ്യാർ
(1935–40)



കുഞ്ഞനന്തൻ നമ്പ്യാർ
(1940–59)


കുഞ്ഞിക്കണ്ണൻ നമ്പ്യാർ
(1959–67)


അഡ്വ. ഗോപാലൻ
നമ്പ്യാർ (1967–80)


ഡോ. പത്മനാഭൻ നമ്പ്യാർ
(1980–87)


കുഞ്ഞിരാമൻ നമ്പ്യാർ
(1987–91)


കുഞ്ഞിക്കൃഷ്ണൻ
നമ്പ്യാർ (1991–97)


അഡ്വ. രവീന്ദ്രനാഥ്
(1997–2010)


ബാലഗോപാലൻ
നമ്പ്യാർ (2010 –2015)


ദേവിദാസൻ നമ്പ്യാർ
(2015 – 2021)

കല്ല്യാട്ട് താഴത്തുവീട്

സ്മരണിക 2026



കല്ല്യാട്ട് താഴത്തുവീട്
ക്ഷേത്രസമുച്ചയ ട്രസ്റ്റ്





കല്ല്യാട്ട് താഴത്തുവീട്
സ്മരണിക 2026
(For private circulation only)

പ്രസിദ്ധീകരിക്കുന്നത് :
കല്ല്യാട്ട് താഴത്തുവീട് ക്ഷേത്രസമുച്ചയ ട്രസ്റ്റ്

പത്രാധിപസമിതി :
ലഫ്. ജന. വിനോദ് നായനാർ (റിട്ട)
ഗിരീഷ് മോഹൻ പി കെ
ശരത് കെ ടി
കേണൽ ഡോ. പ്രശാന്ത് എ കെ (റിട്ട)
ദേവദാസ് കെ ടി

മുഖചിത്രം : കമ്മാരത്ത് ഭവനം
വര : **അൻപു വർക്കി**

പ്രിന്റിംഗ് :
പ്രിന്റിംഗ് പാർക്ക്, തലശ്ശേരി

സ്നേഹപൂർവ്വം

ബന്ധുജനങ്ങളേ,

കല്ല്യാട്ട് താഴത്തുവീട് സ്മരണികയുടെ പുതിയ ലക്കം ഏറെ ചാരിതാർത്ഥ്യത്തോടെ എല്ലാവരുടെയും മുന്നിലേക്കെത്തിക്കുകയാണ്. പ്രൗഢവും പുഷ്കലവുമായ സുകൃതങ്ങളുടെ നൈരന്തര്യം പേറുന്ന തറവാടിന്റെ മറന്നും മാഞ്ഞും പോയ ചരിത്രത്തെ ആവുന്നവിധം അനാവരണം ചെയ്യാനുള്ള ശ്രമമെന്ന നിലയിൽ ഏതാനും വർഷങ്ങൾക്കപ്പുറം ഒരു സ്മരണിക പുറത്തിറക്കണമെന്ന അഭിപ്രായമുയർന്നപ്പോൾ അതിന്റെ വിജയസാധ്യതകളെക്കുറിച്ച് സംശയങ്ങളും ആശങ്കകളുമായിരുന്നു ഏറെയും. എന്നാൽ തുടർന്നോരോ വർഷവും നടന്ന വാർഷികകുടുംബയോഗങ്ങളോടനുബന്ധിച്ച് സ്മരണികകൾ പുറത്തിറക്കാൻ നമുക്ക് സാധിച്ചു. പരാശക്തിയുടെ കടാക്ഷത്തോടൊപ്പം ഗുരുകാരണവപരമ്പരയുടെ അനുഗ്രഹാശിസ്സുകളും ട്രസ്റ്റ് ഭാരവാഹികളുടെയും ബന്ധുജനങ്ങളുടെയും സഹായസഹകരണങ്ങളും കൊണ്ടുകൂടിയാണ് ഇത് സാധ്യമായത്.

നൂറ്റാണ്ടുകൾക്കപ്പുറമാരംഭിച്ച നമ്മുടെ ദേവിഉപാസനാപാരമ്പര്യത്തെക്കുറിച്ച് തന്റെ അന്വേഷണങ്ങളെ അടിസ്ഥാനമാക്കി സർവ്വാദരണീയനും പണ്ഡിതശ്രേഷ്ഠനുമായ ആചാര്യൻ ശ്രീ എൽ.ഗിരീഷ് കുമാർ എഴുതിയ ലേഖനം ഏറെ പ്രാധാന്യമുള്ളതും നമ്മെയൊക്കെ അഭിമാനപൂരിതരാക്കുന്നതുമാണ്. ആചാര്യന് വിനീതമായ കൂപ്പുകൈ. പതിറ്റാണ്ടുകൾക്കപ്പുറത്തെ സ്വന്തം വിദ്യാഭ്യാസ കാലഘട്ടത്തെക്കുറിച്ചും പ്രിയപ്പെട്ട അധ്യാപകരെക്കുറിച്ചും തറവാട്ട് കാരണവർ കെ.ടി ഹരിശ്ചന്ദ്രൻ നമ്പ്യാർ ഹൃദയസ്പൃക്കായി വർണിക്കുന്നത് ഏറെ വികാരവായ്പോടെയാണ്. ആ മങ്ങാത്ത ധിഷണയ്ക്കും ഹരിതാഭമായ ഓർമകൾക്കും ആദരം. കഴിഞ്ഞവർഷം നമ്മെ വിട്ടുപിരിഞ്ഞ ക്ഷേത്രസമുച്ചയ ട്രസ്റ്റിന്റെ മുൻസെക്രട്ടറിയും മുതിർന്ന തറവാട്ടംഗവുമായിരുന്ന കെ.ടി സുധാകരൻ മാസ്റ്റർ മികച്ച അധ്യാപകൻ, സംഘാടകൻ എന്നതിലുപരി വലിയൊരുചരിത്രകുതുകിയും അമൂല്യരേഖകൾ വീണ്ടെടുത്തുസൂക്ഷിച്ച വ്യക്തിയുമായിരുന്നു. ഉത്തരമലബാറിന്റെ ചരിത്രത്തിനൊപ്പം നൂറ്റാണ്ടുകളോളം സഞ്ചരിച്ച കല്ല്യാട് – കൂടാളി തറവാടുകളെക്കുറിച്ചും അവിടങ്ങളിലെ തെയ്യം – ഉൽസവങ്ങളെക്കുറിച്ചും ഗവേഷകരും പഠിതാക്കളും നടത്തിയിട്ടുള്ള എല്ലാ അന്വേഷണങ്ങളുടെയും പ്രഥമവും പ്രധാനവുമായ സ്രോതസ്സ് അദ്ദേഹമായിരുന്നു. സഹപ്രവർത്തകരും ബന്ധുജനങ്ങളും ആ മഹദ്വ്യക്തിത്വത്തെക്കുറിച്ചെഴുതിയിട്ടുള്ള ലേഖനങ്ങൾ സ്നേഹോഷ്മളങ്ങളായ സ്മരണാഞ്ജലികളാണ്.

ലളിതാസഹസ്രനാമത്തിൽ 'മൂലപ്രകൃതിരവ്യക്ത'യായും 'സൃഷ്ടികർതൃി'യായും 'ബീജരൂപ'യായും 'വിശ്വധാരണി'യുമായാണ് ദേവി വിശേഷിപ്പിക്കപ്പെടുന്നത്. നമ്മുടെ സംസ്കൃതി പ്രകൃതിയെ എങ്ങനെ നോക്കിക്കണ്ടിരുന്നുവെന്നതിന്റെ ഉത്തമനിദർശനമത്രെ ഇത്. കാവുകളും നാഗസ്ഥാനങ്ങളും നമ്മെ ഈശ്വരാംശത്തോടടുപ്പിച്ചപ്പോൾ അവ ഒട്ടനവധി ജീവിവർഗങ്ങളുടെ അഭയാരണ്യങ്ങളായി, ജൈവവൈവിധ്യത്തിന്റെ അവശേഷിക്കുന്ന അവസാനത്തെ തുരുത്തുകളായി മാറി. തറവാടധീനതയിലുണ്ടായിരുന്ന പ്രദേശങ്ങളിൽ ഇത്തരം നിരവധി പുണ്യസങ്കേതങ്ങളുണ്ടായിരുന്നു. ചിത്രാരിക്കടുത്ത പാണലാടുള്ള ചിറയിൽക്കാവിനെക്കുറിച്ച് സി ശശികുമാറിന്റെ ലേഖനവും കൊടോളിപ്രത്തിനടുത്തുള്ള വരവിൽക്കാവിനെക്കുറിച്ചുള്ള വിവരങ്ങളും ഇക്കുറി ഇവിടെ ചേർത്തിട്ടുണ്ട്. ഒപ്പം കടലിനപ്പുറമുള്ള ജൈവലോകവിസ്മയങ്ങളെക്കുറിച്ച് കല്ല്യാട്ട് ടി വൽസരാജെഴുതിയ കുറിപ്പും വായിക്കാം. പതിവുപോലെ, പ്രഗൽഭരും പ്രിയപ്പെട്ടവരുമായ പൂർവ്വികരെക്കുറിച്ചുള്ള അനുസ്മരണങ്ങളും ഓർമകുറിപ്പുകളും മറ്റ് കവിതകളും സ്മരണികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ ലേഖകർക്കും നന്ദി.

ഏറെ അഭിമാനത്തോടെയും സന്തോഷത്തോടെയും 2026 വർഷത്തെ സ്മരണിക എല്ലാവരുടേയും മുന്നിലേക്ക് സമർപ്പിക്കുന്നു.

കല്ല്യാട്
25–12–2025

പത്രാധിപസമിതി

ഉള്ളടക്കം



വേട്ടക്കൊരുമകൻ ധ്യാനം

ചുരിക വലതുകൈയ്യിൽ മറ്റതിൽ വില്ലുമമ്പും
ധൃതവനചരവേഷം ശ്മശ്രുമാലാകലാപം
കരിമുകിലൊളിവർണം മൗലിയിൽ പീലിജാലം
അരുണവസനമേവം ഭാവയേ ശൈവസൂനും.

വര: കെ.ടി ബേബി

ആശംസകൾ



പ്രിയബന്ധുജനങ്ങളേ,

അനന്തമായ കാലചക്രത്തിന്റെ തിരിച്ചലിൽ മറ്റൊരു വർഷംകൂടി കൊഴിഞ്ഞു പോവുകയും പ്രതീക്ഷകളുടെ മറ്റൊരു പൊൻപുലരികൂടി സമാഗതമാവുകയും ചെയ്യുമ്പോൾ മഹിതമായ പാരമ്പര്യത്തിന്റെ അവിരാമമായ തുടർച്ചയുടെ ഭാഗമായി നമ്മളീ പവിത്രമായ മുറ്റത്ത് വീണ്ടും ഒരുമിക്കുകയാണ്. പാരസ്പര്യവും കുടുംബ ബന്ധങ്ങളും ഊട്ടിയുറപ്പിക്കുന്നതിൽ ഈ കൂട്ടായ്മ പ്രധാന പങ്കുവഹിക്കുന്നു വെന്നത് നമുക്കെല്ലാം വർഷങ്ങളായി അനുഭവവേദ്യമാണ്. പൂർവ്വസൂരികൾ നമുക്ക് മാതൃകയായതുപോലെ പാരമ്പര്യത്തിലഭിമാനിക്കുന്നതോടൊപ്പം ലോകത്തിന്റെ ഗുണപരമായിത്തിരുന്ന എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളാനും നമുക്കെന്നും കഴിഞ്ഞി ട്ടുണ്ട്. ഈ സുദിനത്തിൽ വേട്ടക്കൊരുമകൻ ക്ഷേത്രത്തിലും താഴത്തുവീട്ടിലും നടക്കുന്ന പൂജകളിലും ചടങ്ങുകളിലും പങ്കെടുത്ത് നാമെല്ലാം കുലപരദേവതയുടെ അനുഗ്രഹാശിസ്സുകൾക്ക് പാത്രീഭൂതരാവുന്നു.

എല്ലാവർക്കും ദൈവാനുഗ്രഹത്തിന്റെയും സന്തോഷത്തിന്റെയും സമാധാന ത്തിന്റെയും ഒരു പുതുവർഷം ആശംസിക്കുന്നു. ഈ സ്മരണികയ്ക്ക് വേണ്ടി പ്രവർ ത്തിച്ചവരെയും ഇതിലേക്കായി രചനകൾ നടത്തിയവരേയും അനുമോദിക്കുന്നു.

കല്ല്യാട്ട് താഴത്തുവീട്ടിൽ ഹരിശ്ചന്ദ്രൻ നമ്പ്യാർ
കാരണവർ &ട്രസ്റ്റി
(മാമാനിക്കുന്ന് മഹാദേവിക്ഷേത്രം - ഇരിക്കൂർ,
വയത്തൂർ കാലിയാർ ശിവക്ഷേത്രം-വയത്തൂർ, കല്ല്യാട്)

കോവൂർ
20-12-2025

ആശംസകൾ



നമ്മുടെ കുടുംബക്ഷേത്രങ്ങളുടെ ആത്മീയപാരമ്പര്യമാണ് പരമ്പരകളായി കുടുംബാംഗങ്ങളെ ഒറ്റക്കെട്ടായി മുന്നോട്ട് നയിച്ചുകൊണ്ടിരിക്കുന്നത് എന്ന് ഞാൻ അടിയുറച്ചു വിശ്വസിക്കുന്നു. ഓരോ കുടുംബഭവനത്തിലും എന്നന്നേക്കുമായി സൂക്ഷിച്ചുവെക്കാവുന്ന ഈ സ്മരണിക നാമോരോരുത്തരും രൂപം നൽകിയ ഓർമ്മകളും പൂർവ്വികരേക്കുറിച്ചുള്ള സ്മരണാഞ്ജലികളും കൊണ്ട് സമ്പുഷ്ടമാണെന്നതിൽ തർക്കമില്ല.

നിങ്ങൾ ഓരോരുത്തർക്കും നവവത്സരാശംസകൾ നേർന്നുകൊണ്ടും ശാന്തിയും സമാധാനവും സന്തോഷവും നൽകുവാൻ വേട്ടക്കൊരുമകനോട് പ്രാർത്ഥിച്ചുകൊണ്ടും ഈ സ്മരണികയ്ക്ക് എല്ലാ ആശംസകളും നേർന്നുകൊള്ളട്ടെ.

സ്നേഹപൂർവ്വം,
കെ.ടി പ്രഹ്ളാദ്
പ്രസിഡണ്ട്.
കല്ല്യാട്ട് താഴത്തുവീട് ക്ഷേത്രസമുച്ചയ ട്രസ്റ്റ്

തലശ്ശേരി
20-12-2025

കുടുംബസംഗമം - 2025







Presidential Address



Patron’s Address



Prayer



Annual report







Releasing Souvenir



Honouring - Sathyabhama, Valsala, Prasanna, Unnikrishnan



ആശംസകളോടെ.....




എ.സി. ജയരാജൻ

ഏഷ്യൻ ഗെയിംസ്: ഭാരത നീന്തൽ രംഗത്തിനഭിമാനമായി കണ്ണൂരുകാരൻ



കണ്ണൂർ: കണ്ണൂരിന് അഭിമാനമായി ചൈനയിൽ നടന്നുവരുന്ന ഏഷ്യൻ ഗെയിംസ് നീന്തലിൽ ഭാരതടീമിന്റെ പരിശീലകൻ എ.സി. ജയരാജൻ. കണ്ണൂർ, ചൊവ്വ രാഗദീപത്തിൽ കെ.കെ. കമ്മാരൻ നമ്പ്യാരുടെ മകനും മെക്കാനിക്കൽ എഞ്ചിനീയറുമായ ഇദ്ദേഹം ഇന്ത്യൻ നേവിയിൽ ചീഫ് പെറ്റി ഓഫീസറായിരുന്നു. 1976 മുതൽ 86 വരെ നീന്തൽ മത്സരരംഗത്ത് സജീവം. 1987 ൽ പരിശീലക ഡിപ്ലോമ കരസ്ഥമാക്കിയശേഷം 5 വർഷം നേവി ടീമിന്റെയും 1988 മുതൽ 91 വരെ സർവീസസ് വാട്ടർ പോളോ ടീമിന്റെയും പരിശീലകനായിരുന്നു.

1995 ൽ കൽകട്ടയിൽ നടന്ന ദേശീയ മത്സരത്തിലും 97 ൽ സെക്കന്ദ്രാബാദിൽ നടന്ന ദക്ഷിണ മേഖല മത്സരത്തിലും കേരളാ ടീമിന്റെയും 2004 മുതൽ കർണാടക ടീമിന്റെയും തായിലാന്റിലും (2015), ഉസ്ബകിസ്താനിലും നടന്ന ഏഷ്യൻ എയ്ജ് ഗ്രൂപ്പ്, ജാക്കർത്തയിൽ നടന്ന ഏഷ്യൻ ഗെയിംസ് (2018) അർജന്റീനയിൽ നടന്ന യൂത്ത് ഒളിമ്പിക്സ് (2018), ഹങ്കറിയിൽ നടന്ന ലോക ജൂനിയർ (2019), ബാംഗ്ളൂരിൽ നടന്ന ഏഷ്യൻ എയ്ജ് ഗ്രൂപ്പ് (2019), നേപ്പാളിൽ നടന്ന സാഫ് ഗെയിംസ് (2019), ഹങ്കറിയിൽ നടന്ന ലോക നീന്തൽ മത്സരം (2020) എന്നിവയിൽ ഭാരത ടീമിന്റെയും പരിശീലകനായിരുന്നു. ഇപ്പോൾ ഗ്ലോബൽ സ്വിം സെന്ററിന്റെയും, കർണാടക സംസ്ഥാന ടീമിന്റെയും മുഖ്യ പരിശീലകനാണ്. ഗ്രാമീൺ ബാങ്ക് റിട്ട. സീനിയർ മാനേജർ കല്യാട് താഴത്ത് വീട്ടിൽ രാധയാണ് ഭാര്യ. കെ.ടി. ജയദേവ് (ദുബായ്), കെ.ടി. ജയദീപ് (ദുബായ്) എന്നിവർ മക്കളാണ്. ജന്മഭൂമി



കല്ല്യാട്ട് താഴത്തുവീടിന്റെ ഉപാസനാപാരമ്പര്യം

എൽ. ഗിരീഷ് കുമാർ

ഉത്തരകേരളത്തിന്റെ സാമൂഹിക സാംസ്കാരിക ചരിത്രങ്ങളുടെ പ്രദീപ്ത സ്മരണകൾ ഉറങ്ങുന്ന കല്ല്യാട്ട് താഴത്തു വീട്ടിലെ ആധ്യാത്മിക സാധനാ പാരമ്പര്യത്തെക്കുറിച്ച് ഒന്ന് ചിന്തിക്കാം. മാമാനം ഉൾപ്പടെയുള്ള വിവിധ ക്ഷേത്രങ്ങളെ കാലാകാലമായി സംരക്ഷിക്കുന്നതും പരദേവതയായുള്ള വേട്ടയ്ക്കരനും ഒരു കാലത്ത് ഈ തറവാടിനുണ്ടായിരുന്ന രാജാധികാരത്തിന്റെയും പ്രതാപത്തിന്റെയും സൂചനകളാണ്. പൊതുവെ ഇങ്ങനെയുള്ള കുടുംബങ്ങളിലും രാജവംശങ്ങളിലുമാണ് ഈ ദേവതകൾ ആരാധിക്കപ്പെടുന്നത്. വളരെ വിശേഷവിധാനത്തിലുള്ള പൂജകൾ നടക്കുന്ന മാമാനത്തമ്പലം, വിശേഷപ്പെട്ട വിഗ്രഹത്തോടുകൂടിയ വയത്തൂർ കാലിയാർ ശിവക്ഷേത്രം ഇവയൊക്കെ ദേവതാ ആരാധനയോടുള്ള തറവാടിന്റെ അർപ്പണ മനോഭാവവും താത്പര്യവും കാണിക്കുന്നവയാണ്.

തറവാടിന്റെ ഐശ്വര്യത്തിനു കാരണഭൂതയായും തറവാട്ടമ്പലങ്ങളുടെ മുഴുവൻ ശക്തിസ്രോതസ്സായും ഇപ്പോഴും തറവാട്ടിൽ കുടികൊള്ളുന്ന ശ്രീമഹാത്രിപുരസുന്ദരിയുടെ ആരാധനാപാരമ്പര്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഈ പാരമ്പര്യം പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഹാത്മാവായ അപ്പയ്യദീക്ഷിതരുടെ പരമ്പരയാണെന്ന് മനസ്സിലാക്കാം. പാലക്കാട് കൽപാത്തി ശ്രീരാമചന്ദ്ര യോഗീശ്വര ഗുരുസ്വാമികളിലൂടെയാണ് ഈ പാരമ്പര്യം താഴത്തു വീട് തറവാട്ടിലേക്ക് എത്തുന്നത് എന്ന് അനുമാനിക്കുന്നു. അദ്ദേഹം ശൃംഗേരി മഠവുമായി വളരെ അടുത്ത ബന്ധമുള്ള ആളായിരുന്നു. ശൃംഗേരി മഠാധിപതിയുടെ നിർദ്ദേശപ്രകാരം അറിവിന്റെ പ്രചാരണത്തിനായാണ് അദ്ദേഹത്തിന്റെ അച്ഛൻ സുബ്രഹ്മണ്യയോഗീശ്വരർ പൊള്ളാച്ചിയിൽ നിന്ന് കൽപാത്തിയിൽ വന്ന് താമസിക്കുന്നത്. അതിനായി ഒരുപാട് സ്ഥലങ്ങളും കരം പിരിക്കുന്നതിനുള്ള അധികാരവും കൽപാത്തിയിൽ പ്രണവഗുഹാലയമെന്ന പേരിൽ ഒരു വീടും നൽകിയാണ് അദ്ദേഹത്തെ അയച്ചത്. ഈ പരമ്പരയിലുള്ളവർക്ക് ഇന്നും കൽപാത്തിയിൽ പ്രണവഗുഹാലയത്തിൽ ചെന്ന് തൊഴാനുള്ള സൗകര്യം ലഭ്യമാണ്. കൽപ്പാത്തിയിൽ നിന്നും തലക്കാവേരി വഴി അദ്ദേഹം ഇങ്ങോട്ട് വന്നു എന്ന് കണക്കാക്കപ്പെടുന്നു. ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ളതും കണ്ണി മുറിയാതെ ഉള്ളത് എന്ന് പൊതുവെ കരുതപ്പെടുന്നതും പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ശ്രീ ഭാസ്കരായ മഖിയുടെ പരമ്പരയാണ്. എന്നാൽ ഇപ്പോൾ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ പരമ്പര അതിനും മുൻപേ തന്നെ നിലനിന്നിരുന്നതായി മനസിലാക്കാം. ഒരുപക്ഷേ ഇന്ന് ഭാരതത്തിൽ നിലനിൽക്കുന്ന ശ്രീവിദ്യാ പാരമ്പര്യത്തിൽ ഏറ്റവും പുരാതനവും ഇന്നും സജീവമായതും മുറിയാതെ തുടരുന്നതുമായ പരമ്പര നമ്മുടെ ഈ പരമ്പര മാത്രമാകാം.

തറവാട്ടിലെ മുൻതലമുറയിലുള്ള കുടുംബാംഗങ്ങൾക്ക് ഉപദേശം കൊടുത്തിരുന്ന ഗുരുസ്വാമികളുടെ ഗുരുപരമ്പര പിൻതുടർന്ന് അപ്പയ്യദീക്ഷിതരുടെ സഹോദരന്റെ പൗത്രനായ നീലകണ്ഠദീക്ഷിതർ (പതിനേഴാം നൂറ്റാണ്ട്) വരെ എത്താൻ നമുക്ക് സാധിക്കുന്നുണ്ട്. ഗുരുസ്വാമികളുടെ സമാധി ഏകദേശം 1920 നും 1930 നും ഇടയിലായി കണക്കാക്കപ്പെടുന്നു. ഗുരുസ്വാമികൾ അപ്പയ്യദീക്ഷിതരുടെ പതിനാലാം തലമുറയിലെ ശിഷ്യനും ഇന്ന് തറവാട്ടിലുള്ള സാധകർ പതിനെട്ടാം തലമുറ ശിഷ്യരുമാണ്. സഹസ്രാവധാനി രത്നഖേട ശ്രീനിവാസദീക്ഷിതർ,

അപ്പയ്യദീക്ഷിതർ, ഗീർവാണേന്ദ്രയതി, നീലകണ്ഠദീക്ഷിതർ, അർദ്ധനാരീശ്വരദീക്ഷിതർ, അതിരാത്രയജ്വാ, രാജചൂഡാമണി ദീക്ഷിതർ, രാമചന്ദ്ര ദീക്ഷിതർ ഇവരൊക്കെ നമ്മൾ ഉൾപ്പെടുന്ന പരമ്പരയിലെ മഹാപണ്ഡിതരും പ്രശസ്തരും ആയ മഹത്തുക്കളാണ്. ഇത്രയും പ്രാചീനവും പ്രഗൽഭരുമായ നിരവധി മഹാത്മാക്കളിലൂടെ ഒഴുകിയതുമായ പരമ്പരയുടെ ഭാഗമാകാൻ നമുക്ക് കഴിയുന്നു എന്നത് ദേവിയുടെ അനുഗ്രഹം പൂർണ്ണമായി നമുക്ക് ഉണ്ടെന്നുള്ളതിന്റെ ദൃഷ്ടാന്തം തന്നെയാണ്.

ഇതിന് വഴിതെളിച്ചത് ഇവിടുത്തെ പൂർവ്വികരുടെ ഇതിനോടുള്ള ആഭിമുഖ്യമാണെന്നത് നിസ്സംശയം മനസിലാക്കാവുന്നതാണ്. ഗുരുസ്വാമികളുടെ മകനും ഇവിടുത്തെ തൊട്ടുമുൻ തലമുറയിലെ അംഗങ്ങളുടെ ഗുരുവുമായ രഘുപതി സ്വാമികളുടെ ഡയറികുറിപ്പുകൾ പരിശോധിച്ചതിൽ നിന്ന് വടക്കൻ കേരളത്തിലെ ഈ പരമ്പരയുമായി ബന്ധപ്പെട്ട മറ്റു തറവാടുകളെക്കാൾ അദ്ദേഹം സമയം ചിലവഴിച്ചിരുന്നത് കല്യാട് തറവാട്ടിലാണെന്നത് നമുക്ക് മനസിലാക്കാം. അദ്ദേഹം ഈ തറവാടിനേയും അംഗങ്ങളേയും സ്വന്തം ബന്ധുക്കളായി കണക്കാക്കിയിരുന്നു. അദ്ദേഹം ഇവിടെ താമസിച്ചു പൂജാപദ്ധതി എഴുതുകയും അത് ചെയ്യുകയും ചെയ്തു എന്നെഴുതിയിരിക്കുന്ന തിയ്യതികളിൽ എഴുതി തീർത്ത ഒരു കൈയെഴുത്തു പ്രതി തറവാട്ടിൽ നിന്ന് ലഭ്യമായിട്ടുണ്ട്. അദ്ദേഹത്തെ അതിന് പ്രേരിപ്പിച്ചത് പൂർവ്വികരുടെ ഈ വിഷയത്തോടുള്ള ആഭിമുഖ്യമല്ലാതെ മറ്റൊന്നാകാൻ തരമില്ല. തറവാട്ടിലെ അംഗങ്ങളുടെ കയ്യിൽ ശേഷിച്ചിരുന്ന കയ്യെഴുത്തു പ്രതികൾ പരിശോധിച്ചതിൽ നിന്ന് ഇവിടുത്തെ സ്ത്രീജനങ്ങളും ഇതിൽ തത്പരരും അറിവുള്ളവരും ഉപാസകരും ആയിരുന്നു എന്നും എഴുപതുവർഷം മുമ്പ് വരെ ഇവിടെ ഗംഭീരന്മാരായ സാധകന്മാർ ഉണ്ടായിരുന്നു എന്നും മനസ്സിലാകുന്നു.

താഴത്തുവീട്ടിൽ ഉണ്ടായിരുന്ന ശ്രീചക്രം ലോപിച്ചു പോയ ഒരു വിശേഷ സമ്പ്രദായത്തിലുള്ളതാണെന്നും ഒരു കാലത്ത് ഒരു പക്ഷേ അങ്ങിനെയുള്ള വിശേഷ പൂജകൾ ഇവിടെ നടന്നതിന്റെ ശേഷിപ്പുകൾ ആണെന്നും കണക്കാക്കാവുന്നതാണ്. മുഴുവൻ തറവാടിനേയും കണക്കാക്കുമ്പോൾ ഒന്നിൽ കൂടുതൽ ശ്രീചക്രങ്ങൾ ഒരേ കാലത്ത് വ്യക്തിഗതമായി ഉപാസിച്ചിരുന്ന ഒന്നിൽ കൂടുതൽ തീവ്രസാധകരുണ്ടായിരുന്നു എന്നും കാണിച്ചുതരുന്നു. അതുപോലെ രഘുപതി സ്വാമികളുടെ ശിഷ്യനെന്നനുമാനിക്കപ്പെടുന്ന കുഞ്ഞിരാമൻ എന്ന പൂർവ്വികന്റേതായ പുസ്തകത്തിൽ നിന്ന് വാരാഹീദേവിയുടെ പൂജയും വെറെ ഒരു കയ്യെഴുത്തു പ്രതിയിൽ നിന്നും മാതംഗീദേവിയുടെ പൂജയും വേറൊന്നിൽ നിന്ന് നിത്യപൂജക്കെന്നോണം തയ്യാറാക്കിയ ഒരു ലഘു ശ്രീചക്രപൂജയും ഈ തറവാട്ടിൽനിന്നാണ് നമുക്ക് ലഭിക്കുന്നത്. മറ്റൊരു തറവാട്ടിലും ഈ പൂജകൾ ചെയ്തിരുന്നതായി അറിവില്ല. വിഷവൈദ്യം, മന്ത്രവാദം തുടങ്ങിയവയിലും പ്രഗൽഭരായ ആളുകൾ കല്യാട്ട് തറവാട്ടിൽ ഉണ്ടായിരുന്നതായി വാമൊഴികളിലൂടെ നമുക്ക് മനസ്സിലാകുന്നു. വാമൊഴിയായുള്ള വിവരങ്ങളെ അപഗ്രഥിക്കുമ്പോൾ ഈ തറവാട് ജാതിചിന്തകൾക്കതീതമായി അറിവിനേയും ആരാധനകളെയും എന്നും സഹായിച്ച് സംരക്ഷിച്ച് ബഹുമാനിച്ചിരുന്നു എന്ന് മനസിലാക്കാം.

മഹാത്മാക്കളായ പൂർവ്വികർ അവരാലാകും വിധം അറിഞ്ഞ് അനുഷ്ഠിച്ച് ദേവീപാദത്തിൽ വിലയം പ്രാപിച്ചവരാണ്. അവരുടെയൊക്കെ പാരമ്പര്യവും അനുഗ്രഹവും ഉള്ളതുകൊണ്ടാകാം ഈ കാലഘട്ടത്തിലും ഈ വിഷയങ്ങളോട് തൽപരരായ കൂടുതൽ ആൾക്കാർ ഇവിടെ ഉണ്ടാകുന്നത്. ഗുരുസ്വാമികളുടെ പ്രശിഷ്യന്റെ ശിഷ്യനായ അപ്പുവേട്ടനിലൂടെയും (അഴകത്ത് ശാസ്ത്യ ശർമ്മൻ നമ്പൂതിരി) മറ്റൊരു പ്രശിഷ്യന്റെ ശിഷ്യനായ രാജേട്ടനിലൂടെയും (പറമ്പാട്ട് രാജൻ) ഈ പാരമ്പര്യ പ്രവാഹം ഇന്നും ഇവിടെ ഒഴുകുന്നു. ഒരുപക്ഷേ പൂർവികർ തുടങ്ങിവച്ച ഉദ്യമത്തിന്റെ ഭാഗമായി തന്നെ ആയിരിക്കാം മഹായാഗവും ഇവിടെ നടക്കാൻ ഇടവന്നത്. വരുംതലമുറകളിലും ഈ വിഷയത്തോട് താല്പര്യമുള്ളവർ ഉണ്ടാകട്ടെ എന്നും അവരിലൂടെ മഹത്തായ ഈ പാരമ്പര്യം തുടർന്നു പോകാൻ ഇടയാകട്ടെ എന്നും ജഗദംബയോട് പ്രാർത്ഥിച്ചുകൊണ്ടും ഈ മഹാപാരമ്പര്യത്തിലുള്ളവർക്ക് ഈ വിഷയങ്ങൾ കൃത്യമായി പഠിക്കാനും അനുഷ്ഠിക്കാനും നിലനിർത്തുവാനുമുള്ള ഉത്തരവാദിത്തത്തെ ഓർമ്മിപ്പിച്ചുകൊണ്ടും ഉപസംഹരിക്കട്ടെ.

■



Kalliad Thazhatheveedu Kshethra Samuchaya Trust
Annual Report 2025

It is my privilege to present the Annual Report of 2025 to you. We began the year with our usual AGM and Family Meet on 5 January in our traditional manner.

The event commenced early at 8:30 am with the recitation of the Devi Sahasranamam by family members inside Thazhatheveedu. The traditional Kottam Pooja conducted by our Tantri (the Tantri's son presided in place of his father this time). All members including our Karnavar, Shri Harishchandran Nambiar participated. This was followed by prayers at the naagam. We had the usual photograph session after a hearty breakfast of idli vada sambar! The inaugural lamp lighting and homage to our ancestors followed. The Tantri addressed family members applauding the good traditions followed by the family and blessed the gathering. KT Anoop then paid tribute to all our family members who passed away during the year. Shri KT Sreeraj, welcomed the family members to the Annual AGM.

The presidential address was delivered by Shri KT Prahlad who gave a comprehensive account of all activities carried out during the year. He complimented several of our family members; Maj Gen KT Gopalakrishnan, KT Ramesh, AC Jayarajan, Col AK Prashant and KT Ravi for their outstanding achievements during the year. Shri KT Harishchandran Nambiar, our Karnavar and Patron of the Trust blessed the gathering in his inaugural address. Honouring of members of the family and presentation of citations and mementos were conducted subsequently. The online edition of our Kalliat Souvenir compiled and edited by Shri PK Girish Mohan was released by our Trust President. Our young achievers were then presented with mementos and cash awards to recognise their talent and encourage them. After a sumptuous lunch we reassembled to witness the amazingly entertaining variety entertainment put up by our youngsters and hosted by our lovely MCs, KT Krishnapriya and Radhika. The Thengamuttal ceremony sponsored by KT Jayadev was held in the evening with 500 coconuts which marked the end of the AGM & Family Gathering. That evening we had a ChuttuVilakku sponsored by Shri Premanand Ramachandran as well. The Sarpabali pooja was held on 7 January.

The following were honoured at the function:

Shri AK Unnikrishnan: For his devotion and immense contribution to our Mamanikunnu Temple.

Smt KN Sathyabama: For her deep concern and regards for the Kalliat Taravad.

Smt KT Prasanna: For her social contribution in running a pre-primary school in Chitrari, giving a wholesome start to the educational journey of hundreds of children in the neighbourhood.

Smt KT Vatsala: For her devotion to the Family and its traditions.

The following members who could not attend the function due to health reasons were honoured at their homes later.

Shri KT Vijay Kumar: For his devotion to the Family and its traditions,

Shri KN Krishnan Nambiar: For his devotion to the Kalliat family and its traditions.

This year we could celebrate all the Vaavu Poojas and the Navarathri Poojas as scheduled. Prathishta Dinam was also celebrated in the traditional manner; the event was well attended. The Karkidakam month began with a Ganapathi homam and Vaavu pooja. Ganapathi Homams were held on 12 days of the month and were well subscribed to. Several members also prayed at the Ganapathi Temple at Kalliad and subscribed to the Ganapathi homam at the Temple.

The Vayathur Kalliar Temple Ootu Ulsavam was celebrated in a grand manner from 13 to 28 January. This traditional Ulsavam conducted with much enthusiasm jointly with our Kodava brothers was indeed spectacular. The Vetakkorumakan Kottam at Vayathur has been renovated beautifully. Chembottipara traffic island before the Vayathur Temple was also inaugurated during this period. The contribution of our Kodava devotees to all the renovations in the temple has been substantial. We are also proud to announce that our Karnavar Shri KT Harishchandran Nambiar has been elected Chairman of the Board of Trustees of the Temple. We pray that the present dispensation brings peace, prosperity and even greater divinity to this historic Temple.

The functioning of the MamanikunnuTemple has also improved significantly with the interest taken by our Karnavar. The footfalls, and consequently, earnings of the temple have gone up. All traditional functions including the Navarathri celebrations were held with devotees including our family members attending in large numbers. We are now in the process of finalising the master plan prepared by Shri KT Ravi (architect) for a complete renovation of the Temple complex. Several meetings with Shri KT Ravi have been held and we have now reached the stage of seeking approvals from various agencies for implementing the work.

Considerable work has been done on the Kannankode Temple at the initiative of our Karnavar. The inner courtyard of the temple has been paved with granite slabs and the concrete roof has been tiled, giving the Temple a majestic look. Some smaller tasks will be completed before the annual ulsavam of the temple in March.

We had embarked on a project to pave the Nadapandal of our Sree Vettakkorumakan Kottam for which we had appealed to our family members for donations early October. The response to this appeal was, to say the least, overwhelming! We had targeted Rs 2 lakhs for the work but the donations received were almost double this amount. We are indeed humbled by the bonding and spirit shown by our family members. The work has since been completed as you will see during the AGM and family meeting in January 26.

Thus, now all our Kalliat Family Temples are in Divine splendour!

Some outstanding achievements during the year:

Maj Gen KT Gopala Krishnan, SM, VSM, on very successful completion of his tenure as the General Officer Commanding of an Infantry Division, is now posted to HQ Integrated Defence Staff, New Delhi in a prestigious appointment

KT Vaishnavi Nambiar, (D/o KT Sandhya & late K Jayadevan) graduated from the prestigious Duke University (USA) with masters in Engineering Management.

Shri KT Ravi is assigned as member of the High Level Advisory Board for the development of the Konkan Coast of 60,000 sq km area, with City & Industrial Development Corporation (CIDCO) of Maharashtra

Smt Krishna Gopinath, and two of her own students were awarded National and State Govt awards by Dr Bindu, Minister for Higher Education and Social Justice, for her phenomenal work in the empowerment of differently-abled persons.

An interesting event this year was a cricket match in April organised by the young sportsmen of the family led by PK Soman and AK Prashant. Two teams KC Royals (captained by AK Vinod) and KC Champs (led by KT Anoop) played a keenly contested 10 over match with much enthusiasm; cheered even more enthusiastically by their supporters, wives mainly! KC, incidentally, stands for Kalliat Chullans!

Our family members who left for their heavenly abode during the year are:-

Shri KT Sudhakaran, 80, Koodali, 14 February.

Smt Chandroth Rajalakshmi, 65, wife of KT Prabhakaran Nambiar, Chala, 1 March.

Shri M Vasudevan Nambiar, 90, husband of KT (Koodali) Radha, Koodali , 5 May.

Hony Capt Raghavan Nambiar, 88, Son of late Kunhi Krishnan Nambiar, Mowanchweri, 10 May.

Smt KT Maya Devi, 64, daughter of KT Janaki Amma, Koothuparamba, 10 June.

Shri PO Valsaraj, 74, husband of KT Meena Valsaraj, Kalliat, 31 july.

Dr K Bhaskaran Nambiar, 92, father of KT (Kunnoth) Anitha (wife of Dr Kochu Krishnan, Payyanur, 11 August.

Smt KT Seethlakshmi, 90, Kodolipram, 11 August.

Smt KT Asha Devi, 72, Padannakkad, 31 August.

Smt K Malathi Amma, 86, wife of KT (Koodali) Ramakrishnan Nambiar, Koodali, 12 November.

Smt KT Bhanumathi Amma, 92, Chettamkunnu, 27 November.

We pay our respects to them and offer condolences to the bereaved families.

The Chief Guest at our next AGM on 2 January 2026 is Dr Peeyush Nambudiri, former DMO Kannur. The list of persons selected by our Trust to be honoured this year is given below:

(a) Shri PK Venugopalan. For his devotion to the Kalliat family and its traditions

(b) Shri KT Venugopalan. For his devotion to the family and its traditions.

(c) Smt AK Remabai. For her deep concern and regards for the Kalliat Taravad.

(d) Shri PA Ponnappa. For his immense contribution to the Vayathur Kaliar Temple and unwavering support to the Kalliat family.

This year too we had our accounts audited by a Chartered Accountant with no observations. Our fixed deposits as on 31 March 2025 stand at Rs 15, 23, 590/-. The audit report has been circulated in our Whatsapp group.

In conclusion, we thank all those who donated so generously to the Trust on several occasions this year. We are confident that with the good will and large heartedness of all our members and the blessings of our family deity Sri Vettakorumakan, we will be able to realise all our dreams.

Our Kalliat Smarnika this year is in the hard copy format. I hope you like this third hard copy edition.

Signing off,

K T Vinod Nayanar

Secretary

30 December 2025



മധുരം പകരും ഓർമ്മകൾ

കെ.ടി. ഹരിശ്ചന്ദ്രൻ നമ്പ്യാർ

ദ്രുതഗതിയിലുള്ള കാലപ്രവാഹത്തിന്റെ ഒരറ്റത്തുനിന്നും സ്വന്തം വിദ്യാഭ്യാസ ദിനങ്ങളിലേക്ക് സ്വയമൊന്ന് തിരിഞ്ഞു നോക്കുമ്പോൾ എത്രയെത്ര മധുരസ്മരണകളാണ് ഇളംകാറ്റായി തഴുകിയെത്തുന്നത്. ചെറുതും വലുതുമായ പല വിദ്യാലയങ്ങൾ – കലാലയങ്ങൾ, തനി നാട്ടിൻപുറത്തുള്ളവയും നഗരങ്ങളിൽ സ്ഥിതിചെയ്തിരുന്നവയും, അക്ഷരങ്ങളുടെ ആദ്യപാഠമോതിത്തന്നവർ മുതൽ പാണ്ഡിത്യത്തിന്റെ തുളുമ്പാത്ത നിറകുടങ്ങളായി വർത്തിച്ചിരുന്ന ഗുരുശ്രേഷ്ഠർ വരെയുള്ളവർ, സ്നേഹവും സൗഭ്രാത്രവും പകർന്നുനൽകിയ സഹപാഠികൾ. 'ആരല്ലെൻ ഗുരുനാഥ'രെന്ന കവിവാക്യത്തിന്റെ ശാശ്വതസത്യത്തിനുമപ്പുറം യഥാർത്ഥത്തിൽ ഉൾക്കണ്ണുതുറപ്പിച്ച മഹാഗുരുക്കൻമാരായിരുന്നവരുടെ അമൃതസ്മരണകൾ നമ്മെയൊക്കെ വീണ്ടും ക്ലാസ്സ്മുറികളിലെ നിഷ്കളങ്കരായ കുട്ടികളാക്കുന്നു. ഇതൊക്കെ ചേർന്നാണല്ലോ നമ്മളോരോരുത്തരെയും നമ്മളാക്കി മാറ്റിയത്.

1935 ൽ കല്ല്യാട്ട് ജനിച്ച എന്റെ പ്രാഥമിക വിദ്യാഭ്യാസം കല്ല്യാട് സ്ക്കൂളിൽ തന്നെയായിരുന്നു. അന്ന് അതൊരു എൽ.പി സ്ക്കൂളായിരുന്നു. എന്റെ അച്ഛന്റെ നാടായ ചാലയിലെ ബോർഡ് സ്ക്കൂളിലായി തുടർന്നുള്ള എന്റെ പഠനം. 1948 മുതൽ 1953 വരെയുള്ള കാലം കൂടാളി ഹൈസ്ക്കൂളിലായിരുന്നു. 1953 മാർച്ചിൽ കൂടാളി ഹൈസ്ക്കൂളിൽ നിന്നും പത്താംതരം പാസ്സായി.

1953 തൊട്ട് 1955 വരെ മംഗലാപുരം സെന്റ് അലോഷ്യസ് കോളേജിൽ ഇന്റർമീഡിയറ്റ് പഠനത്തിനെത്തിച്ചേർന്നു. 1956 മുതൽ 58 വരെ തലശ്ശേരിയിലെ പ്രസിദ്ധമായ ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ ചരിത്രവും ധനതത്വശാസ്ത്രവും ഐച്ഛിക വിഷയങ്ങളായെടുത്തു ബിരുദപഠനമാരംഭിച്ചു. തുടർന്ന് ജോലിക്കുള്ള ശ്രമമാരംഭിച്ചു. അക്കാലത്ത് വിദ്യാലയങ്ങളിൽ അധ്യാപകപരിശീലനം പൂർത്തിയാക്കത്തവരെ അൺട്രെയിൻഡ് അധ്യാപകരായി നിയമിക്കുന്ന പതിവുണ്ടായിരുന്നു. അങ്ങിനെ 1961 മുതൽ 1963 വരെ പാതിരിയാട്ടുള്ള കോട്ടയം രാജാസ് ഹൈസ്ക്കൂളിൽ അൺട്രെയിൻഡ് അധ്യാപകനായി ജോലിചെയ്തു. എന്തായാലും ബി.എഡ് ബിരുദം നേടണമെന്ന ലക്ഷ്യത്തോടെ, ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ എറണാകുളം ജില്ലയിലെ മൂത്തകുന്നത്തുള്ള ശ്രീനാരായണമംഗലം ട്രെയിനിങ് കോളേജിൽ അധ്യാപകവിദ്യാർത്ഥിയായി പ്രവേശനം നേടി. കേരളമെങ്ങും അറി

യപ്പെട്ടിരുന്ന സുകുമാർ അഴീക്കോടായിരുന്നു അന്ന് ആ ട്രെയിനിങ് കോളേജിന്റെ പ്രിൻസിപ്പാൾ. എന്റെ അധ്യാപകരിൽ എന്നെ ഏറ്റവും കൂടുതൽ സ്വാധിനിച്ചതാര് എന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളൂ, അന്നും ഇന്നും. ഉജ്വല പ്രഭാഷകനും വാഗ്മിയും എഴുത്തുകാരനും ആയ സുകുമാർ അഴീക്കോട്. പ്രഭാഷണ വേദികളിൽ തന്റെ സാഗരഗർജ്ജനം കൊണ്ട് ആളുകളിൽ വികാരവിക്ഷോഭങ്ങൾ സൃഷ്ടിച്ച അഴീക്കോട് മാഷ് ക്ലാസ്മുറികളിൽ പതിഞ്ഞ സ്വരത്തിൽ വിദ്യാർത്ഥിഹൃദയങ്ങളിൽ ഓളങ്ങളുണ്ടാക്കി. കൂടാളിഹൈസ്ക്കൂളിലെ എന്റെ അധ്യാപനജീവിതത്തിലുടനീളവും തുടർന്ന് 1990ൽ പ്രധാനാധ്യാപകനായി വിരമിക്കുന്നത് വരെയും എനിക്ക് മാതൃകയായത് അദ്ദേഹത്തിന്റെ പ്രവർത്തനശൈലിയും രീതികളുമായിരുന്നുവെന്ന് പറയാം.

കല്ല്യാട് സ്ക്കൂളിലെ എന്റെ ഗുരുനാഥരെ ആദരവോടെ ഞാനിപ്പോഴുമോർക്കുന്നു. ആദ്യകാലത്ത് രണ്ടധ്യാപകരാണ് സ്ക്കൂളിലെ എല്ലാകാര്യങ്ങളുടെയും നടത്തിപ്പുകാരായി ഉണ്ടായത്. കൃഷ്ണൻ മാഷും കരുണാകരക്കുറുപ്പ് മാഷും. കൃഷ്ണൻമാഷ് പയ്യന്നൂർക്കാരനായിരുന്നു. അന്നത്തെ തറവാട് കാരണവർ കിട്ടമ്മോമന്റെ ഭാര്യവീടിനടുത്തുള്ള മാഷ്, കിട്ടമ്മോമന്റെ മുൻകൈയ്യിലാണ് കല്ല്യാട്ടെത്തുന്നത്. അദ്ദേഹമായിരുന്നു അന്ന് ഹെഡ്മാഷ്. ഏറെ യാത്രചെയ്ത് വിദ്യാലയത്തിലെത്തിയിരുന്ന കൃഷ്ണൻമാഷിനെക്കാളും വിദ്യാലയകാര്യങ്ങളിൽ സജീവമായിരുന്ന സി.എച്ച് കരുണാകരകുറുപ്പ് വലിയൊരു അധ്യാപകശ്രേഷ്ഠനായിരുന്നു. കമ്മാരത്ത് താമസിച്ചായിരുന്നു അദ്ദേഹം സ്ക്കൂളിലെത്തിയിരുന്നത്. തെക്കിനയുടെ മുകളിലുണ്ടായിരുന്ന ആ മുറി പിന്നീടും 'കരുണാകരൻമാഷുടെ മുറി' എന്നറിയപ്പെട്ടു. നാട്ടുവൈദ്യനും വിഷചികിൽസകനുമൊക്കെയായിരുന്ന മാഷ് നാട്ടുകാർക്ക് വലിയൊരു സഹായിയായിരുന്നു. തറവാട്ട് കാരണവൻമാരുൾപ്പടെ മാഷുടെ അഭിപ്രായങ്ങൾക്ക് വലിയ വില കൽപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ നടത്തവും നോട്ടവും തൊണ്ടയനക്കുന്ന ശബ്ദവും കുട്ടികളിൽ മാത്രമല്ല മുതിർന്നവരിലും ആദരവ് സൃഷ്ടിച്ചിരുന്നു. അന്നത്തെക്കാലത്ത് കരുണാകരൻമാഷ് സർവ്വാദരണീയനായ അധ്യാപകനായിരുന്നുവെന്ന് തന്നെ പറയാം.

വീടുകളിൽ അക്കാലത്ത് വൈകുന്നേരങ്ങളിൽ ചായ ഉണ്ടാക്കുന്ന പരിപാടി തീരെയില്ല. വൈകുന്നേരങ്ങളിൽ കൃഷിക്കാരായ നാട്ടുകാരെല്ലാവരും ജോലികളൊക്കെ കഴിഞ്ഞ് ചായകുടിക്കാൻ പീടികയിലെത്തുന്ന കാലം. തങ്ങളുടെ പശുക്കളെയൊക്കെ കറന്ന് പാല് കടയിൽകൊടുക്കുകയായിരുന്നു എല്ലാവരും ചെയ്തിരുന്നത്. മുണ്ടയാടൻ കൃഷ്ണൻനമ്പ്യാരുടെ കടയിൽ വൈകുന്നേരങ്ങളിൽ കരുണാകരൻമാഷ് ചായകുടിക്കാനെത്തും. അവിടെകൂടിയ എല്ലാവരും കരുണാകരൻമാഷോടുള്ള ബഹുമാനംകൊണ്ട് എഴുന്നേറ്റു നിൽക്കും. മാഷ് ചായകുടിച്ചു അവിടെനിന്നും മടങ്ങുന്നതുവരെ അവരങ്ങിനെ നിൽക്കും. അതായിരുന്നു അദ്ദേഹത്തോടുള്ള ആത്മാർത്ഥമായ ബഹുമാനം. ഇതെല്ലാവർക്കും വിഷമമാകുന്നുവെന്ന് മനസ്സിലാക്കിയ കൃഷ്ണൻ നമ്പ്യാർ പിന്നീട് കരുണാകരൻമാഷക്കുള്ള ചായ സ്ക്കൂളിലെത്തിക്കാൻ തുടങ്ങി. നാട്ടുകാരനായിരുന്ന എ.എം കുഞ്ഞിക്കണ്ണൻ മാഷും ഒപ്പം മികച്ച അധ്യാപകനായിരുന്ന കാഞ്ഞിരോടൻ മാഷെന്നറിയപ്പെട്ടിരുന്ന കെ കുഞ്ഞിക്കണ്ണൻ മാഷും വിദ്യാലയത്തിൽ അന്ന് നിറഞ്ഞുനിന്നവരായിരുന്നു.

അഞ്ചാം ക്ലാസ്സിനുശേഷം തുടർപഠനത്തിന് കല്ല്യാട് സൗകര്യമില്ലായിരുന്നു. ചാലയിൽ അതിനുള്ള സൗകര്യമുണ്ടായിരുന്നുവെങ്കിലും അച്ഛൻ പടുവിലായിലും കോടതികളിലും സ്ഥിരം സഞ്ചരിക്കേണ്ടിവരുന്ന ആളായതിനാൽ ചാലയിലെന്നെ നോക്കുവാൻ ആരുമില്ലാത്ത അവസ്ഥ. വീടിനു ചുറ്റും രണ്ടു വലിയ കുളങ്ങളുള്ളതിനാൽ നീന്തലറിയാത്ത എന്നെ ഒറ്റക്കുവിടാനുള്ള മടികാരണം ഒരു വർഷംകൂടി കല്ല്യാട് സ്ക്കൂളിൽ അഞ്ചാം ക്ലാസ്സിലിരുന്നു പഠിക്കേണ്ടിവന്നു. തുടർന്ന് തൊട്ടടുത്ത വർഷമാണ് ഞാൻ ചാലയിലെ ബോർഡ് സ്ക്കൂളിൽ ചേർന്നത്, അതും വീണ്ടും അഞ്ചാം ക്ലാസ്സിൽ. 1948 ൽ ചാലയിൽ നിന്നും

കൂടാളി ഹൈസ്ക്കൂളിലെ അന്നത്തെ സെക്കന്റ് ഫോം - ഏഴാം ക്ലാസ്സിലേക്ക് വന്നു ചേർന്നു. 1953 വരെയുള്ള അഞ്ചു വർഷം അവിടെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1953 മാർച്ചിൽ പത്താംതരം പരീക്ഷയെഴുതി വിജയിച്ചു. കൂടാളി രാമകൃഷ്ണേട്ടനും എന്റെ ജ്യേഷ്ഠൻ കുഞ്ഞിക്കണ്ണേട്ടനും ബ്രണ്ണൻ കോളേജിൽ അക്കാലത്ത് ഒരുമിച്ചു പഠിക്കുന്നുണ്ടായിരുന്നു. തലശ്ശേരിയിൽ എല്ലാവർക്കും പഠിക്കാനായി കുഞ്ഞിക്കമ്മാരൻ നമ്പ്യാർ വാടകക്കെടുത്ത 'കമ്മാരത്ത്' എന്നു തന്നെ അറിയപ്പെട്ടിരുന്ന വീട്ടിലായിരുന്നു അവർ താമസിച്ചു പഠിച്ചിരുന്നത്. പിന്നീട് രാമകൃഷ്ണേട്ടൻ തന്റെ ബിരുദപഠനത്തിനായി മംഗലാപുരത്തേക്ക് പോയി. പഠിക്കുന്നെങ്കിൽ മംഗലാപുരത്ത് പഠിക്കണമെന്ന അഭിപ്രായം രാമകൃഷ്ണേട്ടനിൽ നിന്നും ഉയർന്നുവന്നു. അങ്ങിനെയാണ് ഞാൻ മംഗലാപുരം സെന്റ് അലോഷ്യസ് കോളേജിലെത്തിച്ചേർന്നത്.

അഴീക്കോട് മാഷെ ഞാനാദ്യമായി കണ്ടത് മംഗലാപുരത്ത് സെന്റ് അലോഷ്യസ് കോളേജിലെ മലയാളം ക്ലാസ്സ് മുറിയിലാണ്. അതിനുമുന്നേ അന്നത്തെ പ്രശസ്തമായ ദേശമിത്രം വാരികയിൽ അഴീക്കോടിന്റെ എഴുത്തുകളും ലേഖനങ്ങളും സ്ഥിരമായി വായിച്ചിരുന്നു. അന്നത്തെ ഇന്റർമീഡിയറ്റ് മലയാളം ക്ലാസ്സിൽ നിന്നുതന്നെ അദ്ദേഹത്തോടുള്ള ആദരവും ആരാധനയും എന്നിലാരംഭിച്ചിരുന്നു എന്നുവേണം പറയാൻ.

ബ്രണ്ണൻ കോളേജിൽ ചരിത്രവും ധനതത്വശാസ്ത്രവമെടുത്താണ് എന്റെ ബിരുദപഠനം പൂർത്തിയാക്കിയതെന്ന് ഞാൻ മുകളിൽ സൂചിപ്പിച്ചല്ലോ. അവിടെയുണ്ടായിരുന്ന കരിമ്പുഴ രാമകൃഷ്ണൻ മാഷ് എന്നിൽ ഏറെ സ്വാധീനം ചെലുത്തിയ മറ്റൊരു മഹാനായ അധ്യാപകനായിരുന്നു. ഇന്നു വിദ്യാലയങ്ങളിലും കലാലയങ്ങളിലും നടക്കുന്ന വിപുലമായ കലോൽസവങ്ങൾ ഏറെ ശ്രദ്ധേയമായതും ജനശ്രദ്ധയാകർഷിക്കുന്നതുമായ പരിപാടികളാണ്. എന്നാൽ ഇങ്ങനെയുള്ള പരിപാടികളെക്കുറിച്ച് ആളുകൾ ആലോചിക്കുന്നതിന് എത്രയോ മുന്നെ ബ്രണ്ണൻ കോളേജിൽ കരിമ്പുഴ മാഷ് ഇത്തരം കാര്യങ്ങൾ വളരെ ചിട്ടയോടെ ആലോചിച്ചു നടപ്പിലാക്കിയിരുന്നു. മൂന്നുദിവസങ്ങളിലായി, പത്തുമണി മുതൽ നാലുമണി വരെ സാഹിത്യ സംവാദങ്ങൾ, ഡാൻസ് മൽസരങ്ങൾ, മറ്റു കലാപരിപാടികൾ എന്നിവ അവിടെ അരങ്ങേറി. എന്തൊക്കെ പരിപാടികൾ വേണം, അതിൽ ആരൊക്കെ പങ്കെടുക്കണം എന്നൊക്കെ തീരുമാനിക്കുന്നതു മാത്രമല്ല, പരിപാടികളുടെ റിഹേഴ്സൽ ഉൾപ്പടെ കരിമ്പുഴമാഷിന്റെ നേതൃത്വത്തിലാവും നടക്കുക. റിഹേഴ്സലിൽ പങ്കെടുക്കേണ്ടവരെ തിരഞ്ഞെടുക്കുന്നതും മറ്റാരുമല്ല. നൃത്താചാര്യനായ ചേമഞ്ചേരി കുഞ്ഞിരാമൻ നായർ തിരുവങ്ങാട് അമ്പലത്തിലെ തന്റെ പരിപാടിക്കുശേഷം ബ്രണ്ണൻ കോളേജിലെത്തി അവതരണം നടത്തിയിരുന്നു. കഥകളിയാശാൻ ഗുരുഗോപിനാഥും അങ്ങനെതന്നെയായിരുന്നുവെന്ന് ഓർക്കുന്നു.

ഒരുദിവസം കരിമ്പുഴ മാഷ് ഗേറ്റിനടുത്ത് നിൽക്കുന്ന എന്നെ വിളിച്ചു ചേമ്പറിലെത്താൻ ആവശ്യപ്പെട്ടു. അദ്ദേഹം വിളിച്ചാൽ ആരും പോകും, അത്രയ്ക്കുണ്ടായിരുന്നു കോളേജിലും കുട്ടികൾക്കിടയിലും അദ്ദേഹത്തിന്റെ സ്വാധീനം. എന്നെക്കണ്ടയുടനെ ഒരു പുസ്തകം കൈയ്യിൽ തന്നു. 'മനഃശാസ്ത്രത്തിന്റെ മക്കാറ്' എന്ന ഒരു നാടകപുസ്തകമായിരുന്നു അത്. എന്നിട്ട് എന്നോട് പറഞ്ഞു, ''അതിൽ ഒരു മാഷുടെ റോളുണ്ട്, അത് താനഭിനയിക്കണം, അത് കൊണ്ട് ആ ഭാഗങ്ങൾ എഴുതിയെടുത്ത് പുസ്തകം തിരിച്ചുക്കൊണ്ടുത്തരണം.'' എനിക്കു പേടിയായി. ഇക്കാലത്തിനിടയിൽ ഒരു നാടകത്തിലും അഭിനയിച്ചിട്ടില്ല. എന്നെ ഒഴിവാക്കണം എന്ന് ആദരവോടെ അപേക്ഷിച്ചു. അപ്പോൾ മാഷ് എന്റെ മുഖത്തുനോക്കി പറഞ്ഞു, ''തന്നെക്കണ്ടാൽ ഒരു മാഷെപ്പോലെയുണ്ട്.'' അതൊരു പ്രോത്സാഹനമായപ്പോൾ ആത്മവിശ്വാസമായി. റിഹേഴ്സലിനുശേഷം നാടകം എല്ലാവരുടെയും മുന്നിൽ സ്റ്റേജിലവതരിപ്പിച്ചു. എല്ലാ വിജയികൾക്കുമെന്നതുപോലെ നാടകത്തിൽ അഭിനയിച്ചവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട അഭിനേതാക്കൾക്കും സമ്മാനമുണ്ട്. കലോ



ത്സവം അവസാനിക്കുന്നത് മൂന്നാമത്തെ ദിവസമാണ്. അന്ന് വൈകുന്നേരമാണ് റിസൽട്ട് പ്രഖ്യാപിക്കുക. ഒടുവിൽ റിസൽട്ട് വന്നു. 'മനഃശാസ്ത്രത്തിന്റെ മക്കാറെ'ന്ന നാടകത്തിൽ അധ്യാപകന്റെ ഭാഗം അഭിനയിച്ച എനിക്ക് ഏറ്റവും നല്ല നടനുള്ള അവാർഡ് ! 1958 ലായിരുന്നു ഈ സംഭവം.

1963ൽ എസ്.എൻ.ഡി.പിയുടെ മാനേജ്മെന്റിനു കീഴിലുള്ള മൂത്തകുന്നം ട്രെയിനിങ് കോളേജിൽ അധ്യാപകപരിശീലനത്തിന് ചേർന്നു. അന്ന് സുകുമാർ അഴീക്കോട് മാഷ് അവിടെ പ്രിൻസിപ്പാളായി പ്രവർത്തിക്കുന്നു. പാർലമെന്റ് തിരഞ്ഞെടുപ്പിൽ എസ്.കെ പൊറ്റക്കാടിനോട് ഏറ്റുമുട്ടി പരാജയപ്പെട്ട അഴീക്കോട്മാഷിനെ അദ്ദേഹത്തിന്റെ അഭ്യുദയകാംക്ഷികൾ അവിടെ പ്രിൻസിപ്പാളായി അവരോധിക്കുകയായിരുന്നു. പത്തുവർഷം അദ്ദേഹം അവിടെ പ്രിൻസിപ്പാളായി ജോലിചെയ്തു.

അഴീക്കോട് മാഷെക്കുറിച്ചുള്ള തുടിക്കുന്ന ഓർമ്മകളേറെയാണ്. അദ്ദേഹം ആദ്യം ചിറക്കൽ രാജാസ് ഹൈസ്ക്കൂളിൽ അക്കൗണ്ടൻസി അധ്യാപകനായാണ് ജോലി ആരംഭിച്ചത്. പ്രശസ്ത പണ്ഡിതനായിരുന്ന കെ രൈരുനായരായിരുന്നു അവിടെ അന്നത്തെ ഹെഡ്മാസ്റ്റർ. സംസ്കൃതഭാഷയിൽ അഗാധ പാണ്ഡിത്യമുള്ള രൈരുനായർ നേരത്തെ അഴീക്കോടിനെ ഇംഗ്ളീഷ് പഠിപ്പിച്ചയാളുകൂടിയാണ് . രൈരുനായരെഴുതിയ അഭിജ്ഞാന ശാകുന്തളം മലയാളം തർജമക്ക് അദ്ദേഹത്തിന്റെ ആവശ്യപ്രകാരം മുഖവുര എഴുതി നൽകിയ അഴീക്കോട് മാഷ് അത് തന്റെ ഗുരുദക്ഷിണയായി കണക്കാക്കണം എന്നു പറഞ്ഞിരുന്നു. അതുപോലെയുള്ള ഒരു വികാരം അഴീക്കോടിനോട് എനിക്കുമുണ്ടായിരുന്നുവെന്ന് പറയണം.

മാഷ് അധ്യാപകവിദ്യാർത്ഥികളുടെ ക്ലാസ്സിലേക്ക് വരുമ്പോൾ ഒന്നിലേറെ വലിയ പുസ്തകങ്ങളും കൈയ്യിലുണ്ടാവും. ഒരുദിവസം ക്ലാസ്സ് കഴിഞ്ഞ് മടങ്ങിപ്പോകുമ്പോൾ മാഷ് ക്ലാസ്സിലേക്ക് തന്നെ തിരിച്ചുവന്നു, ഞങ്ങളോട് ചോദിച്ചു, താനെന്തിനാണ് ഈ പുസ്തകങ്ങൾ ക്ലാസ്സിലേക്ക് കൊണ്ടുവന്നതെന്നറിയുമോ എന്ന്. തുറന്നുനോക്കുകയോ പരാമർശിക്കുകയോ പോലും ചെയ്യാത്ത അങ്ങനെയുള്ള പുസ്തകങ്ങൾ ക്ലാസ്സിലേക്ക് കൊണ്ടുവന്നത് താനൊരു വലിയ വായനക്കാരനാണെന്ന് എല്ലാവരേയും അറിയിക്കാനാണെന്ന് പകുതി തമാശയായും പകുതി കാര്യമായും അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് ക്ലാസ്സിനെ നോക്കിപ്പറഞ്ഞു. ഒപ്പം എല്ലാവരും ക്ലാസ്സിലേക്ക് പോകുമ്പോൾ ഇങ്ങനെ ചെയ്യണമെന്ന ഒരുപദേശവും തന്നു. മുന്നിൽ ക്ലാസ്സിലിരിക്കുന്ന കുട്ടികളിൽ തങ്ങളെക്കുറിച്ചുള്ള മതിപ്പ്, ക്ലാസ്സുകൾ നിറഞ്ഞ ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യാൻ ഏറെ സഹായകമാണെന്ന അടിസ്ഥാനപാഠം പഠിപ്പിക്കുകയായിരുന്നു അഴീക്കോട് മാഷ്. ട്രെയിനിങ് കോളേജിലെ കുട്ടികളുടെ പാർലിമെന്റിന്റെ എല്ലാ വർഷത്തെയും ഉദ്ഘാടകൻ പ്രൊ. എം കെ സാനുവായിരുന്നു. ബി.എഡ് പഠന ക്ലാസ്സുകളിൽ ഒരു വർഷം ഇരുന്ന കുട്ടികളാരുംതന്നെ അടുത്തവർഷം ഉണ്ടാവില്ല എന്നത്കൊണ്ട് ആർക്കും ആവർത്തനവിരസതയുണ്ടാവുകയില്ലയെന്നത് ഒരു കാര്യം. അതോടൊപ്പം താൻ ഫോൺവിളിച്ചാൽ ഉടനെത്തുന്ന

സാനു എന്നെക്കാൾ മെലിഞ്ഞ ആളാണ് എന്നത് തനിക്കൊരു ധൈര്യം കൂടിയാണെന്ന് അഴീക്കോട്മാഷിന്റെ മറ്റൊരു ന്യായീകരണം.

മൂത്തകുന്നത്തെ ഒരു സംഭവം ഇന്നുമോർക്കുന്നു. നെഹ്റുവിന്റെ 'Bunch of letters' എന്ന പുസ്തകം 'ഒരുകൂട്ടം പഴയ കത്തുകൾ' എന്ന പേരിൽ തർജ്ജമചെയ്ത് പുസ്തകമായി ഇറങ്ങിയപ്പോൾ കെ.പി കേശവമോനോൻ ആവശ്യപ്പെട്ട പ്രകാരം, അഴീക്കോട്മാഷ് ആ പുസ്തകത്തിന്റെ ഒരു കോപ്പി നെഹ്റുവിന് നേരിട്ട് നൽകാനായി ഡൽഹിയിലെത്തി. ഡൽഹിയിലെ മാതൃഭൂമിയുടെ പ്രതിനിധി വി.കെ മാധവൻകുട്ടിയുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രിയെ നേരിൽ കാണാൻ അപ്പോയന്റ്മെന്റ് ശരിപ്പെടുത്തി നെഹ്റുവിനെകണ്ട് പുസ്തകം സമർപ്പിച്ചു. മടങ്ങിവന്ന് ക്ലാസ്സിലെത്തിയപ്പോൾ എല്ലാ കുട്ടികളും ഒരേ സ്വരത്തിൽ നെഹ്റുവുമായുള്ള കൂടിക്കാഴ്ചയെക്കുറിച്ച് തങ്ങളോട് സംസാരിക്കണമെന്ന് ആവശ്യപ്പെട്ടു. അൽപനിമിഷത്തെ മൗനത്തിനു ശേഷം മാഷ് തുടങ്ങി, ''നെഹ്റുവിനെ ഞാൻ കണ്ണൂരിൽ വെച്ച് കണ്ടിട്ടുണ്ട്, നെഹ്റുവിനെ ഞാൻ കോഴിക്കോട് വെച്ച് കണ്ടിട്ടുണ്ട്, സാധരണ ഞാൻ നെഹ്റുവിനെ കാണുകയാണ് പതിവ് പക്ഷെ ഇത്തവണത്തെ വ്യത്യാസം നെഹ്റു എന്നെയും കണ്ടു എന്നതാണ്.'' ഇതുകേട്ട ക്ലാസ്സൊന്നടങ്കം കയ്യടിച്ചു പൊട്ടിച്ചിരിച്ചതിന്റെ പ്രതിധ്വനി ഇന്നലെയെന്നതുപോലെ എന്റെ കാതുകളിലലയടിക്കുന്നതായി തോന്നുന്നു. സി.കെ ഗോവിന്ദൻ നായരുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തിയ നെഹ്റുവിനെക്കാണാൻ പതിനായിരങ്ങൾ തടിച്ചുകൂടി, പക്ഷെ ജയിച്ചത് എതിരാളിയായിരുന്ന എകെ.ജിയായിരുന്നു. ഇക്കാര്യംകൂടി അഴീക്കോട്മാഷ് സരസമായി ക്ലാസ്സിലന്ന് അവതരിപ്പിച്ചതായി ഓർക്കുന്നു.

കെ.പി കേശവമേനോന്റെ തൊണ്ണൂറാം പിറന്നാൾ കോഴിക്കോട് പൗരാവലി ആഘോഷിച്ചപ്പോൾ ജസ്റ്റിസ് വി.കെ ഏറാടിയായിരുന്നു അധ്യക്ഷൻ, സുകുമാർ അഴീക്കോട് മുഖ്യപ്രസംഗകനും. പ്രസംഗം കത്തിക്കയറി. കാഴ്ചശക്തി നഷ്ടപ്പെട്ട ആളായിരുന്നു കെപി കേശവമേനോൻ. ബാഹ്യചക്ഷുസ്സുകൾ ഇല്ലെങ്കിലും അദ്ദേഹത്തിന്റെ ആന്തരികചക്ഷുസ്സുകളുടെ മാനോഹാരിതയെക്കുറിച്ച് അഴീക്കോട് ഹൃദയസ്പൃക്കായി വിവരിച്ചപ്പോൾ അത് ശ്രോതാക്കളിലുാക്കിയത് അവാച്യമായ വൈകാരികാനുഭൂതിയായിരുന്നു.

കൂടാളി ഹൈസ്ക്കൂൾ എന്റെ മാതൃവിദ്യാലയമാണ്. എനിക്ക് ആ മഹാവിദ്യാലയം ഒരേ സമയം 'ദേവകി'യും 'യശോദ'യുമായി ത്തീർന്നു, എന്റെ പെറ്റമ്മയും പോറ്റമ്മയും. അവിടെ പഠിക്കാനും പഠിപ്പിക്കാനും അസുലഭമായ അവസരം ലഭിച്ചു, ഒടുവിൽ പ്രധാനാധ്യാപകനായി സേവനമനുഷ്ഠിക്കാനും. ദീർഘമായ അധ്യാപനജീവിതത്തെ തിരിഞ്ഞു നോക്കുമ്പോൾ പഠിപ്പിച്ച എല്ലാ വിദ്യാർത്ഥികളും എല്ലായ്പ്പോഴും എന്നോട് ആവശ്യത്തിലേറെ സ്നേഹവും പരിഗണനയും കാണിച്ചുവെന്നുവേണം പറയാൻ. അതുപോലെ എന്നെ പഠിപ്പിച്ചവരിൽ ഏറ്റവും പ്രിയപ്പെട്ട സുകുമാർ അഴീക്കോട് മാഷ് മുകളിൽ സൂചിപ്പിച്ചത് പോലെ ഇന്നും എനിക്കൊരു വികാരമാണ്, വേർപെടുത്താനാവാത്ത വികാരം. ആ വികാരമാണ് അദ്ദേഹത്തിന്റെ നൂറാം ജൻമദിനത്തിൽ (2025), ഗുരുദക്ഷിണ എന്ന നിലയിൽ എന്റെ വിദ്യാർത്ഥികളുടെ സ്നേഹവും അടുപ്പവും അടുത്തനുഭവിച്ചറിഞ്ഞ എന്റെ വിദ്യാലയത്തിന്റെ തൃപ്പടിയിൽ എന്റെ ഗുരുനാഥനെ ഓർമ്മിച്ചുകൊണ്ട് ഒരു പരിപാടി സംഘടിപ്പിക്കാനെന്നെ പ്രേരിപ്പിച്ചത്. എന്റെ സുഹൃത്തുക്കളും ശിഷ്യരും അഭ്യുദയകാംക്ഷികളും കൂടി മനോഹരമാക്കിത്തീർത്ത ആ പരിപാടിയിൽ എറ്റവും ആദ്യകാലത്തെ ശിഷ്യനായ എനിക്ക് പിന്നീടുള്ള ശിഷ്യരും പ്രഗൽഭ എഴുത്തുകാരായ പ്രഭാകരൻ പഴശ്ശിയേയും അംബികാസുതൻ മാങ്ങാടിനെയും എത്തിക്കാനായത് അഭിമാനകരമായി തോന്നുന്നു. ആ ഗുരുനാഥന്റെ പ്രൗഢസ്മരണയിൽ ഞങ്ങൾ 'ശിഷ്യത്രയങ്ങൾ' മനസ്സാ നമ്രശിരസ്ക്കരായി ആ പരിപാടിയിൽ ആദ്യന്തം പങ്കെടുത്തു.

അന്നു കൂടാളി ഹൈസ്ക്കൂളിൽ നടന്ന പരിപാടിയിൽ സുകുമാർ അഴീക്കോടിന്റെ

രണ്ട് ഫോട്ടോകൾ എന്റെ വകയായി സംഭാവനയായി നൽകുക കൂടി ചെയ്തു. ഒന്ന് ഹൈസ്കൂൾ ലൈബ്രറിയിലേക്കും മറ്റൊന്ന് കൂടാളിയിലെ പൊതുജനഗ്രന്ഥായത്തിലേക്കും.

മഹാകവി പിയും കൂടാളിയും തമ്മിലുള്ള ബന്ധം സർവ്വർക്കും സുവിദിതമാണല്ലോ. കൂടാളി ഹൈസ്ക്കൂളിന്റെ സ്ഥാപകൻ കൂടിയായ അന്നത്തെ കൂടാളി തറവാട്ട് കാരണവരായിരുന്ന കുഞ്ഞിക്കമ്മാരൻ നമ്പ്യാർ സമസ്തകേരള സാഹിത്യപരിഷത്തിന്റെ സമ്മേളനത്തിന് നീലേശ്വരത്ത് പോയ സമയത്താണ് പി കുഞ്ഞിരാമൻ നായരെ കാണുന്നതും അദ്ദേഹത്തിന്റെ കഴിവുകളാലാകൃഷ്ടനായി അദ്ദേഹത്തെ കൂടാളി ഹൈസ്ക്കൂളിൽ അധ്യാപകനാവാൻ ക്ഷണിക്കുന്നതും. പി കുഞ്ഞിരാമൻ നായർ ആ ക്ഷണം സ്വീകരിക്കുകയും കൂടാളിയിൽ അധ്യാപകനായെത്തുകയും ചെയ്തു. മദ്രാസ് എം.എൽ.എ ആയിരുന്ന കുഞ്ഞിക്കമ്മാരൻ നമ്പ്യാർ തന്റെ സ്വാധീനവും പരിചയങ്ങളുമുപയോഗിച്ച് യോഗ്യതാസർട്ടിഫിക്കറ്റുകളൊന്നും കൈയ്യിലില്ലാതിരുന്ന കുഞ്ഞിരാമൻ നായർക്ക് അധ്യാപകജോലി സ്ഥിരപ്പെടുത്തി നൽകി. കവിമാഷിന്റെ സാന്നിധ്യം കൊണ്ട് അദ്ദേഹം അവിടെ പഠിപ്പിച്ചിരുന്ന സമയത്തും പിന്നീട് എല്ലാ കാലത്തേക്കും മുഴുവൻ സാഹിത്യപ്രണയികളുടെയും ഒരു തീർത്ഥാടനകേന്ദ്രമായി വിദ്യാലയം മാറി. കടയുടെ മുകളിലും വാടകവീടുകളിലുമൊക്കെയായി തന്റെ സാഹിതീസപര്യയും അധ്യാപനവും പത്തുവർഷക്കാലം കവിമാഷ് അവിടെ തുടർന്നു. മാമൂലുകളെയും കീഴ്വഴക്കങ്ങളെയും തീരെ ഗൗനിക്കാതെ തന്റെ എഴുത്ത് തുടർന്ന അദ്ദേഹം പുരോഗമനസാഹിത്യകാരൻമാരുടെ നിശിത വിമർശനത്തിന്നിരയായി. ഭക്തകവിയെന്ന് എതിരാളികളദ്ദേഹത്തിനുനേരെ ആക്ഷേപം ചൊരിഞ്ഞു, കല്ലുകളെറിഞ്ഞു. എല്ലാവരേയും മുൻപിൻനോക്കാതെ വിമർശിച്ച് രംഗം നിറഞ്ഞുനിന്ന അഴീക്കോട് മാഷ് ആ സമയത്ത് കുഞ്ഞിരാമൻ നായരുടെ കാവ്യങ്ങളുടെ സാഹിത്യഗുണത്തേയും കാവ്യരീതികളേയും പിന്തുണച്ചുകൊണ്ട് എഴുതാനും പ്രസംഗിക്കാനും മുന്നിട്ടിറങ്ങി. അത് യഥാർത്ഥത്തിൽ മഹാകവിക്ക് അന്ന് വലിയ ആത്മവിശ്വാസവും കരുത്തും നൽകിയെന്നത് വസ്തുതയാണ്. പൊതുജനഗ്രന്ഥാലയത്തിൽ എല്ലാ വർഷവും പി അനുസ്മരണ പരിപാടി സംഘടിപ്പിച്ചുവരാറുണ്ട്. കവിമാഷിന്റെ മഹത്വം പൂർണമാവുന്നത് അഴീക്കോട് മാഷിന്റെ സാന്നിധ്യംകൂടി ചേരുമ്പോഴാണെന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങനെ ഞാനെന്റെ പ്രിയഗുരുവായ അഴീക്കോട് മാഷിനോടുള്ള കടമ നിറവേറ്റുന്നതോടൊപ്പം എന്റെ സ്വന്തം വിദ്യാലയത്തിലെ ആയിരക്കണക്കിനാളുകളുടെ ഗുരുവും എന്റെ ഗുരുവും കൂടിയായ കുഞ്ഞിരാമൻ നായരെ സ്മരിക്കുക വഴി എന്റെ വിദ്യാലയത്തോടുള്ള കടമ നിറവേറ്റുകയും കൂടിയായിരുന്നു.



Front Cover by Anpu Varkey.
She is the wife of Hemant Sree Kumar
(son of late C Sreekumar, Chitrari)

Anpu Varkey is a muralist and visual artist drawn to heights, time travel, and desolate landscapes. For over a decade, she's created monumental public artworks across India and abroad. Her site-responsive murals are shaped by local histories, people, and environments.

anpuvarkey@gmail.com





Vasudev Nambiar

People I Call Home

When you're exhausted and tired of the rat race,
Your family will always make you feel safe,
You get this sense of belonging and comfort that can't be replaced,
Almost like they put all the pieces of the puzzle back in place,
The endless laughter and the stories that are told,
Will always be more than worth its weight in gold,
A spark, a smell or a distant song,
Its nostalgia brings me back to the people i call home,
For its always the people not the place,
A home can be built again but these people i love can never be replaced.

(Vasudev Nambiar Student at Delhi University
Son of Maj Gen KT Gopalakrishnan



C. Sashikumar

Where the Gods guard the forest – the Sacred Groves (Kavu) of North Kerala

A Memory from the 1960s

A summer day in the early 1960s. Early morning, still dark - before the advent of electric lights then. Silence, except for the dawn chorus of birds. The three of us - my father, U. K. Kunhikkannan Master, and me, a small boy then - started from Prem Villa, Chitrari. Kunhikkannan Master was like a member of our family: my father's friend, philosopher, and guide. About two kilometres east of Chitrari lies Chirayil Kavu, a sacred grove, our destination that day. The annual Theyyam festival was taking place, and that was the purpose of our morning trek.

After crossing the mud road from Irikkur to Chalode, we followed a rough footpath, strewn with pebbles and boulders. The way was dimly illuminated by the feeble beam of a torchlight. Soon, I was perched comfortably on Kunhikkannan Master's shoulders, enjoying the ride. The path wound on through a ploughed paddy field, cashew plantations, scrub jungle, and grassy patches, approaching the edge of a cliff overlooking a valley. The Kavu nestled at the bottom of this funnel-shaped terrain. Only much later did I realize how difficult it must have been for Kunhikkannan Master to walk with a child



Chirayil Kavu



Bhagavathi & Bhootham

on his shoulders, though I was then a thin, scrawny boy.

The path led to a flight of narrow steps cut into the slope. We stepped down cautiously entering a grove of tall trees. What awaited at the Kavu was surreal. A small clearing, encircled by dense vegetation, with thick lianas (woody climbers) hanging from the canopy. The space glowed with the light of a petromax lamp and palm-leaf torches. A Theyyam, with a tall headgear woven from tender palm leaves and a painted mask, was dancing to the drumbeats. When he climbed onto stilts, he appeared taller still—his headgear almost brushing the canopy. My father whispered that this was Gulikan. We sat on chairs at the Melayipadi, the pavilion for patrons. After Gulikan, it was the turn of Chirayil Bhagavathi, the mother goddess. Her headgear was even taller, tapering at the tip. It frequently got entangled in the lianas, and assistants used poles to free it. Bhagavathi looked up and proclaimed, "These are my jata (matted locks). Never cut them."

Local organizers of the ritual, who all knew one another, offered us black coffee sweetened with jaggery and bananas. I remember peeling a banana and sleepily throwing away the fruit instead of the peel! That was my first tryst with Chirayil Kavu—and our relationship continues strongly even after sixty years.

A Forest Preserved by Faith

Chirayil Kavu is a small remnant forest patch, a testimony to how the landscape here must have looked centuries ago. It is about one acre in extent and forms part of a property owned by my father, K.T. Balagopalan Nambiar, in Panalad Desam of Pattanur village. As with most such Kavu, there is no regular pooja. The annual Theyyam festival is conducted jointly by the local communities and our family. The property belonged to the Kalliat family and came to my father after the partition of the Tharavad.

Tracing the Land and Its Legacy

There is an interesting story about how this and several neighbouring properties in Panalad and Kodolipram Desams came into the hands of the Kalliat Tharavad. Originally owned by Mannoor Illam, the land was acquired by Kalliat Thazhathe Veettil Narayanan Nambiar, the Karanavar from 1908 to 1914, through an "Ottikanam Adharam" (mortgage deed). Historical records attest to the transaction and conditions, including temple maintenance obligations. Though not explicitly mentioned, Chirayil Kavu and adjacent lands were part of the deal. The Karanavar of the Mannoor Illam is said to have boasted that he swindled the Kalliat family, claiming the land consisted only



Water source Chirayil Kavu

of koomullu kaadu and attakkandam-thorny bushes (Hultholia mimosoides) and areas infested with freshwater leeches (Kulayatta). Local wisdom, however, holds these as indicators of fertile agricultural land.

Birdwatching Opens a New World

For years, I visited the Kavu only during Theyyam. That changed in 1979 when I began watching birds, gaining a new perspective on the land I had grown up in. Birds I had known only as familiar presences now appeared in a new light. As my curiosity grew, I wandered farther-from cashew plantations to rubber estates and paddy fields-in search of birds. This journey led me back to Chirayil Kavu, where a whole new world unfolded.

The birdlife here was unlike anything seen in the surrounding village - a forest bird community: flycatchers, thrushes, large owls, trogons, and raptors. With no field guides and no internet then, I spent hours in the Kavu with just binoculars and a field notebook, documenting everything. Each evening, a procession of birds visited a small water source to drink and bathe, and I found a vantage point to observe them.

Scientific Studies in the Kavu

In 1994, I undertook a systematic study of the birds of Chirayil Kavu: 94 species were recorded, 47 of them forest birds. Between 1995 and 1998, I studied three groves - Chirayil, Varayil, and Poongottu-and a woodlot at Kayalode. Across areas ranging from 0.6 to 15 ha and within 10 km of each other, 102 species were recorded. Later, in 2003 - 2004, a study of 15 sacred groves in Kannur and Kasaragod districts revealed 129 bird species, of which 71 (55%) were forest birds. Interestingly, most forest birds remained within or very close to the groves, rarely venturing into the surrounding village landscape.

How Small Forests Hold Big Biodiversity

What makes the birdlife of the Kavu unique? Primarily, its forest habitat - dramatically different from its surroundings. Most groves have perennial water sources. Some even contain small patches of Myristica swamp formed by aerial roots of Myristica trees-an uncommon habitat even in forests. Kavus remain largely untouched except during festivals. Besides birds and butterflies, little is



Gulikan

known about other wildlife here. In Chirayil Kavu, I have observed Asian Palm Civet, Slender Loris, Golden Jackal, Indian Grey Mongoose, and Indian Crested Porcupine. Poongottu Kavu has a resident Bonnet Macaque population, and Nilgiri Langur and Wild Boar have been reported from larger groves in Kasaragod.

Guardians of Culture and Ecology

Sacred groves have been part of our culture since time immemorial. They are usually dedicated to Theyyams, serpents (Naagam), or Ayyappan, the hunter-god. Our ancestors recognized the need to keep patches of wilderness undisturbed even as they modified the land around them. Perhaps they believed divine protection was a stronger safeguard than ecological knowledge. This belief has indeed helped: over 500 sacred groves still exist in Kannur and Kasaragod -their stronghold in Kerala - though many must have disappeared over time.

Such groves exist in other parts of Asia and Africa too, and their role in conserving biodiversity, sustaining water resources, and supporting socio-cultural systems has been well documented. In his Malayalam book 'ഉത്തരകേരളത്തിലെ വിശുദ്ധവനങ്ങൾ' (Sacred Groves of North Kerala – An Eco - Folklore Study), Dr. E. Unnikrishnan emphasizes these ecological and sociological values.

Research worldwide, especially since the landmark publication The Theory of Island Biogeography (Mac Arthur & Wilson, 1967), has shown that even fragmented habitats support remarkable biodiversity. Concepts such as species equilibrium, patch dynamics, critical patch size, metapopulations, and the species – area relationship have shaped modern conservation theory. Our ancestors, with profound insight, preserved these remnants of our original habitat - and with them, the biodiversity they shelter. It is our duty to conserve these Kavu and pass them on to future generations.

Challenges of Modern Times

This April, I attended the Theyyam at Chirayil Kavu after a gap of several years. My seven-year-old grandson, Rudra, was with me. We no longer needed to walk far; a tarred road would now bring you within 100 metres of the grove. It was broad daylight. Gulikan had just begun his performance. There was no need for palm-leaf torches. He repeatedly tried to climb the stilts but failed and finally gave up. During the finale, he fell backwards from the Peetham (wooden stool) at the crescendo of drumbeats. Unable to rise, he had to be helped up. He seemed dazed and could not utter the ritual oracle. Next came Bhagavathi. After a few movements, her headgear tilted dangerously and began to fall. The assistants made her sit on the Peetham. The charm and aura were lost. Everything looked like a charade.

Every year, the undergrowth is cleared to accommodate increasing numbers of spectators, leaving little time for regeneration. Many of the giant trees have fallen, pulling neighbouring trees down with them through the tangled lianas.

A Hope for the Future

Yet, above the din, I could still hear the trilling of flycatchers, the soft cooing of the trogon, the drumming of woodpeckers, and the racket of drongos.

Nature will survive, as it has survived for eons. I hope to take Rudra again someday and show him the splendours the Kavu still contains.



From Research to Wildlife Photography:
A Journey in Conservation

Prof. (Dr.) Kalliat T Valsaraj

Early Career and Lifelong Passion

After dedicating 38 years to academia as a professor, researcher, and Vice President for Research and Economic Development at Louisiana State University in Baton Rouge -the largest university in Louisiana - I made the decision to retire from active service. Yet, throughout my life, one passion has remained constant: photography. This hobby, which began in my early childhood, became closely intertwined with my research on the environmental fate and movement of chemicals. Photography not only complemented my scientific pursuits but also deepened my appreciation for the natural world.

Exploring the World Through a Lens

Since retirement, I have transformed photography from a hobby into a primary passion. My travels have taken me to diverse and exotic locations, where I document avian species that serve as sentinel indicators of environmental change. I share these experiences and images through my website (www.wildlife-wandering-photography.com), as well as on social platforms such as Instagram (@valsaraj.kt), YouTube (@KalliatTValsaraj), and my scientific blog (https://valsaraj.blog).

Some of the most memorable destinations include the Amazon rainforests in Brazil, African safaris in Kenya, the Galapagos Islands - where Charles Darwin developed his theory of evolution - and avian wonderlands like Colombia, Honduras, and Costa Rica. Each location offers unique opportunities to observe and photograph wildlife in their natural habitats.

Wonders of the African Savannah

The African savannahs are renowned for their iconic "Big Five" mammals and a remarkable diversity of bird species. Among the most awe-inspiring spectacles is the Great Migration, where millions of wildebeest traverse the Masai Mara plains in search of food and breeding grounds. Witnessing this annual journey is to observe the raw drama of life and death unfold in real time.



The great migration of wildebeest across the Mara River in Kenya.



Cheetahs - the fastest animals on earth - on the hunt.



The daily migration of African elephants across the Amboseli plains beneath Mt. Kilimanjaro.



The lion, king of the savannah, resting after a hunt.



The dinosaur-like Hammerkop, a unique African bird.

The Galapagos: Evolution in Action

Off the coast of Ecuador, the Galapagos Islands are a living laboratory of evolution. Retracing Darwin's steps, I witnessed firsthand the ongoing processes that inspired his groundbreaking work, On the Origin of Species. The islands' birds and mammals, many found nowhere else on earth, are vivid examples of adaptation and natural selection.



The Galapagos land iguana.



Blue-footed boobies.



The Great Frigate bird.




The vibrant Sally Lightfoot crab.



The Galapagos giant tortoise.

Brazil's Pantanal: A Wetland Wonderland

Brazil's Pantanal, the world's largest wetland system, teems with wildlife and a dazzling array of bird species. Here, I observed apex predators such as jaguars and ocelots, as well as many species that are rarely seen elsewhere.



Jaguars of the Pantanal on a hunting mission.



The King Vulture of Brazil.



Ocelots of the Amazon jungle.

Wildlife as Environmental Sentinels

Extensive scientific literature highlights the critical role of birds and mammals as bio-monitors of environmental contamination. As apex predators, many species are at risk from exposure to pesticides and rodenticides, primarily through secondary poisoning and bioaccumulation. Documented effects - such as eggshell thinning and impaired



Chestnut-sided aracari of the Brazilian rainforests.

reproduction - demonstrate a direct link between chemical exposure and declining wildlife populations. Since the widespread adoption of pesticides in the mid - 20th century, many species have experienced gradual declines.

Systematic monitoring, including pesticide residue analysis, serves as an early warning system for harmful human-made chemicals in the environment. Continued photographic documentation of wildlife not only raises awareness but also supports global conservation efforts.

Looking Ahead

In the years to come, I am committed to exploring and studying as many species as possible, with a special focus on those most vulnerable to environmental contaminants. Through photography and scientific outreach, I hope to contribute meaningfully to the preservation of our planet's remarkable biodiversity.



കല്ല്യാട് ചുള്ളൻസ്

കെ.ടി. ശ്രീരാജ്

ക്രിക്കറ്റ് ജീവവായുവായി സന്നിവേശിച്ച ബാല്യം വിടപറഞ്ഞിട്ട് കാലം ഏറെ ആയെങ്കിലും ആ ആവേശവും, താല്പര്യവും ഒന്നും ഒരു കാലത്തിനും, പ്രായത്തിനും മായ്ക്കാനാവാത്ത വികാരമാണെന്ന് ഇരിക്കൂർ മരക്കാനാ ടർഫിൽ ഒരുക്കിയ കല്ല്യാട്ട് കുടുംബത്തിന്റെ ക്രിക്കറ്റ് സന്ധ്യ അക്ഷരാർത്ഥത്തിൽ അടയാളപ്പെടുത്തി...

നാട്ടിലുള്ളവരും, പങ്കുചേരാൻ താല്പര്യവും, സമയവും ഉള്ള കുറച്ച് ബാംഗ്ലൂരുകാരും, മറ്റും മറ്റും.

സ്വന്തം കസിനായ പ്രശാന്തിന്റെ ആശയത്തെ ശടപടേന്ന് പറഞ്ഞ് തട്ടിക്കൂട്ടിയപ്പോൾ "The Great Kalliat" ഫാമിലിയുടെ ക്രിക്കറ്റ് ആവേശം നാവാമുകുന്ദന്റെ നാട്ടിൽ നിളയുടെ തീരത്ത് നടന്ന മാമാങ്കത്തെ അനുസ്മരിക്കുംവിധം നിന്ന്പൊരുതുകയായിരുന്നു.

മധ്യവയസ്കരായ കുടുംബാംഗങ്ങൾ രണ്ട് ടീമുകളിലായി നിലകൊണ്ട് കല്ല്യാട്ട് തറവാട് ട്രസ്റ്റ് ജനറൽ സെക്രട്ടറി, റിട്ട. ലെഫ്റ്റനന്റ് ജനറൽ ശ്രീ. വിനോദ് നായനാർ ഉദ്ഘാടനം ചെയ്ത, 12 ഓവർ വീതമുള്ള രണ്ട് മത്സരത്തിൽ രണ്ടിലും ജയിച്ച് ഞാൻ വൈസ് ക്യാപ്റ്റൻ ആയ K C റോയൽസ് കുടുംബ ഗുരുനാഥനിൽനിന്ന് ട്രോഫി നേടിയപ്പോൾ എന്റെ ബാല്യ യൗവ്വനങ്ങളുടെ സുന്ദര വസന്തത്തിലേക്കു ഞാൻ അറിയാതെ ഊളിയിടുകയായിരുന്നു, ക്രിക്കറ്റ് ജ്വരം സഹസ്രാരത്തിലേക്കു ജ്വലിച്ചുയർന്നു പ്രവഹിക്കുകയായിരുന്നു..

മത്സരം അറിഞ്ഞെത്തിയ കുട്ടികളും, സ്ത്രീകളും അടങ്ങുന്ന കുടുംബാംഗങ്ങളുടെ മുന്നിൽ നാട്യങ്ങളില്ലാത്ത ശൈശവത്തിൽ എന്നപോലെ നിറഞ്ഞാടി ജയിച്ച് കയറിയപ്പോൾ ഒരുവേള ഞാൻ സച്ചിദാനന്ദ സ്വരൂപമായ പരബ്രഹ്മമായി മാറി.

'കാലമേ, പ്രായമേ നിനക്കഭിനന്ദനം...'

കളിക്കാർക്ക് കരുതിയ ഭക്ഷണം കാണികളും, കാഴ്ചക്കാരുമായ കുടുംബാംഗങ്ങളോടൊത്ത് പങ്കിട്ട് ജയത്തെയും പരാജയത്തെയും പറ്റി പറഞ്ഞ് കയർത്ത് അടിച്ച് പിരിഞ്ഞപ്പോൾ പറയാനുള്ളതും 'കാലമേ, പ്രായമേ നിനക്ക് അഭിനന്ദനം.'

കുടുംബമേ, പാരമ്പര്യമേ. എല്ലാം നിങ്ങളുടെ ഇഷ്ടദാനം. ഈ സൗഭാഗ്യം എന്നും കല്ല്യാട്ട് കുടുംബത്തിന് സ്വന്തം.

ഈ കൂട്ടായ്മ ധന്യത എന്നും ഇവിടെ പുനർജനിക്കട്ടെ...

Mob: 9447007053



ക്രിക്കറ്റ് ജേഴ്സിയണിഞ്ഞ്...

ഗണേഷ് മോഹൻ പി.കെ

ഏതാണ്ട് പത്തിരുപത് വർഷങ്ങൾക്കപ്പുറം ഫുട്ബോളും ക്രിക്കറ്റും വോളീബോളും ഹരമായിരുന്ന കാലമുണ്ടായിരുന്നു. കൗമാരം പിന്നിട്ട് യൗവനത്തിലേക്കും പിന്നെ വിവാഹജീവിതത്തിലേക്കും കുടുംബനാഥനായും പ്രാരാബ്ധങ്ങളും ജോലിത്തിരക്കുകളും - ബോളും ബേറ്റുമെല്ലാം താഴെവെച്ചു. കുയിലൂരിലെ സുഹൃത്തുക്കളോടൊപ്പം നേതൃത്വപരമായ പങ്ക് വഹിച്ച് രൂപം കൊണ്ട 'അനശ്വര'യ്ക്കും 'അപ്സര'യ്ക്കുമൊക്കെ വേണ്ടി പലഘട്ടങ്ങളിൽ വിവിധ വേഷങ്ങളണിഞ്ഞു. പുതിയ കാലഘട്ടത്തിലും കുയിലൂരിന്റെ കായിക മേഖലയിൽ നിർണ്ണായക സ്ഥാനംവഹിക്കുന്ന, നിരവധി കുട്ടികൾക്കും, ക്ലബ്ബിന് അകത്തും പുറത്തുമുള്ള സഹപ്രവർത്തകർക്കും, യുവജനങ്ങൾക്കും വേണ്ടി സായാഹ്നങ്ങളിൽ ക്രിക്കറ്റിനും ഷട്ടിലിനും ഫുട്ബോളിനും അവസരമൊരുക്കിക്കൊണ്ടിരിക്കുന്ന അനശ്വരയുടെ അധ്യക്ഷ പദവി വഹിക്കുകയാണ്. ഈ ഘട്ടത്തിലും ഗ്രൗണ്ടുകൾക്ക് പുറത്തിരുന്ന് സ്വന്തം ഭൂമി ഗ്രൗണ്ടിനായി വിട്ടുനൽകിയും മറ്റും എല്ലാതരത്തിലും കളിക്കാരെ പ്രോത്സാഹിപ്പിച്ചുവരികയാണ്.

ഇതിനിടെ ബാറ്റും ബോളും വീണ്ടും ഒന്നു കയ്യിലെടുക്കാൻ അപൂർവ്വ അവസരം ലഭിച്ചു. കുടുംബ കൂട്ടായ്മയുടെ ഭാഗമായ സൗഹൃദ ക്രിക്കറ്റ് മത്സരത്തിൽ ഇരുടീമുകളിൽ ഒന്നിന്റെ ഭാഗമായി. മത്സരത്തിൽ വലിയ റോളൊന്നും ചെയ്യാൻ സാധിച്ചില്ലെങ്കിലും മധ്യവയസ് പിന്നിടുന്ന ഘട്ടത്തിൽ അപൂർവ്വമായൊരു ദൈവനിയോഗം. കല്ല്യാട്ട് താഴത്ത് വീട് തറവാട്ടിന്റെ യുവ - മധ്യവയസ്ക്ക കൂട്ടായ്മയായ 'ചുള്ളൻസ്' സംഘടിപ്പിച്ചതായിരുന്നു ടൂർണ്ണമെന്റ്. കൂട്ടായ്മയിലെ അംഗമായ ദന്തൽരോഗവിദഗ്ദനും ജ്യേഷ്ഠനുമായ റിട്ട. കേണൽ. ഡോ. പ്രശാന്തേട്ടന്റെ മനസ്സിലുദയംകൊണ്ട ആശയം, കല്ല്യാട്ട് പാറ്റക്കൽ ടറഫിൽ യാഥാർത്ഥ്യമായി. പ്രശാന്തേട്ടന്റെ സംഘാടക മികവും കൂട്ടായ്മയുടെ ഒത്തൊരുമിച്ച പ്രയത്നവും പരിപാടി ഗംഭീരമാക്കി. കെ.ടി. അനൂപേട്ടൻ (ഇരിട്ടി ഹയർ സെക്കണ്ടറി സ്കൂൾ മാനേജർ) ക്യാപ്റ്റനും എ.കെ. സുനിൽ കുമാർ (രാമപുരം) വൈസ് ക്യാപ്റ്റനുമായ കെ.സി ചാംസ്, എ.കെ വിനോദ് കുമാർ (ചുഴലി) ക്യാപ്റ്റനും കെ.ടി ശ്രീരാജ് വൈസ് ക്യാപ്റ്റനുമായ കെ സി റോയൽസ് ടീമുകൾ തമ്മിലായിരുന്നു അത്യന്തം വാശിയേറിയ മത്സരം.

കല്ല്യാട് ക്ഷേത്രസമുച്ചയ ട്രസ്റ്റ് സെക്രട്ടറി റിട്ട. ലെഫ്റ്റനന്റ് ജനറൽ വിനോദ് നായനാർ കളിക്കാരെ പരിചയപെട്ടുകൊണ്ട് മത്സരം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. മത്സരത്തിൽ ഞാൻ അംഗമായ ചാംസ് പരാജയപ്പെട്ടെങ്കിലും ജീവിതത്തിലെ സന്തോഷകരമായ ഒരു ദിനം. ജോലിത്തിരക്കിൽ നിന്നും പൂർണ്ണമായും വിട്ടുനിൽക്കാൻ സാധിച്ച മണിക്കൂറുകൾ... ഇത്തരം ഒരവസരം ഉണ്ടാക്കിത്തന്ന പ്രശാന്തേട്ടന് ഒരിക്കൽ കൂടി നന്ദി പറയുന്നു.

Mob: 9847901842





കെ.ടി. മുരളീധരൻ നമ്പ്യാർ
കൂടാളി

എന്റെ സുധാകരൻ

എന്റെ ജ്യേഷ്ഠസഹോദരനും ആദരണീയനുമായ കെ.ടി കുഞ്ഞിക്കേളപ്പൻ നമ്പ്യാർ (കേളപ്പേട്ടൻ) കൂടാളി ഹൈസ്കൂളിൽ ഏറെക്കാലം ഹെഡ്മാസ്റ്ററായിരുന്നു. പ്രശസ്ത സേവനത്തിനുള്ള സംസ്ഥാന അധ്യാപക അവാർഡ് നേടിയ അദ്ദേഹം അക്ഷരാർത്ഥത്തിൽ മാതൃകാ അധ്യാപകനായിരുന്നു. 1969 ൽ ഗാന്ധിജിയുടെ ജന്മശതാബ്ദി വർഷത്തിൽ സ്കൂളിൽ ഗാന്ധിമണ്ഡപം സ്ഥാപിച്ചത് അദ്ദേഹം ഹെഡ്മാസ്റ്ററായിരുന്നപ്പോഴായിരുന്നു.

കൂടാളി താഴത്തുവീട് കാരണവരും ഹൈസ്കൂളിന്റെ സ്ഥാപക മാനേജരും മദിരാശി സംസ്ഥാന നിയമസഭാ കൗൺസിൽ (MLC) അംഗവുമായിരുന്ന കുഞ്ഞിക്കമ്മാരൻ നമ്പ്യാരുടെ (കമ്മാരമ്മാവൻ) മൂത്ത മകളായ മീനാക്ഷി അമ്മ ആയിരുന്നു കേളപ്പേട്ടന്റെ സഹധർമ്മിണി. സുധാകരനടക്കം എട്ടു മക്കളാണ് കേളപ്പേട്ടന്. സുധാകരനും മൂത്ത രണ്ട് സഹോദരിമാരായ സീതാദേവി, വിമല എന്നിവരും ഇന്ന് ജീവിച്ചിരിപ്പില്ല. ഭാരതി, ഡോക്ടർ രാധ, ചന്ദ്രിക, മാലതി, കൃഷ്ണകുമാർ എന്നിവരാണ് മറ്റു മക്കൾ. കേളപ്പേട്ടന്റെ വേർപാടിനുശേഷം സഹോദരങ്ങളെല്ലാം പിതൃസ്ഥാനത്താണ് സുധാകരനെ കണ്ടിരുന്നത്.സുധാകരൻ മരിക്കുന്നത് വരെ സഹോദരങ്ങളും മരുമക്കളും സുധാകരനോട് അന്വേഷിക്കാതെ ഒരു കാര്യവും നടത്താറുണ്ടായിരുന്നില്ല.

കൂടാളി ഹൈസ്കൂളിൽ ഞാൻ അധ്യാപകനായി ചേരുമ്പോൾ (1964) സുധാകരൻ BEd ട്രെയിനിംഗ് ചെയ്യുകയായിരുന്നു. പിറ്റേ വർഷം സുധാകരനും സ്കൂൾ അധ്യാപകനായി നിയമിതനായി. സുധാകരനെ ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ അറിയാമായിരുന്നെങ്കിലും കൂടുതൽ പരിചയപ്പെടുന്നതും ബന്ധപ്പെടുന്നതും ഉറ്റ സുഹൃത്തുക്കളാകുന്നതും എല്ലാ സുഖദുഃഖങ്ങളിൽ പങ്കാളികളാകുന്നതും സ്കൂളിൽ ചേർന്നതിനുശേഷമാണ്.

ഒരു ശാസ്ത്രാധ്യാപകൻ എന്ന നിലയിൽ കുട്ടികളിൽ ശാസ്ത്രബോധം വളർത്താൻ സുധാകരൻ പ്രത്യേകം ശ്രദ്ധിച്ചു. കാരണം അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും കാലമായിരുന്നു. സ്കൂളിൽ നന്നായി പ്രവർത്തിക്കുന്ന ഒരു സയൻസ് ക്ലബ് ഉണ്ടായിരുന്നു. വിപിനചന്ദ്രനും (മണിമാഷ്) ശാസ്ത്രാധ്യാപകരും ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാക്കി. സുധാകരൻ മണിമാസ്റ്ററുടെ വലംകൈ ആയിരുന്നു. ശാസ്ത്ര സംബന്ധമായ ചർച്ചകൾ, സെമിനാറുകൾ, പ്രദർശനങ്ങൾ മുതലായവ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. 1979 ൽ മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ ഇറങ്ങിയപ്പോൾ കൂടാളി

ഹൈസ്കൂളിൽ വിവിധ പരിപാടികളോടെ ചാന്ദ്രദിനമായി ആഘോഷിച്ചിരുന്നു.

സ്കൂളിലെ ശാസ്ത്രാധ്യാപകരുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി സംസ്ഥാന ശാസ്ത്രമേളകളിലും ദക്ഷിണേന്ത്യൻ ശാസ്ത്രമേളകളിലും കൂടാളിയിലെ കുട്ടികൾ വിജയശ്രീലാളിതരായിട്ടുണ്ട്. കുട്ടികളെ പരിശീലിപ്പിക്കുന്നതിനുള്ള നേതൃത്വം സുധാകരനാണ് വഹിച്ചിരുന്നത്. 1970 മുതൽ ഒന്നിടവിട്ടുള്ള വർഷങ്ങളിൽ ശാസ്ത്ര-കലാ-സാഹിത്യ പ്രദർശ്ശനങ്ങൾ നടത്താറുണ്ടായിരുന്നു. ശാസ്ത്ര വിഭാഗത്തിന്റെ സ്റ്റാളുകൾ ഒരുക്കിയിരുന്നത് മണിമാസ്റ്ററുടെയും സുധാകരന്റെയും നേതൃത്വത്തിലായിരുന്നു. പഠനാർഹമായ പ്രദർശനം അന്ന് വിദ്യാഭ്യാസ രംഗത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട സംഭവം ആയിരുന്നു.

കൂടാളി ഹൈസ്കൂളിന് 1982 ൽ കേരളത്തിലെ ഏറ്റവും നല്ല വിദ്യാലയത്തിനുള്ള ചാക്കീരി ട്രോഫി ലഭിച്ചതിൽ ഈ വിദ്യാഭ്യാസ പ്രദർശനങ്ങളുടെ വിലയിരുത്തലും ഒരു ഘടകമായിട്ടുണ്ട്. 1990ൽ കെ.ടി ഹരിശ്ചന്ദ്രൻ നമ്പ്യാർ റിട്ടയർ ചെയ്തതിനുശേഷം 1999 വരെ സുധാകരൻ ഹെഡ്മാസ്റ്ററുടെ ചുമതല മാതൃകാപരമായി നിർവഹിച്ചു സർവീസിൽ നിന്നും പിരിഞ്ഞു.

സുധാകരൻ നല്ലൊരു വായനക്കാരനും കലാകാരനും വിശിഷ്യ - രസികനും ആയിരുന്നു. ഞങ്ങളുടെ കാലത്തു രണ്ടുവർഷം കൂടുമ്പോൾ സ്കൂൾ വാർഷികം കൊണ്ടാടാറുണ്ടായിരുന്നു. കുട്ടികളുടെ കലാപരിപാടിക്ക് പുറമെ അധ്യാപകരും കുട്ടികളും ചേർന്ന് നാടകങ്ങൾ അവതരിപ്പിക്കാറുണ്ട്. ഉണ്ണിയാർച്ച, പഴശ്ശിരാജ, ദിവ്യബലി, ഒരാൾകൂടി കള്ളനായി എന്നീ നാടകങ്ങളിൽ ഞാനും ഒന്നിച്ചഭിനയിച്ചത് ഇന്നും കണ്മുന്നിൽ കാണുകയാണ്.

കൂടാളി ഹൈസ്കൂൾ അദ്ധ്യാപകൻ എന്നതിലുപരി സുധാകരൻ കൂടാളിയുടെ ചരിത്രകാരൻ കൂടിയായിരുന്നു. കൂടാളിയുമായി ബന്ധപ്പെട്ട ഏത് വാർത്തയോ ഫോട്ടോകളോ കണ്ടാൽ വെട്ടിയെടുത്തു ഒരു വലിയ



പഴശ്ശിരാജാ നാടകത്തിൽ ലേഖകന്റെ കൂടെ
കെ.ടി സുധാകരൻ മാസ്റ്ററും കെടി ഹരിശ്ചന്ദ്രൻ മാസ്റ്ററും

ആൽബത്തിൽ ഒട്ടിച്ചുവെക്കുന്ന ശീലമുണ്ടായിരുന്നു. അത്തരത്തിലുള്ള വാർത്തകളും ചിത്രങ്ങളും ഉൾക്കൊള്ളുന്ന ധാരാളം ആൽബങ്ങൾ സുധാകരന്റെ ശേഖരത്തിലുണ്ട്. കൂടാളിയിൽനിന്നുമാറി കുറച്ചുദിവസങ്ങൾ മറ്റെവിടെയെങ്കിലും പോയി താമസിച്ചിട്ടുള്ളപ്പോഴൊക്കെ എനിക്ക് ഫോൺ ചെയ്ത് ''മുരളിയേട്ടാ, മാതൃഭൂമിയിൽ വരുന്ന കൂടാളി വാർത്തകൾ മുറിച്ചെടുത്തു സൂക്ഷിച്ചുവെക്കണേ'' എന്നറിയിക്കും. ആ ദൗത്യം കൃത്യമായി ഞാൻ നിർവഹിച്ചിട്ടുമുണ്ട്.

സുധാകരന്റെ അച്ഛൻ നല്ല ഹാസസാഹിത്യകാരനായിരുന്നു. അദ്ദേഹം മാതൃഭൂമി, ദേശമിത്രം, സഞ്ജയൻ എന്നീ മാസികകളിൽ ഹാസ്യ ലേഖനങ്ങളും കഥകളും എഴുതി പ്രസിദ്ധീകരിച്ചിരുന്നു. അച്ഛന്റെ നർമ്മബോധം മകന് വേണ്ടുവോളവും അതിനപ്പുറവും കിട്ടിയിട്ടുണ്ട്. സൗഹൃദ സംഭാഷണങ്ങളിലും പൊതുവേദികളിലും സുധാകരന്റെ നർമ്മം കേട്ട് ഞങ്ങൾ ചിരിക്കാറുണ്ട്. സംസാരിക്കാൻ സുധാകരൻ എഴുന്നേൽക്കുമ്പോൾ തന്നെ ഞങ്ങൾ കാതും കൂർപ്പിച്ചിരിക്കും. ചിരിക്കാനും കൈയ്യടിക്കാനും വകയുള്ള എന്തെങ്കിലും കിട്ടാതിരിക്കില്ല. മറ്റുള്ളവർ ചിരിക്കുമ്പോൾ നർമ്മം വിതറിയ ശുദ്ധാത്മാവായ സുധാകരനും നിഷ്കളങ്കമായി ചിരിക്കും. ആ ചിരി ഇന്നും ഞാൻ മനസ്സിൽ കാണുന്നു.

1987 ലാണ് മണിമാസ്റ്റർ അന്തരിച്ചത്. സ്കൂളിൽ ലാബിനകത്തും പുറത്തും മണിയേട്ടാ എന്നുവിളിച്ചു വാലുപോലെ നടന്നിരുന്ന സുധാകരനെ ഈ വിയോഗം അക്ഷരാർത്തത്തിൽ മാനസികമായി തളർത്തിയിരുന്നു. മണി ഇല്ലാത്ത ലാബിനകത്തു വളരെ ദിവസങ്ങളോളം സുധാകരൻ കയറിയില്ല.

സുധാകരൻ മഹാകവി 'പി'യുടെ വത്സല ശിഷ്യനായിരുന്നു. കവിയുടെ ക്ലാസ്സിലെ രസകരമായ കാര്യങ്ങൾ സുധാകരൻ അഭിമാനപൂർവം അനുസ്മരിക്കാറുണ്ട്. ഒരിക്കൽ ഗുരുവായൂരിൽ പോയപ്പോൾ ഉണ്ടായ ഒരനുഭവം ശ്രീ. ഇ.പി.ആർ വേശാലയുടെ 'പി യുടെ കൂടാളിക്കാലം' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്രത്തിനു പുറത്തു കിഴക്കേ നടയിൽ ഒരാൾക്കൂട്ടം. നോക്കുമ്പോൾ 'പി'യുടെ ആരാധകർ ചുറ്റും കൂടിയിരിക്കുകയാണ്. സുധാകരൻ പണിപ്പെട്ട് ആൾക്കൂട്ടത്തിനിടയിൽ നുഴഞ്ഞുകയറി. ''സർ, ഞാൻ കൂടാളിയിലെ കേളപ്പൻമാസ്റ്ററുടെ മകൻ സുധാകരൻ.'' പറഞ്ഞു തീർന്നില്ല 'പി' കെട്ടിപ്പിടിക്കുകയും തൊട്ടു തലോടുകയും ചെയ്തു. കവിയുടെ ശിഷ്യനാണെന്ന് അപ്പോഴാണ് ആരാധകർ മനസിലാക്കുന്നത്.

കല്ല്യാട്ട് താഴത്തുവീട് ഫാമിലി ട്രസ്റ്റിന്റെ സിക്രട്ടറിയായി കുറേക്കാലം പ്രവർത്തിക്കുകയുണ്ടായി. ആ കാലത്ത് തറവാട്ടിലും അതിനോടനുബന്ധിച്ചുനടത്തുന്ന ആരാധനാലയമായ 'കോട്ടത്തും' ട്രസ്റ്റിനും പല പരിഷ്കാരങ്ങളും നടത്തപ്പെട്ടു. ചുരുക്കത്തിൽ ട്രസ്റ്റിന് ഒരു 'അലകും പിടിയും' ഉണ്ടാക്കിയത് സുധാകരനാണെന്ന് പറയാം. സുധാകരന്റെ വേർപാട് കല്യാട് തറവാടിനും കൂടാളി തറവാടിനും തീരാനഷ്ടം തന്നെ. ആ വിടവ്, വിടവായിത്തന്നെ കിടക്കും.

കല്ല്യാട് ലക്ഷ്മിപുരത്തിൽ കെ.ടി കുഞ്ഞപ്പനമ്പ്യാരുടെ മകൾ എ.കെ ലക്ഷ്മി കുട്ടിയാണ് സഹധർമ്മിണി. 'തിരിയിൽ നിന്ന് കൊളുത്തിയ പന്തം' എന്ന് ഞാൻ വിളിക്കുന്ന ലെഫ്റ്റനന്റ് കേണൽ എ.കെ പ്രശാന്ത്, ആസ്ട്രേലിയയിൽ എഞ്ചിനീയറായ എ കെ നിശ എന്നിവർ മക്കളാണ് .

2025 ഫെബ്രുവരി 11 ന് രാത്രി എട്ടുമണിക്ക് സുധാകരൻ എന്നെ വിളിച്ചു. ''മുരളിയേട്ടാ.. ഞാൻ പ്രശാന്തിന്റെ വീട്ടിലാണുള്ളത്. രണ്ടുദിവസം കഴിഞ്ഞു വരും. കാണാം.'' ഒരിക്കലും സുധാകരൻ പറഞ്ഞ വാക്ക് തെറ്റിക്കാറില്ല. വന്നു... രണ്ടുദിവസം കഴിഞ്ഞു, ഫെബ്രുവരി 13 വ്യാഴാഴ്ച... ചേതനയറ്റ ശരീരമായ്.... കുടുംബത്തിന്റെ തീരാദുഃഖത്തിൽ എന്റെ ഒരിറ്റ് കണ്ണീര്... ആത്മശാന്തി നേരുന്നു....

ഓം ശാന്തി.. ശാന്തി..ശാന്തി ..

Mob: 8547157879



സതീർത്ഥ്യ സ്മരണകൾ

ഇ പി ആർ വേശാല

എന്റെ പ്രിയപ്പെട്ട സുധാകരൻ മാസ്റ്ററുടെ ചരമവാർത്ത ഒരു ഞെട്ടലോടെയാണ് അന്ന് (2025 ഫെബ്രുവരി 14ന്) അതിരാവിലെ ഞാൻ കേട്ടത്. രണ്ടുദിവസം മുൻപ് വിളിച്ചു സംസാരിച്ചപ്പോൾ എന്തെങ്കിലും കാര്യമായ അസുഖമുള്ളതായി തോന്നിയില്ല - സൂചിപ്പിച്ചുമില്ല. ഉടനെ ഞാൻ കൂടാളിയിലെ വീട്ടിലെത്തി. തേജസ്സാർന്ന ആ മുഖത്തു തന്നെ നോക്കിനിന്നു. അന്തരിച്ചെന്ന് വിശ്വസിക്കാൻ കഴിഞ്ഞില്ല. അടുത്തുള്ള മകൻ പ്രശാന്തിനെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. പെട്ടെന്ന് ഞാൻ വിങ്ങിപ്പൊട്ടിപ്പോയി. സഹപ്രവർത്തകർ ആരൊക്കെയോ എന്നെ ആശ്വസിപ്പിച്ചു. വൈകുന്നേരം മൂന്നുമണിക്ക് കുടുംബ ശ്മശാനത്തിൽ സംസ്കാരം കഴിഞ്ഞതിനു ശേഷം ഞാൻ വീട്ടിലേക്ക് മടങ്ങി.

എന്റെ സഹപാഠി, സഹപ്രവർത്തകൻ, ഹെഡ്മാസ്റ്റർ, സർവ്വോപരി, എന്റെ അഭിവന്ദ്യനായ ഗുരുനാഥൻ കെ.ടി കുഞ്ഞിക്കേളപ്പൻ നമ്പ്യാരുടെ മകൻ - ഇങ്ങനെ സുദൃഢവും സുദീർഘവുമായ ബന്ധം - എല്ലാം ഓർമ്മകളായി മാറി !

1968 ജൂണിൽ എനിക്ക് കൂടാളി ഹൈസ്കൂളിൽ അധ്യാപകനായി നിയമനം ലഭിക്കുന്നതിന് രണ്ടുമൂന്ന് വർഷം മുൻപുതന്നെ സുധാകരൻ മാസ്റ്റർ അവിടെ അധ്യാപകനായി ചേർന്നിരുന്നു. ഹെഡ്മാസ്റ്ററുടെ മകൻ എന്ന ഭാവമൊന്നുമില്ലാതെ വളരെ സൗഹൃദമായാണ് മാഷ് എന്നോട് പെരുമാറിയത്. അന്നത്തെ സ്റ്റാഫ് അംഗങ്ങളിൽ പലരും എന്റെ ഗുരുനാഥന്മാരായിരുന്നു. അതുകൊണ്ട് തന്നെ സഹപാഠി എന്ന നിലയിൽ ഞാൻ സുധാകരൻ മാഷോടാണ് സ്വതന്ത്രമായി ഇടപഴകിയതും സംസാരിച്ചതും. അങ്ങനെ അദ്ദേഹം എന്റെ അടുത്ത സുഹൃത്തും മാർഗദർശിയുമായി.

കുഞ്ഞിക്കേളപ്പൻ നമ്പ്യാർ നല്ലൊരു വായനക്കാരനും എഴുത്തുകാരനും ആയിരുന്നു ഹാസസാഹിത്യകാരനായ എം.ആർ നായരുടെ (സഞ്ജയൻ) അടുത്ത സുഹൃത്തായിരുന്നു അദ്ദേഹം. 'സഹദേവൻ' എന്ന തൂലികാ നാമത്തിലാണ് അദ്ദേഹം എഴുതിയത്. ചില രചനകൾ ഞാൻ വായിച്ചിട്ടുമുണ്ട്. പക്ഷെ ഈ സഹദേവൻ എന്റെ ഗുരുനാഥനാണെന്ന് എനിക്ക് അറിയില്ലായിരുന്നു. 1971 ൽ അദ്ദേഹം സർവീസിൽനിന്ന് വിരമിക്കുകയും 1981 ൽ അന്തരിക്കുകയും ചെയ്തു.

കുഞ്ഞിക്കേളപ്പൻ മാസ്റ്ററുടെ സാഹിത്യ സൃഷ്ടികൾ പ്രസിദ്ധീകരിച്ച പത്രമാസികകൾ സുധാകരൻ മാഷ് ഭദ്രമായി സൂക്ഷിച്ചിരുന്നു. ഒരുദിവസം ഞാൻ മാഷിന്റെ വീട്ടിൽ പോയപ്പോൾ അവയൊക്കെ ഒരു സഞ്ചിയിലാക്കി എന്നെ ഏൽപ്പിച്ചു. കൂട്ടത്തിൽ സ്വന്തം പിതാവിന്റെ സ്വകാര്യ ഡയറിയുമുണ്ടായിരുന്നു. ഒരു സമാഹാരമായി പ്രസിദ്ധീകരിക്കാൻ അർഹമായവ തിരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടു. തുടർന്ന് കുറേദിവസം അതിന്റെ പണിപ്പുരയിലായിരുന്നു ഞാൻ. അങ്ങിനെ ഹാസ്യ ലേഖനങ്ങളും കഥകളും കവിതകളുമൊക്കെ തിരഞ്ഞെടുത്തു ഒരു പുസ്തകത്തിലാക്കാവുന്നവ പകർത്തിയെഴുതി. പിന്നെയെല്ലാം ത്വരിതഗതിയിലായി. പ്രഗത്ഭ വാഗ്മിയും എഴുത്തു



കോടോത്തു ഗോവിന്ദൻ നായർ, സുധാകരൻ മാസ്റ്റർ,
ലേഖകൻ, എ കെ രാജാഗോപാലൻ നമ്പ്യാർ, എ കെ ദേവീദാസ് മാസ്റ്റർ

കാരനും ഞങ്ങളുടെ സഹപ്രവർത്തകനുമായ ശ്രീ വാണിദാസ് എളയാവൂരാണ് പുസ്തകത്തിന് 'സഹദേവവാക്യം' എന്ന പേര് നിർദ്ദേശിച്ചത്. കണ്ണൂരിലെ കൈരളി ബുക്ക്സ് ആണ് പ്രസിദ്ധീകരിച്ചത്. ഗ്രന്ഥകർത്താവ് എന്നതിന് പകരം സമാഹർത്താവ് ആയി എന്റെ പേര് വെക്കാൻ സ്നേഹനിധിയായ സുധാകരൻ മാഷ് നിർബന്ധിച്ചു. സ്വന്തം പിതാവിന്റെ ഓർമ്മപുസ്തകത്തിൽ മകന്റെ പേരാണ് വെക്കേണ്ടതെന്നു ഞാൻ ശഠിച്ചു. കൂടാളി ഹയർ സെക്കന്ററി സ്കൂൾ മെയിൻ ഹാളിൽ കേളപ്പൻ മാസ്റ്ററുടെ ശിഷ്യരുടെയും കുടുംബാംഗങ്ങളുടെയും സാന്നിധ്യത്തിൽ, നിറഞ്ഞ സദസ്സിൽ 'സഹദേവവാക്യ'ത്തിന്റെ പ്രകാശനകർമ്മവും നിർവഹിക്കപ്പെട്ടു.

സഹദേവ വാക്യത്തിലെ 'കൂടാളി വീരൻ' എന്ന കഥ സുധാകരൻ മാസ്റ്ററുടെ മകൻ ഡോ. എ.കെ പ്രശാന്ത് അടുത്ത കാലത്ത് ഒരു ഷോർട് ഫിലിം ആക്കിയിട്ടുണ്ട്. അതിൽ ഗുരുക്കളച്ഛനായി അഭിനയിച്ചത് പ്രസിദ്ധ നടനും റേഡിയോ നാടക ആർട്ടിസ്റ്റുമായ ശ്രീ. കെ.ടി മുരളീധരൻ നമ്പ്യാരാണ്. സഹനടനും സംവിധായകനും ഡോ. പ്രശാന്ത് തന്നെയാണ്. ഈ സിനിമ കൂടാളിയിലെ പൊതുജനങ്ങൾക്കുവേണ്ടി സ്കൂൾ ഹാളിൽ പ്രദർശ്ശിപ്പിക്കുകയും ചെയ്തു.

സുധാകരൻ മാസ്റ്ററെക്കുറിച്ചെഴുതുമ്പോൾ അവശ്യം രേഖപ്പെടുത്തേണ്ടുന്ന ഒന്നാണ് സ്കൂളിന്റെ സുവർണജൂബിലി ആഘോഷം. 1945 ൽ സ്ഥാപിക്കപ്പെട്ട സ്കൂളിന്റെ 50-ാം വാർഷികം

1995 ൽ ആയിരുന്നു. അന്ന് ഹെഡ്മാസ്റ്റർ സുധാകരൻ മാഷ്. സുവർണജൂബിലി സമുചിതമായി ആഘോഷിക്കാൻ ഹെഡ്മാസ്റ്ററുടെ അധ്യക്ഷതയിൽ ചേർന്ന സ്റ്റാഫ് കൌൺസിൽ യോഗം തീരുമാനിച്ചു. വിപുലമായ സ്വാഗത സംഘവും സബ് കമ്മിറ്റികളും രൂപീകരിച്ചു.

പ്രോഗ്രാം കമ്മിറ്റിയുടെ കൺവീനർ ഞാനായിരുന്നു. ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പരിപാടികളാണ് ആസൂത്രണം ചെയ്തത്. ആകർഷകമായ ഉദ്ഘാടനം, തുടർന്ന് വിദ്യാഭ്യാസ സമ്മേളനം, പൂർവ വിദ്യാർത്ഥി സംഗമം, സാഹിത്യ സമ്മേളനം, സ്വാതന്ത്ര്യ സമര സേനാനി സംഗമം തുടങ്ങിയവയായിരുന്നു പ്രതിമാസ പരിപാടികളിൽ പ്രധാനപ്പെട്ടവ. ജനപ്രതിനിധികളും സാംസ്കാരിക പ്രവർത്തകരും പങ്കെടുത്ത ഉദ്ഘാടനം ശ്രദ്ധേയമായി. ഉദ്ഘാടനം കഴിഞ്ഞപ്പോൾ ഹെഡ്മാസ്റ്റർക്ക് ആത്മവിശ്വാസവും ആവേശവുമായി.

ഡോക്ടർ സുകുമാർ അഴീക്കോടും ടി പദ്മനാഭനും പങ്കെടുത്ത സാഹിത്യ സമ്മേളനവും ആറേഴ് സ്വാതന്ത്ര്യ സമര സേനാനികളുടെ സംഗമവുമായിരുന്നു സുധാകരൻ മാസ്റ്റർക്ക് ഏറെ ഇഷ്ടപ്പെട്ടത്. എ.വി ശ്രീകണ്ഠ പൊതുവാൾ, പീരങ്കി നമ്പീശൻ, പി.എം കുഞ്ഞിരാമൻ നമ്പ്യാർ, വി.കെ പൈതൽ തുടങ്ങിയ സമര സേനാനികളുടെ സമരാനുഭവങ്ങൾ വിവരിക്കുമ്പോൾ സദസ്സ് കാതും കൂർപ്പിച്ചിരിക്കുകയായിരുന്നു. പരിപാടിയുടെ അവസാനം ഹെഡ്മാസ്റ്റർ പറഞ്ഞു ''കുട്ടികളേ...സ്വാതന്ത്ര്യ സമരത്തെക്കുറിച്ചു നിങ്ങൾ സോഷ്യൽ സയൻസിൽ പഠിക്കുന്നുണ്ട്. ആ സമര നായകരോടൊപ്പം ഇത്രയും സമയം ഒന്നിച്ചിരിക്കാനും അവരുമായി സംവദിക്കാനും കഴിഞ്ഞ നമ്മൾ ഭാഗ്യവാന്മാരാണ്!'' കുട്ടികൾ കൈയ്യടിച്ചു !

സാഗര ഗർജ്ജനത്തിന്റെ ആൾരൂപമായ ഡോക്ടർ സുകുമാർ അഴീക്കോടും കഥയുടെ കുലപതിയായ ടി പദ്മനാഭനും – രണ്ടേ രണ്ടു പേർ മാത്രം പങ്കെടുത്ത സാഹിത്യ സമ്മേളനം വേറിട്ട ഒരനുഭവമായിരുന്നു. അഴീക്കോട് ഉദ്ഘാടകൻ പപ്പേട്ടൻ അധ്യക്ഷൻ – പി യുടെ പല കവിതകളും പിറവിയെടുത്ത കൂടാളിയുടെ ഭാഗ്യത്തെ കുറിച്ചു സംസാരിച്ചുതുടങ്ങിയ കഥാകാരൻ കവിതകൾ ഉദ്ധരിക്കുന്നത് കേട്ട് സദസ്സ് കോൾമയിർ കൊണ്ടു. കവിയുടെ കാൽപ്പാടുകളിലൂടെ പ്രയാണം നടത്തിയ അഴീക്കോട് മാഷിന്റെ പ്രഭാഷണം ചിരിക്കാനും ചിന്തിക്കാനും വക നൽകി. സമ്മേളനം കഴിഞ്ഞു സദസ്സ് പിരിഞ്ഞപ്പോൾ ഹെഡ് മാസ്റ്റർ എന്നെ വിളിച്ചു. ''നിങ്ങൾ എന്ത് ധൈര്യത്തിലാണ് ഈ സാഹിത്യ സമ്മേളനം സംഘടിപ്പിച്ചത്? രണ്ടേരണ്ടു പേർ. ഒരാൾ വന്നില്ലെങ്കിൽ പരിപാടി പൊളിയുമായിരുന്നില്ലേ?'' ഞാൻ പറഞ്ഞു ''വരാതിരിക്കില്ലല്ലോ. കൂടാളി ഹൈസ്ക്കൂളല്ലേ. ഹെഡ്മാസ്റ്റർ കെ.ടി സുധാകരനല്ലേ!'' മാഷിന്റെ ചുണ്ടിൽ വിരിഞ്ഞ ആ നിഷ്കളങ്കമായ ചിരി ഇന്നും ഞാൻ ഓർക്കുന്നു .

ഒരുദിവസം വൈകുന്നേരം ക്ലാസ്സിലായിരുന്ന എന്നെ ഹെഡ്മാസ്റ്റർ പ്യൂണിനെ അയച്ചുവിളിപ്പിച്ചു. ഞാൻ ഓഫീസിലെത്തുമ്പോൾ D E O ഹെഡ് മാസ്റ്റർക്ക് അഭിമുഖമായി ഇരിക്കുന്നു. എന്നെ ഹെഡ്മാസ്റ്റർ D E O ന്ന് പരിചയപ്പെടുത്തി.

''ഓ, മാഷെ അറിയാം. സംഘടനാ പ്രവർത്തകനല്ലേ. കലോത്സവസംഘാടനത്തിലൊക്കെ സജീവമാകുന്ന ആളല്ലേ'' ഞാൻ കഥയൊന്നുമറിയാതെ മനസ്സിൽ ചോദ്യചിഹ്നങ്ങളുമായി വിനയപൂർവം നിന്നു.

''മാഷെ... അവാർഡിന് Papers അയക്കേണ്ടുന്ന സമയമാണ്.'' D E O ഇതും പറഞ്ഞു ഹെഡ്മാസ്റ്ററുടെ കൈയിൽനിന്ന് ഒരു Form വാങ്ങി എനിക്കുനേരെ നീട്ടി. പെട്ടെന്നുതന്നെ ഞാൻ ഭവ്യതയോടെ പറഞ്ഞു. ''Madam, അതിന് ഏറ്റവും അർഹതയുള്ള ആളാണ് ഹെഡ്മാസ്റ്റർ'.' ''മാഷിന് താൽപ്പര്യമില്ലെന്ന് പറഞ്ഞു .'' സോറി മാഡം – ഈ സ്കൂളിലെ എന്റെ രണ്ടു ഗുരുനാഥന്മാർക്കും ഗുരുസദൃശനായ മറ്റൊരാൾക്കും ഇതിനകം അവാർഡ് ലഭിച്ചു. അത് ഞങ്ങൾക്ക് മുഴുവനും കിട്ടിയ അംഗീകാരമാണ്. അതുകൊണ്ട് എനിക്ക് തീരെ താല്പര്യമില്ല.''

ഹെഡ്മാസ്റ്ററുടെയും DEO യുടെയും അനുമതിയോടെ ഞാൻ ക്ലാസിലേക്ക് തിരിച്ചു പോയി. എനിക്ക് ഒരുകാര്യം മനസ്സിലായി. സുധാകരൻ മാസ്റ്ററെ ഉദ്ദേശിച്ചാണ് DEO നേരിട്ട് വന്നത്. അദ്ദേഹം ഒരുവിധത്തിലും വഴങ്ങിയില്ല. അതിന് ശേഷമാണ് എന്നെ വിളിച്ചത്.

അന്ന് വൈകുന്നേരം ഹെഡ്മാസ്റ്റർ പറഞ്ഞു. ''ഞാൻ കെ.പി കുഞ്ഞിരാമൻ മാസ്റ്ററോടും പറഞ്ഞു. അദ്ദേഹവും നിരസിക്കുകയാണ് ഉണ്ടായത്.'' സത്യത്തിൽ സുധാകരൻ മാസ്റ്റർക്ക് വല്ലാത്ത വിഷമം ഉണ്ടായിരുന്നു. ആശ്വസിപ്പിക്കാൻ ഞാൻ സൂചിപ്പിച്ചു. ''കെ പി സർവഥാ യോഗ്യനാണ്. അദ്ദേഹം സ്കൗട്ട് പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകനല്ലേ. ഞാൻ നാളെ കെപിയെ കണ്ട് ഒന്ന് പറഞ്ഞു നോക്കട്ടെ ' ഹെഡ്മാസ്റ്റർ സമ്മതിച്ചു .

അടുത്തദിവസം അതിരാവിലെ ഞാൻ കെപിയുടെ വീട്ടിലെത്തി. അദ്ദേഹം യോഗ ചെയ്യുകയായിരുന്നു. യോഗ കഴിഞ്ഞു വന്നപ്പോൾ ഞാൻ വിഷയം അവതരിപ്പിച്ചു.സ്നേഹപൂർവ്വം നിർബന്ധിച്ചു. അവസാനം മാഷ് വഴങ്ങി. പിന്നെയെല്ലാം പെട്ടെന്നായിരുന്നു. അന്നുതന്നെ അപേക്ഷയും അനുബന്ധ രേഖകളെല്ലാം തയ്യാറാക്കി. അടുത്ത ദിവസം ഫയൽ തലശ്ശേരി DEO ഓഫിസിൽ എത്തിച്ചു. പക്ഷെ പതിവുപോലെ ആ വർഷം അധ്യാപക ദിനമായ സപ്തംബർ അഞ്ചിന് അവാർഡ് പ്രഖ്യാപനം ഉണ്ടായില്ല. മാർച്ച് 31 ന് കുഞ്ഞിരാമൻ മാസ്റ്റർ റിട്ടയർ ചെയ്തു. കുട്ടികളും സ്റ്റാഫും സമുചിതമായ യാത്രയയപ്പ് നൽകി.

വേനലവധികഴിഞ്ഞു സ്കൂൾ തുറക്കുന്നതിനുമുൻപ് ഞങ്ങൾ കുറേ അധ്യാപകർ സ്റ്റാഫ് റൂമിൽ ഇരിക്കുകയായിരുന്നു. പുതിയ അഡ്മിഷന് വരുന്ന കുട്ടികളുടെ അപേക്ഷാ ഫോറം പൂരിപ്പിക്കുകയും രക്ഷിതാക്കളെ പരിചയപ്പെടുകയുമായിരുന്നു. അപ്പോഴതാ റിട്ടയർ ചെയ്ത കുഞ്ഞിരാമൻ മാസ്റ്റർ കയ്യിൽ ഒരു ലോങ്ങ് കവറുമായി വരുന്നു. അദ്ദേഹം ദേശീയ അവാർഡിന് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു! ഞങ്ങൾ കെപിയെ ഓഫിസ് റൂമിലേക്ക് ആനയിച്ചു. ഹെഡ്മാസ്റ്റർക്കുണ്ടായ സന്തോഷത്തിന് അതിരില്ല. അദ്ദേഹം എന്നെ നോക്കി ചിരിച്ചു. ആ സ്പെഷ്യൽ ചിരിയുടെ അർഥം ഞങ്ങൾക്കുമാത്രമേ അറിയുമായിരുന്നുള്ളൂ. സുധാകരൻ മാസ്റ്ററാകട്ടെ അവാർഡ് തനിക്കുകിട്ടിയതുപോലെ വല്ലാത്തൊരു ത്രില്ലിലായിരുന്നു.

കുഞ്ഞിരാമൻ മാസ്റ്റർ അന്നത്തെ രാഷ്ട്രപതി കെ.ആർ നാരായണനിൽ നിന്ന് അവാർഡ് വാങ്ങി തിരിച്ചുവരുമ്പോൾ കണ്ണൂർ റെയിൽവേ സ്റ്റേഷനിലും സ്കൂളിലും ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ ആവേശകരമായ സ്വീകരണം നൽകി. പക്ഷെ വിരമിച്ചു രണ്ടു വർഷം കഴിയുന്നതിനുമുൻപുതന്നെ കെ പി രോഗഗ്രസ്തനാകുകയും അന്തരിക്കുകയും ചെയ്തു.

സുധാകരൻ മാസ്റ്റർ തന്റെ അച്ഛൻ കെ ടി കുഞ്ഞിക്കേളപ്പൻ നമ്പ്യാർ ഉൾപ്പെടെയുള്ള മുൻ ഹെഡ്മാസ്റ്റർമാരെപ്പോലെ സ്കൂളിന്റെ പേരും പെരുമയും വർധിപ്പിക്കാൻ ആത്മാർത്ഥമായി പ്രവർത്തിച്ചു. മറ്റ് പല വിദ്യാലയങ്ങളിലും വിദ്യാർത്ഥി സമരം മൂലം അന്തരീക്ഷം കലുഷിതമായപ്പോൾ കൂടാളി ഹൈസ്കൂൾ സമരമുക്തമാക്കാൻ കഴിഞ്ഞത് ഹെഡ്മാസ്റ്ററുടെ തന്ത്രപരമായ ഇടപെടലുകൾ മൂലമാണ്.

വിദ്യാർത്ഥികളോടും രക്ഷിതാക്കളോടും അദ്ദേഹം തന്റെ സ്വതസിദ്ധമായ സൗമ്യഭാവത്തിലും ഹൃദ്യമായും പെരുമാറി. അതുകൊണ്ടു തന്നെയാണ് അന്ന് സുധാകരൻ മാസ്റ്ററുടെ ആകസ്മികമായ ചരമ വാർത്ത അറിഞ്ഞപ്പോൾ അസംഖ്യം ജനങ്ങൾ കൂടാളിയിലെ വീട്ടിലെത്തിയതും ആദരാഞ്ജലി അർപ്പിച്ചതും - എന്റെ പ്രിയപ്പെട്ട സതീർത്ഥ്യന്, സഹപ്രവർത്തകന് ആദരാഞ്ജലികൾ!

(കൂടാളി ഹൈസ്ക്കൂളിൽ നിന്നും വിരമിച്ച അധ്യാപകനാണ് ശ്രീ. ഇ.പി.ആർ വേശാല)



വരവിൽകാവ് –
വനദുർഗ വിളയാടുന്ന അഭയാരണ്യം


തലശ്ശേരി താലൂക്കിൽ പട്ടാനൂർ വില്ലേജിൽ കൊടോളിപ്പുറത്ത് സ്ഥിതിചെയ്യുന്ന ശ്രീ വരവിൽക്കാവ് വിശ്വാസപരമായും പാരിസ്ഥിതിക പ്രത്യേകതകളാലും ഏറെ പ്രധാന പ്പെട്ട സങ്കേതമാണ്. വരയിൽക്കാവെന്നും ഈ സങ്കേതം അറിയപ്പെടുന്നു. കല്ല്യാട്ട് താഴത്തു വീട് തറവാട് കാരണവർ പാരമ്പര്യ ട്രസ്റ്റിയായ ഈ ദേവീസങ്കേതത്തിനരികിലേക്ക് ഇരിക്കൂർ – മട്ടന്നൂർ റോഡിൽ കൊടോളിപ്പുറം വഴിയും ഇരിക്കൂർ – ചാലോട് റോഡിൽ നിന്നും കരടി വഴിയും എത്താനാവും. സ്ത്രീകൾക്ക് ഇന്നും പ്രവേശനമില്ലാത്ത ഈ പുണ്യസങ്കേതത്തിലെ ആരാധനാമൂർത്തി വനദുർഗ്ഗയായി വിരാജിക്കുന്ന വരവിൽകാവിലമ്മയാണ്.

വളരെ പ്രാചീനമെന്ന് കരുതപ്പെടുന്ന ഈ ആരാധനാകേന്ദ്രത്തിന്റെ ചരിത്രത്തെക്കുറിച്ച് വാമൊഴികൾക്കും ഐതിഹ്യങ്ങൾക്കുമപ്പുറം ഏറെ വിവരങ്ങളൊന്നും ലഭ്യമല്ല. ഏതാണ്ട് മൂന്നൂറേക്കറയിലധികം വ്യാപിച്ചുകിടന്നിരുന്നു എന്ന് പഴമക്കാർ പറയുന്ന കാവിന് ഇന്നുള്ളത് രണ്ടേക്ര പതിനാറ് സെന്റ് ഭൂമിയാണ്. നൂറ്റാണ്ടുകളായി ആളുകൾ ഭയഭക്തിയോടെ കണ്ടിരുന്ന ഈ ദേവസ്ഥാനം ആദ്യകാലത്ത് ബ്രാഹ്മണരുടെ നിയന്ത്രണത്തിലായിരുന്നു. മണ്ണൂരില്ലത്തെ ബ്രാഹ്മണർക്കായിരുന്നു ഒരുകാലത്ത് ഇതിന്റെ പാരമ്പര്യ ഊരായ്മ. പിന്നീട് അവരത് കല്ല്യാട്ട് നമ്പ്യാർക്കു കൈമാറി. അങ്ങിനെ കല്ല്യാട്ടു താഴത്തുവീട്ടുകാരുടെ അധികാരത്തിലായി ക്ഷേത്രം. അതു സംബന്ധിച്ച് തറവാട് പാർട്ടീഷൻ രേഖകളിൽ സൂചനകളുണ്ട്. നാട്ടുകാരുടെയും

പ്രദേശവാസികളുടേയും സർവ്വാഭീഷ്ടപ്രദായിനിയായ അമ്മയുടെ സങ്കേതം, നാട്ടുകാർ ഗ്രാമക്ഷേത്രമായാണ് കാണുന്നത്. തറവാട്ട് പാർട്ടീഷനുകളോടെ ഭൂസ്വത്തുക്കൾ വിഭജിച്ചുപോവുകയും അല്ലാത്തവ അന്യാധീനപ്പെടുകയും ചെയ്തു. തറവാട്ടിനധീനതയിലുള്ള എല്ലാ ക്ഷേത്രങ്ങളുടെയും നിത്യനിദാനകാര്യങ്ങൾ വിഷമത്തിലായി. തറവാട്ട് സ്വത്തുക്കൾ മാത്രമാണ് വിഭജിക്കപ്പെടുന്നതെന്നും ക്ഷേത്രങ്ങളും ദേവസ്ഥാനങ്ങളും കൂട്ടുസ്വത്തായി തുടരുമെന്നും അതിന്റെ ചുമതല തറവാട്ട് കാരണവരിൽ തന്നെയാണെന്നും ഭാഗപത്രത്തിൽ പറഞ്ഞിരുന്നുവെങ്കിലും പ്രായോഗികമായി ഓരോ ക്ഷേത്രത്തിന്റെയും പ്രശ്നങ്ങൾ വ്യത്യസ്തങ്ങളായിരുന്നു. തറവാട്ടിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുണ്ടായിരുന്ന മാമാനിക്കുന്ന് മഹാദേവിക്ഷേത്രം മലബാർ ദേവസ്വം ബോർഡിന് കൈമാറുകയും തറവാട്ടിലെ ഒട്ടുമിക്ക അനുബന്ധക്ഷേത്രങ്ങളും അതോടൊപ്പം ചേർക്കുകയും ചെയ്തപ്പോൾ വരവിൽക്കാവും അതിലുൾപ്പെട്ടു. അതിനുമുന്നേ ചിത്രാരിയിലുണ്ടായിരുന്ന, പിന്നീട് കാരണവരായ കെ.ടി ബാലഗോപാലൻ നമ്പ്യാർ ഈ ക്ഷേത്രങ്ങളുടെ കാര്യത്തിൽ ശ്രദ്ധിച്ചിരുന്നു. മാമാനിക്കുന്ന് ക്ഷേത്രത്തിലെ എക്സിക്യുട്ടീവ് ഓഫീസറുടെ മേൽനോട്ടത്തിലാണ് ഇന്ന് ദൈനംദിന കാര്യങ്ങൾ നടത്തുന്നത് വരവിൽകാവിന്റെ നിത്യപ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ഏതാണ്ട് 20 വർഷക്കാലമായി സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത നാട്ടുകാരുടെ കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നു. നിലവിൽ ആർ.കെ. കൃഷ്ണൻ മാസ്റ്റർ പ്രസിഡണ്ടും എ. കൃഷ്ണൻ സെക്രട്ടറിയും കെ. നാരായണൻ ട്രഷററുമായുള്ള കമ്മിറ്റിയാണ് ഉള്ളത്.

ഭഗവതി വരയിൽക്കാവിൽ/ വരവിൽക്കാവിൽ എത്തിയതിനെപ്പറ്റി നാട്ടുകാരുടെ ഇടയിൽ നിരവധി കഥകളും ഐതിഹ്യങ്ങളുമുണ്ട്. ഏതോ ഒരു കാലത്ത് രണ്ട് സഹോദരിമാർ ദൂരദേശത്ത് നിന്ന് യാത്ര ചെയ്ത് ആ ഗ്രാമത്തിൽ എത്തി. യാത്രാക്ഷീണം കാരണം ദാഹം തീർക്കാൻ ഗ്രാമത്തിലെ വീടുകളിൽ വെള്ളം ചോദിച്ചെത്തിയപ്പോൾ സ്ത്രീകളൊന്നും ഇവർക്ക് വെള്ളം കൊടുത്തില്ല. ഒടുവിൽ അവിടെയുള്ള കരിമ്പാലൻ സമുദായത്തിലെ സ്ത്രീകളാണ് ഇവർക്ക് ദാഹജലം നൽകിയത്. സർവ്വശക്തരായ ദേവിമാരായിരുന്നുവത്രെ ആ രണ്ടു പേർ. ജ്യേഷ്ഠത്തി വരയിൽക്കാവിലും അനുജത്തി കൊടോളിപ്രം ചുഴലി ഭഗവതി ക്ഷേത്രസ്ഥാനത്തും കുടികൊണ്ടു എന്നാണ് ഐതിഹ്യം. നാട്ടിലെ ഒരു സ്ത്രീയും ദേവതകൾക്ക് ദാഹജലം നൽകിയില്ല എന്നതിനാലാണുപോലും വരയിൽക്കാവിൽ സ്ത്രീപ്രവേശം നിരോധിക്കപ്പെട്ടത്. കാവിൽ ഒരു കരിമ്പാലൻ കോമരം ഉണ്ട്. കരിമ്പാലൻ വിഭാഗത്തിൽപെട്ട സ്ത്രീകൾക്ക് തെയ്യത്തിന്റെ സമയത്ത് കാവിൽ പ്രവേശിക്കാം. മാത്രമല്ല കാവിലെ ഉണങ്ങിയ വിറക് ശേഖരിക്കാൻ ഈ സമുദായത്തിന് അവകാശവുമുണ്ട്.

കാവിലെ ദിഗ്ബലി (ദിക്കെലി എന്നാണ് ഗ്രാമ്യഭാഷ) നടക്കുമ്പോഴും സ്ത്രീകൾ കാണാൻ പാടില്ലെന്നതാണ് സമ്പ്രദായം. പണ്ടൊരുതവണ ഒരു സ്ത്രീ ദിഗ്ബലി കാണാൻ ആരും കാണാതെ ഒരു വൈക്കോൽക്കൂനയിൽ ഒളിച്ചിരുന്നത്രെ. ''ഞാൻ പുല്ലിൽ ഒരു വാഴക്കുല പഴുക്കാൻ വെച്ചിട്ടുണ്ട്, അത് പാകമായോ എന്ന് നോക്കൂ'' എന്ന് ഭഗവതിയുടെ കോലത്തിന്റെ അരുളപ്പാടുണ്ടായി. പുൽക്കൂന





തിരഞ്ഞപ്പോൾ ആ സ്ത്രീയുടെ മൃതശരീരം കണ്ടെത്തി എന്നാണ് കഥ. വിശ്വാസസംരക്ഷണത്തിനായി എല്ലാ പ്രാചീന സമൂഹങ്ങളും ഇത്തരം കഥകളുണ്ടാക്കുകയും കൈമാറുകയും ചെയ്യുന്നതായി നരവംശശാസ്ത്രജ്ഞൻമാർ വിശദീകരിക്കുന്നുണ്ട്. നാട്ടുകാർക്ക് കാവിലും ഭഗവതിയുടെ ശക്തിയിലും നല്ല വിശ്വാസമാണിപ്പോഴും.

ഒരുകാലത്ത് കേരളമാകെ വനനിബിഡമായ പ്രദേശമായിരുന്നുവെന്നാണ് പറയപ്പെടുന്നത്. അതിൽ അചഞ്ചലമായ വിശ്വാസത്തിന്റെ പേരിൽ അവശേഷിക്കുന്ന പച്ചത്തുരുത്തുകളാണ് ഈ ദേവാരണ്യങ്ങൾ. പരിസ്ഥിതിപരമായി ഏറെ പ്രാധാന്യമുള്ള അന്യംനിന്നുപോയേക്കാവുന്ന സസ്യലതാദികളും ജീവിവർഗ്ഗങ്ങളും ഈ കാവിനെ ഇന്നും അഭയസ്ഥാനമായി കരുതുന്നു. കൊടോളിപ്പുറം ഗ്രാമത്തിന്റെ മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന ഈ സങ്കേതം നല്ലൊരു ജലസംഭരണിപോലെ പ്രവർത്തിക്കുന്നു. സമുദ്രനിരപ്പിൽ നിന്നും ശരാശരി 37 മീറ്റർ ഉയരം മാത്രമേ കാവു സ്ഥിചെയ്യുന്ന പ്രദേശത്തിനുള്ളൂ. ചെങ്കൽക്കുന്നുകളുടെയും വയലുകളുടെയും ഇടയിലായി സ്ഥിതിചെയ്യുന്ന ഈ പ്രദേശം കൊടുംവേനലിലും കുളിർകോരിനിൽക്കുന്ന തരത്തിൽ സസ്യ-വൃക്ഷ നിബിഡമാണ് ഇന്നും. കാവടിവേരുകൾ ഉയർത്തിനിൽക്കുന്ന 'മിരിസ്ററിക്കാ മര'ങ്ങളുള്ള കേരളത്തിലെ അപൂർവ്വം കാവുകളിലൊന്നാണിതെന്ന് പരിസ്ഥിതി വിദഗ്ദ്ധർ സൂചിപ്പിക്കുന്നു. വിശ്വാസപരമായ കാരണങ്ങളാൽ ബാഹ്യഇടപെടൽ താരതമ്യേന കുറവായതിനാൽ, ധാരാളം അപൂർവ്വ സസ്യങ്ങളും വള്ളിച്ചെടികളും കാവിന്റെ ജൈവവൈവിധ്യം വർധിപ്പിക്കുന്നു. കാവിനു മധ്യത്തിലൂടെ ഒഴുകുന്ന അരുവി ഈ തുരുത്തിന്റെ പച്ചപ്പ് നിലനിൽക്കാൻ സഹായിക്കുന്നു. മഴക്കാലത്ത് ശക്തമായ ശുദ്ധജലപ്രവാഹമുള്ള ഈ കൊച്ചരുവി ഏപ്രിൽ - മെയ് മാസങ്ങളിൽ വറ്റാറുണ്ട്. കാവിനുള്ളിലായി ഒരു കിണറുമുണ്ട്. കാവിനു ചുറ്റും കശുമാവിൻ തോട്ടങ്ങളും തെങ്ങിൻ തോപ്പുകളും കമുകിൻ തോട്ടങ്ങളും വീടുകളും ഉണ്ട്. ധാരാളം പക്ഷി

കളും ഉഭയജീവികളും ഉരഗങ്ങളും ഇവിടെയുണ്ട്. 93 ഇനം പക്ഷികളെ സി ശശികുമാർ ഈ കാവിൽ നിന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ പശ്ചിമഘട്ടത്തിൽ മാത്രം കാണുന്ന എട്ടിനങ്ങളുണ്ട്. ദേശാടകരായ 15 പക്ഷിയിനങ്ങളും വനജാതികളായ 22 ഇനങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഐ.യു.സി.എൻ ചുവപ്പു പട്ടികയിലുള്ള ഒരിനവും അതിൽപ്പെടും.

ആരാധന - വഴിപാടുകൾ

ക്ഷേത്രത്തിലെ പ്രധാനവഴിപാട് തെയ്യം തിറയാണ്. ഇതിന് ക്ഷേത്രകമ്മിറ്റി ഇപ്പോൾ ഈടാക്കുന്നത്, സാധനങ്ങൾക്ക് പുറമെ 3000 രൂപയാണ്. വഴിപാടിനാവശ്യമായ സാധനങ്ങൾ ഭക്തന്മാർ സമർപ്പിക്കുകയാണ് പതിവ്. കുരുത്തോലമൂടി അണിഞ്ഞുള്ള ഭഗവതിയുടെ തിറയാണ് ഇവിടെ നടത്തുന്നത്. വളരെ പ്രധാനപ്പെട്ട കരിങ്കലശം കാവിലെ പ്രധാനപ്പെട്ട വഴിപാടാണ്. കൂടാതെ സാധാരണ കലശം എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ക്ഷേത്രകമ്മിറ്റി നടത്തുന്നു. വഴിപാടായി തെയ്യം തിറയോ കരിങ്കലശമോ ഇല്ലാത്ത സമയങ്ങളിൽ കമ്മിറ്റി സ്വന്തം ചിലവിൽ നടത്തുകയാണ് പതിവ്. കോമരം നാട്ടിലെ എല്ലാ വീടുകളിലും പോയി നെല്ല് സംഭരിച്ച് ക്ഷേത്രത്തിലേക്ക് ആവശ്യമായ നെല്ല്, അരി, അവൽ എന്നിവ എത്തിച്ച് നടത്തുന്ന പുത്തരികലശമാണ് മറ്റൊരു പ്രധാന ചടങ്ങ്. ഈ സമയത്ത് എല്ലാ ആചാരസ്ഥാനികരും ക്ഷേത്രത്തിൽ എത്തുക പതിവാണ്.

കാവിനകത്ത് ഇന്നും നിലവിളക്കിന്റെയും ഓലച്ചൂട്ടിന്റെയും വെളിച്ചം മാത്രമേ ഉപയോഗിക്കാറുള്ളൂ. വർഷത്തിൽ രണ്ട് പ്രാവശ്യം ക്ഷേത്രത്തിൽ കൂട്ടത്തിറ ഉണ്ടാവും. കൊടോളിപ്രം - കുന്നോത്ത് ദേശവാസികളുടെ പ്രത്യേകം കൂട്ടത്തിറകളാണ് ഈ സമയത്ത് നടക്കുക. കുംഭമാസത്തിലാണ് ഈ ഉത്സവം. ഈ സമയത്ത് നാട്ടിലെ എല്ലാ പുരുഷന്മാരും ക്ഷേത്രസന്നിധിയിൽ എത്തുകയും വൈകുന്നേരം നടക്കുന്ന പ്രസാദ സദ്യയിൽ പങ്കുകൊള്ളുകയും ചെയ്യും.

മീനം മൂന്ന് ആണ് ക്ഷേത്രത്തിലെ പ്രതിഷ്ഠാദിനം. കാളകാട്ടില്ലത്ത് നമ്പൂതിരിമാരാണ് തന്ത്രിമാർ. മൂന്ന് വർഷത്തിൽ ഒരു തവണ തന്ത്രിയുടെ സാന്നിധ്യം നിർബന്ധമാണ്. വർഷത്തിൽ ഒരിക്കൽ കൊടോളിപ്രം ദേശത്തും കുന്നോത്ത് ദേശത്തുമുള്ള എല്ലാ ഹിന്ദുഭവനങ്ങളിലും കോലം ധരിച്ച് ഭഗവതി സന്ദർശനം നടത്താറുണ്ട്. ഈ ചടങ്ങ് ദിഗ്ബലി എന്നാണ് അറിയപ്പെടുന്നത്. ഈ ക്ഷേത്രത്തിൽ കുന്നോത്ത് ദേശത്തെ മഞ്ഞേരി വീട്ടുകാർക്കാണ് പൊന്നും പാട്ടാളി സ്ഥാനം. തെയ്യംതിറ സമയങ്ങളിൽ ഭഗവതി അണിയുന്ന സ്വർണ്ണവും മറ്റും സൂക്ഷിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നത് കാലാകാലങ്ങളിലുള്ള പാട്ടാളിമാരാണ്. കൊടോളിപ്പുറം, കുന്നോത്ത് പ്രദേശങ്ങളിലുള്ള വണ്ണാൻ സമുദായത്തിൽപ്പെട്ട കല്ലാടിമാരെന്ന സ്ഥാനപ്പേരുള്ളവരാണ് അടിയന്തിരം കഴിക്കുന്നത്. കൂടാതെ തെയ്യം, തിറ, കൂട്ടത്തിറ എന്നിവയുടെ സമയത്ത് ഭഗവതിയുടെ മുടിക്ക് ആവശ്യമായ കുരുത്തോല ക്ഷേത്രത്തിൽ എത്തിക്കുന്ന കലശക്കാർ, മലയവിഭാഗത്തിൽപ്പെട്ട പണിക്കർമാർ എന്നിവരും ക്ഷേത്ര അടിയന്തിരക്കാരായി പ്രവർത്തിക്കുന്നു. ക്ഷേത്രത്തിൽ നിലവിൽ ഒരു അണിയറയും സ്ഥാനികർക്ക് ഇരിക്കാൻ മേലായിപ്പടിയും ഉണ്ട്. ഭക്തജനങ്ങൾക്ക് ഏറെ വിശ്വാസമുള്ള ഉഗ്രമൂർത്തിയായി ആരാധിക്കപ്പെടുന്ന ഭഗവതിയാണ് വരവിൽകാവിലമ്മ. നാട്ടിൽ നിന്നും അന്യനാടുകളിൽ നിന്നും ധാരാളം ആളുകൾ ഇന്ന് ക്ഷേത്രത്തിലെത്തിച്ചേരുന്നുണ്ട്. വ്യത്യസ്ത സാമൂഹ്യവിഭാഗത്തിലുള്ളവരുടെ കൂട്ടായ്മകളും ഉത്തരവാദിത്ത വിഭജനങ്ങളും ക്ഷേത്രത്തിന്റെ പ്രാചീനമായ പ്രാധാന്യത്തെയും അത് ആ പ്രദേശത്ത് ചെലുത്തിയിരുന്ന സ്വാധീനത്തേയും സൂചിപ്പിക്കുന്നുണ്ട്.

വിവരങ്ങൾക്ക് കടപ്പാട് :
ക്ഷേത്രം ക്ലർക്ക് - കെ. നാരായണൻ,
സി. ശശികുമാർ



Beyond Rituals: The Spirit That Binds Us

Major General K T Gopala Krishnan SM, VSM

Traditions keep us anchored, shaping the way we gather, celebrate and remain connected. Over my 33 years in the Army, I have seen how rituals and ceremonies help build identity and belonging. They are powerful tools that bind us through shared purpose and common values. Yet, it is important to distinguish what we follow and why.

Let me share with you what I understand. A ritual is an action; a ceremony is the process; a tradition is a belief or practice handed down over time; and a belief is the inner conviction that something is good, right or true. When these three converge with reason and awareness, the result is a way of life that strengthens us. But when they are followed without reflection, they risk slipping into superstition.

Our family, with its long lineage and illustrious heritage, has always been united by shared religious practices and institutions. These customs have given us occasions to meet, bond and return to our roots. But it is equally important to understand how these practices began.

How did our temples and the associated responsibilities come to us?What was the purpose behind particular rituals? Many among the younger generation may not know these answers. They follow, because it has "always been done." While that keeps the tradition alive, it also allows room for personal interpretations - influenced

mainly by education, exposure or individual experiences. Over time, such variations can change the very essence of what our forefathers intended.

To ensure continuity with clarity, we must understand the purpose and benefits of what we practise.Being a family of stature, we have the responsibility to lead thoughtfully and guide the next generation. We must be able to explain the origin, logic and relevance of each ritual and why we must carry it forward - or adapt it - in changing times. We should move forward with awareness, question with humility, and guide with compassion. Let us honour our ancestors not only by repeating what they did, but by understanding why they did it. In doing so, we ensure that our traditions remain alive - not just as customs, but as expressions of love, continuity and shared purpose.

Each ritual has a philosophy that runs deeper than the act itself. For instance, our forefathers may have placed the sacred *Sreechakram* in the ancestral home envisioning it not only as a divine symbol, but also as a binding inheritance - something that quietly held the family together. The associated worship undoubtedly creates positive energy and offers moments for the family to gather. Here, beyond the spiritual blessings, the true gift lies in the unity, affection and sense of belonging it nurtures. According to me the purpose, therefore, is not to magnify ritualistic display but to cultivate inner balance, peace, and affectionate unity.

At the end, it is worth remembering that God listens not to the loudest of rituals but to the purest of hearts. A home finds its sanctity in warmth and sincerity and must remain a space where faith is lived quietly,

without imitation of a temple's grandeur. When devotion is simple and heartfelt, our homes themselves become sacred spaces.

* "श्रद्धावाँल्लभते ज्ञानम्" (Bhagavad Gita 4.39)

Through sincere faith and understanding, true wisdom is attained*

May our traditions continue to guide us with humility and may the sacred Sreechakram remain a symbol - not of ritual extravagance - but of unity, balance and enduring grace within our family.

Jai Hind. ■

After successful completion of his tenure as General Officer commanding of an infantry division, Major General KT Gopala Krishnan, SM, VSM, has been posted as the Assistant Chief of Integrated Defence Staff Joint Operations under Headquarters Integrated Defence Staff, New Delhi.

His role would focus on harmonizing the Army, Navy and Air Force through joint planning, joint and multinational exercises, and logistics integration to enable effective joint operations across land, sea, air, space and cyber domains, with emphasis on future operations. He would also be responsible to coordinate joint efforts in Humanitarian Assistance and Disaster Relief. In short he would be ensuring that the Indian Armed Forces function as a single cohesive instrument of National Power.

We will definitely be hearing a lot about him in the months to come. With the blessings of Sri Vettakkorumakan we are sure he will make us proud as always.



ആചാരങ്ങൾക്കപ്പുറം: നമ്മെ ബന്ധിപ്പിക്കുന്ന ചൈതന്യം

മേജർ ജനറൽ കെ.ടി. ഗോപാലകൃഷ്ണൻ
സേനാ മെഡൽ, വിശിഷ്ട സേവാ മെഡൽ

മലയാളം പരിഭാഷ :
പ്രൊഫസർ (ഡോക്ടർ) കെ.ടി മഞ്ജുള

നമ്മുടെ പാരമ്പര്യ ആചാരങ്ങളും ചടങ്ങുകളും നമ്മൾ ഒത്തുചേരുന്ന, ആഘോഷിക്കുന്ന, പരസ്പരം ബന്ധപ്പെടുന്ന രീതികൾക്ക് രൂപം നൽകുക വഴി നമുക്കിടയിലെ ആത്മബന്ധങ്ങൾ ദൃഢപ്പെടുത്താൻ സഹായിക്കുന്നു. എന്റെ 33 വർഷത്തെ സൈനിക സേവനത്തിന്റെ അനുഭവത്തിൽ ആചാരങ്ങളും ചടങ്ങുകളും ഐക്യബോധവും വ്യക്തിത്വവും വളർത്തിയെടുക്കാൻ എത്രമാത്രം സഹായിക്കുന്നുവെന്ന് ഞാൻ കണ്ടിട്ടുണ്ട്. പൊതുവായ മൂല്യങ്ങളും, പങ്കിടുന്ന ലക്ഷ്യങ്ങളും നൽകി നമ്മെ പരസ്പരം ചേർത്തുനിർത്തുന്ന ശക്തമായ കണ്ണികളാണവ. എന്നിരുന്നാലും, നാം എന്താണ് പിന്തുടരുന്നതെന്നും എന്തിനാണ് പിന്തുടരുന്നതെന്നും മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഈ വിഷയത്തിലുള്ള എന്റെ തിരിച്ചറിവുകൾ ഞാൻ നിങ്ങളുമായി പങ്കിടട്ടെ. ഒരു ആചാരം ഒരു പ്രവൃത്തിയാണ്; ഒരു ചടങ്ങ് അത് ചെയ്യുന്ന മുറയും; ഒരു പാരമ്പര്യം തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന ഒരു വിശ്വാസമോ ആചാരമോ ആണ്; ഒരു വിശ്വാസം എന്നത് എന്തെങ്കിലും നല്ലതാണെന്നോ, ശരിയാണെന്നോ, സത്യമാണെന്നോ ഉള്ള ആന്തരികബോധ്യമാണ്. ഇവ മൂന്നും യുക്തിയോടും ബോധത്തോടും കൂടി ഒത്തുചേരുമ്പോൾ നമ്മെ ശക്തിപ്പെടുത്തുന്ന ഒരു ജീവിതരീതി സംജാതമാകുന്നു. എന്നാൽ ആലോചനയില്ലാതെ പിന്തുടരുമ്പോൾ അത് അന്ധവിശ്വാസമായി മാറാനുള്ള അപകടസാധ്യതയുണ്ട്.

നീണ്ട വംശപരമ്പരയും മഹത്തായ പൈതൃകവുമുള്ള നമ്മുടെ കുടുംബം എല്ലാകാലത്തും ഒറ്റക്കെട്ടായി നിൽക്കാൻ കാരണമായത് നാം പങ്കിട്ട മതാചാരങ്ങളും സ്ഥാപനങ്ങളുമാണ്. ഈ ആചാരങ്ങൾ നമുക്ക് ഒന്നിച്ചുകൂടാനും, നമ്മുടെ ബന്ധം ഊട്ടിഉറപ്പിക്കാനും, വേരുകളിലേക്ക് മടങ്ങാനുമുള്ള അവസരങ്ങൾ നൽകി. എന്നാൽ ഈ ആചാരങ്ങൾ എങ്ങനെ ഉണ്ടായി എന്ന് മനസ്സിലാക്കേണ്ടതും പ്രധാനമാണ്.

നമ്മുടെ ക്ഷേത്രങ്ങളും അനുബന്ധ ഉത്തരവാദിത്തങ്ങളും നമുക്ക് എങ്ങിനെ ലഭിച്ചു? പ്രത്യേക ആചാരങ്ങളുടെ പിന്നിലെ ഉദ്ദേശ്യം എന്തായിരുന്നു? യുവതലമുറയിലെ പലർക്കും ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ അറിയില്ലായിരിക്കാം. എല്ലായിപ്പോഴും ഇങ്ങനെയാണ് ചെയ്തുപോരുന്നത് എന്നതുകൊണ്ട് മാത്രം അവർ ഈ ആചാരങ്ങൾ പിന്തുടരുന്നു. അത് പാരമ്പര്യത്തെ സജീവമായി നിലനിർത്തുന്നു

ണ്ടെങ്കിലും, വിദ്യാഭ്യാസം, അനുഭവങ്ങൾ, കാഴ്ചപ്പാടുകൾ എന്നിവയാൽ സ്വാധീനിക്കപ്പെട്ട് വ്യക്തിപരമായ വ്യാഖ്യാനങ്ങൾക്കും ഇത് ഇടം നൽകുന്നു. കാലക്രമേണ, അത്തരം വ്യതിയാനങ്ങൾക്ക് നമ്മുടെ പൂർവ്വികർ ഉദ്ദേശിച്ച തിന്റെ അർത്ഥത്തെ തന്നെ മാറ്റിമറിക്കാൻ കഴിയും.

വ്യക്തതയോടെ ഈ ആചാരങ്ങളുടെ തുടർച്ച ഉറപ്പാക്കാൻ, നമ്മൾ ചെയ്യുന്നതിന്റെ ഉദ്ദേശ്യവും നേട്ടങ്ങളും നാം മനസ്സിലാക്കണം. ഒരു ഉന്നത കുടുംബത്തിലെ അംഗമെന്ന നിലയിൽ, അടുത്ത തലമുറയെ ചിന്താപൂർവ്വം നയിക്കാനും വഴികാട്ടാനുമുള്ള ഉത്തരവാദിത്തം നമുക്കുണ്ട്.

ഓരോ ആചാരത്തിന്റെയും ഉത്ഭവം, യുക്തി, പ്രസക്തി എന്നിവ വിശദീകരിക്കാൻ നമുക്ക് കഴിയണം. മാറുന്ന കാലത്ത് അത് മുന്നോട്ട് കൊണ്ടുപോകേണ്ടതും, അവയിൽ കാലത്തിനനുസരിച്ച് മാറ്റങ്ങൾ വരുത്തേണ്ടതും എന്തുകൊണ്ടാണ് എന്നത് വിശദീകരിക്കാൻ നമുക്ക് കഴിയണം. ഇക്കാര്യത്തിൽ നാം ബോധപൂർവം മുന്നോട്ട് പോകണം, വിനയത്തോടെ ചോദ്യം ചെയ്യണം, സഹാനുഭൂതിയോടെ വഴികാട്ടണം. നമ്മുടെ പൂർവ്വികരെ ആദരിക്കുന്നത് അവർ ചെയ്ത കാര്യങ്ങൾ ആവർത്തിച്ചുകൊണ്ട് മാത്രമല്ല, അവരത് എന്തിനു ചെയ്തുവെന്ന് മനസ്സിലാക്കിക്കൊണ്ടു കൂടി ആയിരിക്കണം. അങ്ങിനെ ചെയ്യുമ്പോൾ നമ്മുടെ പാരമ്പര്യങ്ങൾ കേവലം ആചാരങ്ങൾ മാത്രമായല്ല, സ്നേഹത്തിന്റെയും തുടർച്ചയുടെയും പങ്കിട്ട ലക്ഷ്യങ്ങളുടെയും പ്രകാശനങ്ങളായി സജീവമായി നിലനിൽക്കുമെന്ന് നമുക്ക് ഉറപ്പാക്കാം.

ഓരോ ആചാരത്തിനും പിന്നിൽ, ക്രിയകൾക്കപ്പുറത്തുള്ള ഒരു തത്വചിന്തയുണ്ട്. ഉദാഹരണത്തിന്, നമ്മുടെ പൂർവ്വികർ തറവാട്ടിൽ ശ്രീചക്രം പ്രതിഷ്ഠിച്ചത് കേവലം ഒരു ദൈവീക ചിഹ്നമായല്ല, കുടുംബാംഗങ്ങളെ ഒത്തുചേർത്തുനിർത്തുന്ന ഒരു പൂർവ്വാർജ്ജിതസ്വത്ത് എന്ന നിലയിൽക്കൂടിയാണ്. അതിനോടനുബന്ധിച്ചുള്ള ആരാധന തീർച്ചയായും കുടുംബാന്തരീക്ഷത്തിൽ നല്ല ഊർജ്ജം സൃഷ്ടിക്കുകയും കുടുംബാംഗങ്ങൾക്ക് ഒരുമിച്ചുചേരാനുള്ള അവസരങ്ങൾ നൽകുകയും ചെയ്യുന്നു. ഇവിടെ, ആത്മീയ അനുഭവങ്ങൾക്കപ്പുറത്തുള്ള യഥാർത്ഥ അനുഗ്രഹം അതിൽക്കൂടി ലഭിക്കുന്ന ഐക്യം, സ്നേഹം, ഒത്തൊരുമ എന്നിവയാണ്. അതിനാൽ, നാം ലക്ഷ്യം വെക്കേണ്ടത് ആചാര പ്രദർശ്ശനത്തിന്റെ ആർഭാടം വർദ്ധിപ്പിക്കാനല്ല, മറിച്ച് അവയിൽക്കൂടി ലഭിക്കുന്ന ആന്തരിക സന്തുലിതാവസ്ഥ, സമാധാനം, ഐക്യം എന്നിവ വളർത്തിയെടുക്കാനാണ്.

ചുരുക്കത്തിൽ പറഞ്ഞാൽ ശബ്ദമുഖരിതമായ ആചാരങ്ങൾക്കല്ല, മറിച്ച് നിർമ്മലമായ ഹൃദയങ്ങൾക്കാണ് ദൈവം ചെവികൊടുക്കുന്നത് എന്നത് നാം മനസ്സിൽ വെക്കണം. ഒരു കുടുംബത്തിന്റെ പവിത്രത അവിടെ പ്രവഹിക്കുന്ന ഊഷ്മളതയിലും ആത്മാർത്ഥതയിലുമാണ്; അതേസമയം അത് ക്ഷേത്രങ്ങളുടെ ബാഹ്യപ്രൗഢി അനുകരിക്കാതെ വിശ്വാസം നിശ്ശബ്ദമായി നിലനിൽക്കുന്ന ഒരിടവും കൂടിയാകണം. ഭക്തി ലളിതവും ഹൃദയംഗമവുമാകുമ്പോൾ, നമ്മുടെ വീടുകൾ തന്നെ പുണ്യസ്ഥലങ്ങളായി മാറുന്നു.

* ''ശ്രദ്ധവാൻ ലഭതേ ജ്ഞാനം?'' (ഭഗവദ്ഗീത 4.39)

ആത്മാർത്ഥമായ വിശ്വാസത്തിലൂടെയും അറിവിലൂടെയും യഥാർത്ഥ ജ്ഞാനം കൈവരിക്കുന്നു.*

നമ്മുടെ പാരമ്പര്യങ്ങൾ വിനയത്തോടെ നമ്മെ നയിക്കട്ടെ, പവിത്രമായ ശ്രീചക്രം ആചാരവിശേഷങ്ങളുടെ ആഡംബരത്തിന്റെ പ്രതീകമല്ല, മറിച്ച് നമ്മുടെ കുടുംബത്തിലെ ഐക്യത്തിന്റെയും സന്തുലിതാവസ്ഥയുടെയും ശാശ്വത ഐശ്വര്യത്തിന്റെയും പ്രതീകമായി നിലനിൽക്കട്ടെ.

ജയ് ഹിന്ദ്. ■





കെ.ടി. ജയപ്രകാശ്

അഡ്വക്കേറ്റ് കെ.ടി. ഗോപാലൻ നമ്പ്യാർ
ഒരു അനുസ്മരണം

എന്റെ അച്ഛപ്പൻ ശ്രീ. കെ.ടി ഗോപാലൻ നമ്പ്യാർ, വയക്കര പടന്നക്കോട്ട് രൈരു നമ്പ്യാരുടേയും കല്ല്യാട്ട് താഴത്തുവീട്ടിൽ ലക്ഷ്മി അമ്മയുടെയും മൂന്നാമത്തെ സന്തതിയായി ജനിച്ചു. മൂത്തവർ മാധവി, ദേവകി എന്നീ സഹോദരിമാർ ആയിരുന്നു. താഴെ പത്മനാഭൻ, മാധവൻ, ബാലകൃഷ്ണൻ എന്നീ മൂന്നു സഹോദരന്മാരും ലക്ഷ്മി, കുഞ്ഞമ്മാളു, രോഹിണി എന്നീ സഹോദരിമാരും ഉണ്ടായിരുന്നു. അദ്ദേഹം 1967 മുതൽ 1980 വരെയുള്ള നീണ്ട കാലയളവിൽ തറവാട്ട് കാരണവരായിരുന്നു.

മദ്രാസ് ഹൈക്കോടതിയിൽ പ്രമുഖ അഭിഭാഷകനും സമൂഹത്തിൽ ഒരു തികഞ്ഞ സ്വാതന്ത്ര്യസമരസേനാനിയും ആയിരുന്നു വയക്കര പടന്നക്കോട്ട് രൈരു നമ്പ്യാർ. ആ കാലഘട്ടത്തിലെ അനാചാരങ്ങളോടും അന്ധവിശ്വാസങ്ങളോടം പോരാടുന്ന ഒരു വ്യക്തിത്വം കൂടിയായിരുന്നു അദ്ദേഹം. അക്കാലത്തെ ആചാരത്തിന് വിരുദ്ധമായി ഭാര്യയെ കോരപ്പുഴ കടത്തി മദ്രാസിലേക്ക് കൂട്ടിക്കൊണ്ടുപോവുകയും അതുവഴി ലക്ഷ്മിഅമ്മയ്ക്ക് പുഴകടന്ന ആദ്യത്തെ നായർ വനിത എന്ന വിശേഷണം ലഭിക്കുകയും അക്കാര്യം സമൂഹത്തിൽ ഏറെ ചർച്ചചെയ്യപ്പെടുകയും ചെയ്തു.

അച്ഛപ്പൻ ഇന്റർ മീഡിയറ്റിനു പഠിക്കുമ്പോൾ അച്ഛനെ നഷ്ടപ്പെട്ടു. ഹൃദയാഘാതമായിരുന്നു. പിന്നെ കാര്യങ്ങൾ നോക്കി നടത്തിയതും എല്ലാവരെയും പഠിപ്പിച്ചതും അന്നത്തെ തറവാട്ട് കാരണവരായിരുന്ന ചാത്തുക്കുട്ടി നമ്പ്യാരായിരുന്നു. അച്ഛപ്പൻ, ബാലകൃഷ്ണൻ എന്നിവർ അഭിഭാഷകരായി, പത്മനാഭൻ ഡോക്ടറായി, മാധവൻ അധ്യാപകനായി. പെൺമക്കളെ പ്രശസ്ത തറവാടുകളിൽ വിവാഹം കഴിച്ചുകൊടുത്തു. അങ്ങിനെ വിദ്യാസമ്പന്നമായ ഒരു കുടുംബമായിരുന്നു അത്.




അഡ്വ. വയക്കര പടന്നക്കോട്ട് രൈരു നമ്പ്യാരും ഭാര്യ കല്ല്യാട്ട് താഴത്തുവീട്ടിൽ ലക്ഷ്മി അമ്മയും മക്കളും

അച്ഛപ്പന്റെ വിദ്യാഭ്യാസം തലശ്ശേരി ബ്രണ്ണൻ കോളേജിലായിരുന്നു. ബി.എ ചരിത്രവും പിന്നെ ബി.എലും പാസായി അഭിഭാഷകവൃത്തിയിലേക്ക് കടന്നു. നിയമപഠനം കഴിഞ്ഞു പ്രാക്റ്റീസ് തുടങ്ങിയപ്പോൾ ധാരാളം സിവിൽ കേസുകൾ തന്റെ സഹോദരീ ഭർത്താവും ക്രിമിനൽ അഭിഭാഷകനും സാമൂഹിക – സാംസ്കാരിക പ്രതിഭയുമായിയിരുന്ന ശ്രീ. കെ.ടി ചന്തുനമ്പ്യാരിൽനിന്നും ലഭിച്ചിരുന്നു. തലശ്ശേരി കോടതിയിൽ ദീർഘകാലം അഭിഭാഷകനായിരുന്നു ഗോപാലൻ നമ്പ്യാർ. തലശ്ശേരി കോടതി ബാർ അസോസിയേഷന്റെ സജീവ പ്രവർത്തകനുമായിരുന്നു. നല്ലൊരു വായനക്കാരനായിരുന്നു അച്ഛപ്പൻ ബാർ ലൈബ്രറിയിലേക്ക് സ്വന്തം സമ്പാദ്യത്തിലുള്ള അഞ്ഞൂറിൽപരം പുസ്തകങ്ങൾ സംഭാവന ചെയ്തിരുന്നു. കോടതി ക്ലബ്ബിൽ ടെന്നീസ്, ബാഡ്മിൻറൺ ഇവ കളിച്ചിരുന്നു. പഞ്ചപിടി ഇഷ്ട വിനോദമായിരുന്നു. ദേഹാരോഗ്യം അദ്ദേഹം നന്നായി ശ്രദ്ധിച്ചിരുന്നു. ലഹരി ഉപയോഗമില്ലെങ്കിലും നന്നായി വെറ്റിലമുറുക്കും. അടക്കയും പുകയിലയും കൃത്യത്തിന് ചേർത്തു ചെറിയ ഉണ്ടകളാക്കി ഓഫീസ് മുറിയിൽ എത്തിക്കണം.

തലശ്ശേരി ചേറ്റംകുന്നിലേക്കുള്ള വഴിയിൽ 'കാട്ടൂർ' ഭവനത്തിലായിരുന്നു അന്ന് താമസം. പിൽക്കാലത്ത് ആ വീട് വിൽക്കുകയും ഭാര്യയുടെ ഇഷ്ടപ്രകാരം കുഞ്ഞിമംഗലം വാരിക്കര പടിഞ്ഞാറെവീട് തറവാടിനടുത്തു ഒരു വലിയ ഭവനം നിർമ്മിക്കുകയും ചെയ്തു. അതാണ് ശ്രീനിലയം.

അച്ഛപ്പൻ വിവാഹം കഴിച്ചത് സ്വന്തം അമ്മാവനായ കല്ല്യാട്ടുതാഴത്തുവീട്ടിൽ നാരായണൻ നമ്പ്യാരുടെയും വാരിക്കര പടിഞ്ഞാറേ വീട്ടിൽ ജാനകിയമ്മയുടേയും ഇളയ മകളായ



അഡ്വ. കെ.ടി ഗോപാലൻ നമ്പ്യാരും കുടുംബവും

കുഞ്ഞമ്മാളുവിനെയാണ്. ഇവർക്ക് സാവിത്രി, ബാലചന്ദ്രൻ, വിജയകുമാർ സേതുലക്ഷ്മി, ചന്ദ്രമോഹൻ, ജയചന്ദ്രൻ, വസന്തകുമാരി എന്നിങ്ങനെ ഏഴു മക്കൾ.

1907 മുതൽ 1914 വരെ നാരായണൻ നമ്പ്യാർ കല്യാട്ടു താഴത്തുവീട് കാരണവരായിരുന്നു. തറവാട്ടിൽ ആദ്യമായി ബി.എ പാസ്സായത് ഇദ്ദേഹമാണ്. കല്ല്യാട്ട് ശിവക്ഷേത്രനിർമ്മാണവേളയിൽ ആചാരപ്രകാരം ദീക്ഷയെടുത്തതും നാരായണൻ നമ്പ്യാരാണ്.

അച്ഛപ്പന്റെ ഏഴ് മക്കളിൽ ഒരാളെയെങ്കിലും വക്കീലാക്കണമെന്ന ആഗ്രഹത്തോടെ വിജയെളേപ്പനെ മദ്രാസിൽ ബി എൽന് ചേർക്കുകയും പക്ഷേ അദ്ദേഹത്തിന്റെ അഭിരുചിക്കുറവുമൂലം നിയമപഠനം പൂർത്തിയാക്കാതെ അതുപേക്ഷിച്ച് മദ്രാസ് സർവകലാശാലയിൽ നിന്ന് ജേർണലിസം പഠിക്കുകയും പിന്നീട് ഇന്ത്യൻ എക്സ്പ്രസിൽ ചീഫ് സ്പോർട്സ് സബ്ബ്എഡിറ്റർ ആയി ജോലിനോക്കുകയും ചെയ്തു. പക്ഷേ അദ്ദേഹത്തിന്റെ മകന്റെ മകൾ വർഷ ഇപ്പോൾ ആസ്ട്രേലിയയിൽ ലോയർ ആണ്. അങ്ങനെയെങ്കിലും ആ കണ്ണി വിട്ടുപോകാതെ തുടരുന്നു.

ഒരു രസകരമായ കഥ പറഞ്ഞുകൊള്ളട്ടെ. ഇത് അച്ഛപ്പൻ തന്നെ എന്നോട് പറഞ്ഞതാണ്. അച്ഛപ്പന് ഒരു കല്യാണാലോചന വന്നു. അന്നത്തെ തറവാട്ടു കാരണവർ ചാത്തുക്കുട്ടി നമ്പ്യാർ കൊണ്ടുവന്ന ആലോചന. പെണ്ണുകാണാൻ പോയി. സ്വൽപം കാത്തിരിക്കേണ്ടിവന്നു. പെണ്ണ് വന്നത് കുതിരപ്പുറത്ത്. വേഷം കോട്ടും സൂട്ടും പിന്നെ ഹാറ്റും. ഒരു പ്രമുഖ നായർ തറവാടിലെ പെൺകുട്ടിയാണ്. ഇംഗ്ളണ്ടിൽ പഠിച്ച കുട്ടി. വിവാഹം കഴിച്ചാൽ ഇംഗ്ലണ്ടിലയച്ച് ബാരിസ്റ്ററാക്കാമെന്ന് കാരണവർ. അക്കാലത്ത് കാരണവർ പറഞ്ഞാൽ പറഞ്ഞതാണ്. ഒരിക്കലും ധിക്കരിക്കാൻ പറ്റില്ല. അച്ഛപ്പന് പെണ്ണിനെ ഒട്ടും ഇഷ്ടപ്പെട്ടില്ല. ധർമ്മസങ്കടത്തിലായി. പക്ഷേ തുറന്നു പറയേണ്ടിവന്നു. കാരണവരുടെ മുഷിച്ചലും കിട്ടി. അച്ഛപ്പന് സ്വന്തം അമ്മാവന്റെ മകളായ അച്ഛമ്മയെമുന്നേ തന്നെ ഇഷ്ടമായിരുന്നോ എന്നൊരു സംശയം എനിക്ക് ഇല്ലാതില്ല.

അച്ഛപ്പൻ ഒരു ഒതുങ്ങിയ പ്രകൃതക്കാര നായിരുന്നു. വളരെ സ്ട്രെയിറ്റ് ഫോർവേഡും തികഞ്ഞ ഈശ്വരവിശ്വാസിയും ദേശസ്നേ ഹിയും ആയിരുന്നു. കൃത്യമായി തന്റെ വരു മാനത്തിന് കണക്ക് എഴുതി ഇൻകംടാക്സ് അടച്ചിരുന്ന വക്കീലായിരുന്നു. സന്ധ്യാസമ യത്ത് കുട്ടികളുടെ കൂടെ ഇരുന്ന് ഭക്തിഗാ നം ചെല്ലുമായിരുന്നു. തെറ്റ് കണ്ടാൽ ഉടനെ തുറന്നുപറഞ്ഞു തിരുത്തും. ആത്മപ്രശംസ തീരെയില്ല. മറ്റുള്ളവരെയും അതിരുവിട്ടു പ്ര ശംസിക്കുകയോ ലാളിക്കുകയോ ഇല്ല. ഒരു സമുദ്രത്തോളം സ്നേഹം ഉള്ളിൽ ഉണ്ടെങ്കി ലും അത് പുറത്ത് കാണിക്കുകയോ അമിത മായി പ്രകടിപ്പിക്കുകയോ ഇല്ല. ഇങ്ങനെയാ യിരുന്നു അച്ഛപ്പന്റെ വ്യക്തിത്വം. അതുപോ ലെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നൂറുശതമാനം പിന്തുണ കൊടുക്കുമെങ്കിലും വേദികളിൽ പങ്കെടുക്കുന്നത് കാണാറില്ല.

തറവാട്ടുകാരണവരെ ലക്ഷ്യംവെച്ച് കാ ര്യസ്ഥൻമാരുടെ അനാസ്ഥ കൊണ്ടും കെടു കാര്യസ്ഥത കൊണ്ടും തറവാട് വസ്തുവക കൾ ചൂഷണം ചെയ്യപ്പെടുന്നതിനും അതു ന ശിച്ചുപോകുന്നതിന്നും എതിരായി തറവാട്ട് കാരണവരെ അഭിസംബോധന ചെയ്തുകൊ ണ്ടുള്ള ഒരു മെമ്മോറാണ്ടം അച്ഛപ്പൻ എഴുതി യത് ശ്രദ്ധയിൽപ്പെട്ടു. 25-07-1941 ആണ് അ തിന്റെ തിയ്യതി. കൂടാളി കാരണവർ ശ്രീ. കെ. ടി കുഞ്ഞിക്കമ്മാരൻ നമ്പ്യാർക്ക് കുറച്ച് തറ വാട്ടംഗങ്ങൾ നൽകിയ മെമ്മോറാണ്ടം ആയി രുന്നു അത്. അതുപോലെ കർഷക സമരവു മായി ബന്ധപ്പെട്ട് ജന്മിമാരുടെ അനീതികളെ എതിർത്തും അവരുടെ നിസ്സഹായാവസ്ഥ യെ പിന്തുണച്ചും കർഷക സമരത്തിന്റെ അ ന്തസത്ത മനസ്സിലാക്കാതെ ജന്മിമാരെ ആക്ര മിച്ചും, കൊന്നും പകതീർക്കുന്നതിനെ നിശി തമായി വിമർശിച്ചും, രാഷ്ട്രീയക്കാരുടെ മുത ലെടുപ്പും കഴിവില്ലായ്മയും തുറന്ന് കാട്ടിയും അദ്ദേഹം എഴുതിയ ഒരു പത്രലേഖനവും ശ്രദ്ധയിൽപ്പെട്ടു.

ഒരു വക്കീൽ എന്ന നിലയിൽ തറവാടി നു വേണ്ടി ചെയ്ത സേവനങ്ങളും തറവാട്ട് കാരണവർ എന്ന നിലയിൽ വഹിച്ച ഉത്തര വാദിത്വങ്ങളും സ്തുത്യർഹങ്ങളായിരുന്നു. തറവാട്ടംഗങ്ങളെ തലശ്ശേരി വീട്ടിൽ നിർത്തി പഠനത്തിനായുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുന്നത് പതിവായിരുന്നു.

അച്ഛപ്പനു സംഗീതത്തിൽ വലിയ കമ്പ മായിരുന്നു. ഒരു ഗ്രാമഫോൺ വീട്ടിൽ ഉണ്ടാ യിരുന്നു. പഴയ പാട്ടുകളും റെക്കോർഡുക ളും ധാരാളമുണ്ടായിരുന്നു. കൂടുതലായും കേൾക്കുന്നത് കണ്ടത് ചെമ്പൈ വൈദ്യനാ ഥഭാഗവതരുടെ 'ക്ഷീരസാഗര' ആയിരുന്നു.

വീട്ടുവളപ്പിൽ എപ്പോഴും ഒരു തോട്ടം ഉണ്ടാവും. പച്ചക്കറിയും പൂന്തോട്ടവും, ഇവ യൊക്കെ നട്ടുവളർത്താൻ അച്ഛപ്പൻ സമയം കണ്ടെത്തിയിരുന്നു. ഇതിന്നു വെള്ളം നനക്കൽ, പുതിയ ചെടികൾ നടൽ ഇതിനൊക്കെ ഞ ങ്ങളെയും കൂട്ടിയിരുന്നു. ഞങ്ങൾ കുട്ടികളെ യും കൂട്ടി വൈകുന്നേരം നടക്കാൻ പോകാ റുണ്ടായിരുന്നു. മിക്കവാറും കോടതിക്ക് മുൻ പിലുള്ള പാർക്കിലാണ് പോവുക. അച്ഛപ്പന്റെ ആരോഗ്യ പരിപാലനം വളരെ കൃത്യതയു ള്ളതായിരുന്നു. തേച്ചുകുളി, ചവിട്ടി തടവൽ, സ്ഥിരതയും കൃത്യതയുമുള്ള വ്യായാമം ഇ തെല്ലാം അച്ഛപ്പന്റെ ജീവിതരീതി ആയിരുന്നു. അച്ഛമ്മയേയും പേരക്കുട്ടികളേയും കൂട്ടി സി നിമ, സർക്കസ് തുടങ്ങിയവ കാണാൻ പോ കാറുണ്ടായിരുന്നു. വീടിനടുത്ത് തന്നെയായി രുന്നു പഴയ വീനസ് ടാക്കീസ്. അവധി ദിവ സങ്ങളിലും കോടതി പൂട്ടിയാലും ആയിരു ന്നു ഇതിനൊക്കെ സമയം കണ്ടെത്തിയി രുന്നത്..

കോടതിയുള്ള ദിവസങ്ങളിൽ രാവിലെ പത്തുമണിക്ക് ഊണ് കഴിക്കും. റിക്ഷ വണ്ടി വരും. കോട്ടും തൊപ്പിയുമണിഞ്ഞ് അച്ഛപ്പൻ റിക്ഷയിൽ കയറുന്നത് ഇന്നലെയെന്നതുപോ ലെ ഓർക്കുന്നു. ഓഫീസ് മുറിക്ക് പുറത്ത്

കക്ഷികൾ അവരവരുടെ ഊഴവും കാത്തു കൂട്ടമായി ഇരിക്കുന്നത് ഇന്നുമോർക്കുന്നു. സന്ധ്യവിളക്കുവച്ചാൽ അച്ഛപ്പൻ മുകളിലോട്ട് പോകും. പിന്നെ വായനയാണ്, അതു രാത്രി വരെ നീളും, മിക്കവാറും. പിറ്റേദിവസത്തെ കേസ് പഠനം ആയിരിക്കും. അത്താഴം മുകളിൽ കൊണ്ട് കൊടുക്കും. അവധിദിവസങ്ങളിലും കോടതി പൂട്ടിയാലും ആണ് അച്ഛപ്പനെ സ്വതന്ത്രമായി കിട്ടുക. അച്ഛമ്മ കൂടാതെ മകൻ മോഹനയച്ഛേപ്പൻ, സരോജച്ഛേമ്മ, രാജിയേച്ചി, മഞ്ജു, അനൂപ് ഇവരായിരുന്നു വീട്ടിലെ മറ്റ് അംഗങ്ങൾ. തലശ്ശേരി കോണോർവയലിനു മുന്നിലായിരുന്നു വീട്. അച്ഛമ്മയുടെ നിര്യാണത്തിനുശേഷം അച്ഛപ്പന്റെ എല്ലാ കാര്യങ്ങളും കുറ്റമറ്റ രീതിയിൽ നോക്കി നടത്തിയ സരോജച്ഛേമ്മ പ്രത്യേകം പരാമർശമർഹിക്കുന്നു.

എനിക്ക് അച്ഛപ്പൻ ഒരു സുഹൃത്തിനെ പോലെ ആയിരുന്നു. ഞാൻ എന്ത് മണ്ടൻ ചോദ്യങ്ങൾ ചോദിച്ചാലും അച്ഛപ്പൻ ഉത്തരം പറയും. അച്ഛപ്പനോട് വ്യക്തിപരമായ ചോദ്യങ്ങൾ ചോദിക്കാൻ എല്ലാവർക്കും ഒരു ഭയഭക്തിയാണ്. എന്നാൽ എനിക്ക് ചോദിക്കാനും അഭിപ്രായം പറയാനും ഉള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ചിലപ്പോൾ ഞങ്ങൾ തർക്കിക്കും. എന്നാൽ ഒരിക്കൽപോലും അച്ഛപ്പൻ എന്നെ ദേഷ്യപ്പെട്ടതായി ഓർക്കുന്നില്ല. ലോക കാര്യങ്ങളും കുടുംബകാര്യങ്ങളും ഒക്കെ ഞങ്ങളുടെ ചർച്ചയിൽ വരും. കാര്യങ്ങൾ വ്യക്തമായി പറഞ്ഞുതരും മലയാളം മീഡിയത്തിൽ പഠിച്ച ഞാൻ പ്രീഡിഗ്രിക്ക് ഇംഗ്ലീഷിൽ പാസായതിന്നുള്ള കാരണം അച്ഛപ്പൻ തന്നെയാണ്. അച്ഛപ്പന്റെ അടുത്തിരുന്ന് ഇംഗ്ലീഷ് ടെക്സ്റ്റിലെ ഓരോ വാക്യവും വായിച്ച് അറിയാത്ത വാക്കിന്റെ അർത്ഥം അതത് വാക്കിനു മുകളിൽ എഴുതിയാണ് ഞാൻ പെട്ടെന്ന് കാര്യങ്ങൾ മനസ്സിലാക്കിയെടുത്തത്. അങ്ങനെ വാർദ്ധക്യകാലത്ത് അദ്ദേഹത്തിന്റെ ഏകാന്തത കുറച്ചെങ്കിലും മാറ്റാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചു. വായിച്ച പുസ്തകങ്ങൾ തന്നെ വിരസത മാറ്റാൻ വീണ്ടും വീണ്ടും വായിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

അച്ഛമ്മ മരിച്ചതിനുശേഷം അച്ഛപ്പന്റെ ആരോഗ്യം ക്ഷയിച്ചിരുന്നു. ബിപിയും വാതവും ആയിരുന്നു അച്ഛപ്പനെ കൂടുതൽ ബുദ്ധിമുട്ടിച്ചത്. തിരുവങ്ങാട് കുഞ്ഞിരാമക്കുറുപ്പ് വൈദ്യരുടെതായിരുന്നു വാതത്തിന്റെ ചികിത്സ. മരുന്ന് വാങ്ങി കൊണ്ട് കൊടുക്കാൻ എന്റെ ജോലിയിൽ പെട്ടതായിരുന്നു.

ഞാൻ പ്രീഡിഗ്രി പാസായി തുടർപഠനത്തിന് അപേക്ഷ നൽകി കാത്തിരിക്കുമ്പോഴായിരുന്നു അച്ഛപ്പന്റെ നിര്യാണം. 1980 ആഗസ്റ്റ് 30ന് രാവിലെ ഒരു ശ്വാസതടസ്സം വന്നു. ഉടനെ അടുത്ത് കൊടുവള്ളിയിലുള്ള ഡോക്ടറെ കാണിച്ചു. ഉടനെ ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ പറഞ്ഞു. ആശുപത്രിയിലേക്ക് കൊണ്ടു പോകവേ കാറിൽ വെച്ചായിരുന്നു അന്ത്യം. ഏകദേശം കോടതിക്കു മുന്നിൽ വച്ച് തന്നെ. ഞാൻ കാറിന്റെ പിറകെ സീറ്റിൽ അച്ഛപ്പനെ താങ്ങി കെട്ടിപ്പിടിച്ച് ഇരിക്കവേ അവസാനശ്വാസം ഞാനറിഞ്ഞു. പെട്ടെന്ന് തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും സിപിആർ ചെയ്തിട്ടും രക്ഷപ്പെട്ടില്ല. 84-ാം വയസിൽ അച്ഛപ്പൻ വിടവാങ്ങി. ആ ഷോക്കിൽനിന്ന് മുക്തനാവാൻ ഞാൻ വർഷങ്ങളെടുത്തു. അന്ന് എനിക്ക് 18 വയസ്സ്.

ഇന്ന് എല്ലാം ഒരു സിനിമ പോലെ ഓർക്കുന്നു. അച്ഛപ്പനെപ്പറ്റി ഇത്രയെങ്കിലും എഴുതാൻ കഴിഞ്ഞതിൽ ഞാൻ കൃതാർത്ഥനാണ്. അച്ഛപ്പന്റെ ആത്മപാദങ്ങളിൽ നമസ്കരിക്കുന്നു അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി എന്നെന്നും പ്രാർത്ഥിക്കുന്നു.



Sunil Nayanar

KTN Nambiar
The spirit of a pioneer

Kalyat Thazhathu Veetil Narayanan Nambiar, or KTN Nambiar as he was known to the world, was a man who wore many hats with aplomb.

As the first born of Koodali Thazhathu Veetil Kunhi Kammaran Nambiar and Kalyat Thazhathu Veetil Madhavi Amma, Appukuttan was a dutiful son. For his siblings, Apputtettan was the beloved and kindly elder brother, who always had the well being of his younger ones and their kin at heart. Appoottammoman was a favourite of his numerous nephews and nieces, whom he used to regale with stories of yore. For his numerous friends, he was the fun loving, jovial man with a wicked sense of humour. And for his own family, he was the quintessential patriarch, someone we all looked upto for support and guidance, in good times and bad.

Young and restless

Born in 1914, his childhood was spent in the stately Koodali Thazhathu Veedu. It was an era when the independence movement was gaining pace across the country and social consciousness of a subdued populace was slowly awakening to thoughts of liberation from the British Raj. One can only assume that this spirit of forging a new path pervaded the young man's thought process. His father's social standing as a member of the Madras Legislative Assembly and the family's storied history provided for a privileged childhood, but never for a moment did he take this for granted. Rather, the young Appukkuttan longed for adventure and a desire to explore the world outside the cushy confines of his Tharavadu.

A diverse and eventful career

A closer look at KTN Nambiar's career reveals a man of many talents and achievements. He was an agricultural graduate turned soldier who fought in World War II, before achieving success as a senior government bureaucrat.

After graduating with a degree in agriculture from Coimbatore, he returned home, helping to look after the affairs of his parents' estate. One interesting anecdote is about the time when he applied and was selected as a Jailor in Kannur! The story goes that on his way to take up the job, the bus conductor asked him where is he off to. Upon hearing about our man's job offer, the wise conductor gently reminded him of his privileged backdrop and how unsuitable it will be for a man like him to be overseeing petty criminals! Our protagonist thought for a moment, got off at the next bus stop and went straight back home!

After a few years, he joined the British Indian Army and saw action in Persia during the Great War and rose to the rank of Major. In 1941, forces were required to participate in the Anglo-Iraqi War, to safeguard the overland supply route to the Soviet Union. In April, the 8th Indian Infantry Division landed at Basra

and marched on Baghdad securing Iraq for the Allied cause from pro German forces.

The end of the war also heralded the beginning of the end of British rule in India. As the newly independent nation started to build its governance infrastructure, many new and exciting avenues opened up for young men and women who wanted to be a part of nation building. It was thus that he joined the government service in a department overseeing the operations of employment exchanges. He was first posted in West Hill, Calicut (Kozhikode), before being transferred to Chennai and eventually to New Delhi, where he rose to become the Director of Employment Exchanges.

He was also among the first in the family to cross the seven seas, visiting Geneva as a representative of the country at an International Labour Organization (ILO) convention, before touring Stockholm, Oslo, London and the US. He retired in 1972 and settled in Payyanur.

The family man

As the saying goes, behind every successful man, there is a strong woman. This couldn't be further from the truth in the case of KTN Nambiar. He was married to Vengayil Meenakshikutty Amma (1919-2009), the daughter of Rao Sahib AC Govindan Nambiar and Vengayil Narayani Amma from Payyanur. Interestingly, the fathers of the bride and groom were close friends and had decided to get their children married to each other. As personalities, the young couple were like chalk and cheese. The cool and free spirited young man from Koodali met his match in the strong willed and purposeful Meenakshikutty. As her husband's career took him out of Kerala, his wife followed, taking care of the growing family which now included three children. The eldest of the three siblings, Premavalli was born in 1938, followed by Somakumar (1941) and Nirmala (1946).



In later years

The couple first moved to Madras (Chennai), where he was posted till the mid 1950s. Staying in a house named Sri Mandir in Mylapore, the family's stay in Madras was eventful as children pursued their education. One abiding memory of their time in Madras was the day when Bhagwan Shri Ramana Maharshi attained Mahasamadhi at Thiruvannamalai on 14 April 1950. The family was relaxing on the terrace of their home when they saw a shooting star across the sky at 9 pm, around the same time of the saint's passing.

In 1955, the family moved to New Delhi, where they stayed in the BHK Government Quarters at Netaji Nagar, near Sarojini Market till 1972. The presence of their uncle in these big cities provided a great opportunity for his nephews and nieces to explore educational and job opportunities and he welcomed them wholeheartedly. Their uncle's foreign



At a family get together in Guruvayoor in the early 1980s



The young couple in early years

visits also brought great excitement to the youngsters, who eagerly awaited his return from his foreign sojourns in anticipation of exciting gifts!

KTN Nambiar retired in March 1972, eventually returning and settling down in Payyanur, building his beloved home Gokul which was completed in 1973. Life was anything but boring in retirement. A fitness freak throughout his life, his days used to start with a brisk morning walk, weight training with his bullworker, and yoga before getting ready for the day. Always well groomed and clothed in his favourite white Jubba and dhoti, he had an unmistakable presence wherever he went. His growing social circle also meant that Gokul was never short of visitors who would drop in for a chat and a cup of tea. The evening walk consisted of visiting the old ‘padi’ of Ramapuram, a few kilometres away, where some of the retired Nayanars used to meet and discuss the social affairs of the day and often humourous family gossip. The advent of the colour television in the mid-80s meant that he was able to follow his favourite cricket and tennis matches, often waking up at early mornings to watch India’s cricket matches in Australia.

KTN Nambiar passed away in April 1995, following ailments related to a stroke he suffered in 1992. He stays on in the memory of those fortunate enough to know him, a fondness and bond borne out of his care and love for them and the laughter and positivity he spread wherever he went.

“Two roads diverged in a wood and I - I took the one less traveled by,” wrote American poet Robert Frost. KTN Nambiar will be remembered as a man who dared to explore, choosing a journey not common in those olden days and providing a guiding light to those who walk the path less travelled.

(Sunil Nayanar, grandson of KTN Nambiar with contributions from Nirmala Raghunath, Malathi Somakumar, Usha Mohanchandran, Dr. Sangeetha Nayanar, Sujatha Anoop)

A tribute to our father 'Balammoman' of Kalliat Thazhathuveedu

Born into the esteemed family of Kalliat Thazhathuveedu,our father, Late Sri. Kalliat Thazhathu Veettil Balakrishnan Nambiar was a pillar of strength and integrity. He was blessed with a loving partner, the late Smt. Akkanisseri Manikoth Kollarath Padmini Amma, and together they shared a beautiful life filled with love, care, and devotion.

Achan was born at Kodolippuram Pathayappura in 1913 as the son of Late Sri. Vayakkara Padannakot Ryru Nambiar and Smt. Lakshmi Amma of Kalliat Thazhathuveedu. Incidentally, it is a matter of great prestige and pride that our Achamma was bold enough (with the support and encouragement of the then Karanavar)to become the first lady from Malabar to cross the Korappuzha river when she accompanied her husband to Chennai.Till then this move would declare one to be an outcast in their community.This incident was reported in the Mathrubhumi Weekly at the time of Achamma's demise.

Achan, being the eigth one among his siblings, most of his nephews and nieces who were almost of the same age especially Appukuttettan of Chitrari and also Raviettan and Hariettan of Valiya Veetu in Thalasseri were more or less like friends, quite attached to each other.

He had eight siblings (late) and for a clear picture their names are mentioned here in accordance with their seniority.

Madhavi Amma.. W/of K.T. KunhiKammaran Nambiar (Former Karanavar of Koodali Thazhathuveedu and M.L.A.)

K.T. Devaki Amma.. W/of K.T. Chandu Nambiar, (Kannoth Thazhathuveedu)

Advocate K.T. Gopalan Nambiar (former Karanavar of Kalliat Thazhathuveedu, married Varikkara Ammalu Amma.)

K.T. Madhavan Nambiar (married Ninkileri Gouri Amma) Headmaster at Ooty.

K.T. Lakshmi Amma. W/of Vengayil Rayarappan Nayanar.

Dr. K.T. Padmanabhan Nambiar (former Karanavar of Kalliat tharavadu, married Sreedevi Amma, Koodali Thazhathuveedu).



Kunhammalu Amma married to Sri. N.T. Madhavan Nambiar. (Advocate, Vatakara)

His younger sister is Rohini Amma., married to Major A.C. Gopalan Nambiar (Kapparatti).

The couple was blessed with four sons and two daughters (though they had three other babies who had left this world even as very small kids). Now among the six of us our sister Radha Devi left us at the age of sixty. Among the five of us the eldest is Chandra Mohan (wife - Sudha. K.E, Kuttiattoor), second one Seethalakshmi, (married to Manmohan, Nileswar), Jayarajan (wife Shaila, Mumbai) Gopinath (wife Priya, Mumbai) and Somanath (wife Ambili Ayilliath, Mavilayi).

As Achappan was practising as an advocate in the High Court of Madras, Achan and his siblings had their education in Chennai. Meanwhile for a short period Achan had his schooling in Koodali High School also where he used to take part in the cultural activities of the school. (Late K.T. Kunhanandan Nambiar, popularly known as Artist Kunhiramettan among his relatives , once recollected that Achan had enacted the role of Sri Krishna and he himself had done the role of Balabhadra.)

Regarding his career as an advocate, after graduating from Madras university Achan obtained his BL degree also from there where in he was enrolled as a registered practitioner of law and later he got himself registered as a lawyer in Kerala through the high court of kerala.

It was Gopalan Valiachan who had advised him to begin his career in Taliparamba and thus he got settled there in the 1940s.He had been the Secretary of the Bar Association for a certain period at Taliparamba and used to handle Civil cases only. As a commissioner in handling the legal disputes he could settle the varied cases amicably on several occasions.

During the early years of his married life Achan and Amma had a lively household in the company of his nephews. Balagopalettan, Devidasettan, Long Kannettan and Kuttikrishnettan were among those boys who were residing with them so as to have their high school education at the nearby school, (Moothedath High School. Taliparamba).

Achan was a great lover of music, especially Carnatic music and was interested in sports too.We remember him listening to the cricket commentaries with utmost interest and also discussing contemporary politics with his friends and relatives.

The striking physical resemblance between Achan and Padmanabhan Valiachan sometimes led to some humorous anecdotes. People would often mistake Achan for Valiachan, approaching him with health issues and would enquire about legal matters with Valiachan. Achan used to tell us about this hilarious experience.



Somanath, Gopinath, Seethalakshmi, Late Radhadevi, Chandramohan and Jayaraj.

Achan was spiritually inclined too and his day started with the reading of the Bhagavad Gita and he used to read the Ramayana also during the month of Karkitakam. Of course, he was very particular to observe his Deviupasana and did his morning prayers as a true devotee of his Guru who had blessed him with the Upadesam.

As an advocate by profession, he was fondly remembered by his colleagues as a man of integrity and everyone closely associated with him spoke of him as a highly Satwik person. Achan was always appreciated for his straightforwardness, compassion, and commitment to justice.

Though Achan and Amma are no longer with us, all five of us are indeed quite proud to be their children. In the eyes of his family, Achan was more than just a father - he was affectionately known as "Balammoman" (and also Baleleppan) by his close relatives. This endearing term is a testament to the love and respect he commanded from those around him.

Achan used to be a family man and was keen to maintain good relationship with all the members. He would always take us to Peruvamparambu, Chitrari and at times to Chettamkunnu(Thalasseri) and Kalliat also and those visits have always provided us with special experiences, a sort of closeness to our kith and kin. Most of his nephews and nieces would come to our house in Taliparamba off and on and spend a few days with us. Mohanettan (P.K. Venugopalan Nambiar) and LIC Raghavettan who were residing at Taliparamba would make frequent visits to our place and Achan too enjoyed their company very much. This association with the uncles and aunts and their children played a major role in building our bondage with the paternal family and we feel blessed that it continues even now.

Through his life, he has left an indelible mark on the lives of those who knew him. Though he passed away at the age of 67 in 1979, his memory continues to inspire and guide us and also his grandchildren, reminding them about the importance of family bondage, love, integrity, and service to others.

With fond memories of our dear father, Sons and daughter.



പറഞ്ഞിട്ടും പറയാതെ പോയത്...

കെ.ടി. സുധാകരൻ
(1944–2025)



ഡോ. എ.കെ പ്രശാന്ത്

കല്യാട്ട് താഴത്തുവീട്ടിൽ മീനാക്ഷിഅമ്മയുടെയും കൂടാളി താഴത്തുവീട്ടിൽ കുഞ്ഞിക്കേളപ്പൻ നമ്പ്യാരുടെയും മകനായി 'ചിത്രാരി'യിൽ ജനനം. സഹോദരങ്ങൾ സീതാദേവി, വിമല, ഭാരതി, രാധ, ചന്ദ്രിക, മാലതി, കൃഷ്ണകുമാർ. .

പ്രാഥമിക വിദ്യാഭ്യാസം കൂടാളി താറ്റി യോട് എൽ.പി സ്കൂളിലും കൂടാളി യു.പി സ്കൂളിലുമായിരുന്നു. കൂടാളി താഴത്തുവീട്ടിലായിരുന്നു താമസം. മുത്തച്ഛൻ കെ.ടി കുഞ്ഞിക്കമ്മാരൻ നമ്പ്യാരായിരുന്നു അന്ന് കൂടാളി തറവാട് കാരണവർ. പിന്നീട് 'ദ്വാരക'യിലേക്ക് താമസം മാറി. ഹൈസ്കൂൾ വിദ്യാഭ്യാസം കൂടാളി ഹൈസ്കൂളിലും (ഇന്ന് കൂടാളി ഹയർ സെക്കന്ററി സ്കൂൾ). NCC യിൽ അംഗമായിരുന്നു. സ്കൂൾ നാടകത്തിലും മറ്റു കലാപ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം പ്രീ യൂണിവേഴ്സിറ്റിക്ക് മദിരാശി (ഇന്നത്തെ ചെന്നൈ) ന്യൂ കോളേജിൽ ചേർന്നു. അമ്മാവൻ ഡോക്ടർ കെ.ടി കമ്മാരൻ നമ്പ്യാരുടെ (സുകുമാരൻ അമ്മോമൻ) വീട്ടിൽ താമസിച്ചായിരുന്നു പഠനം. അദ്ദേഹം മദിരാശി വെറ്റിനറി കോളേജിൽ ഫിസിയോളജി വിഭാഗം മേധാവിയായിരുന്നു.

തുടർന്നു പഠിച്ചത് കോഴിക്കോട് സാമൂതിരി ഗുരുവായൂരപ്പൻ കോളേജിലായിരുന്നു. ഏറ്റവും അധികം ഇഷ്ടപ്പെട്ടിരുന്നത് ഹിസ്റ്ററി (ചരിത്രം) പഠിക്കാനായിരുന്നെങ്കിലും ജോലി സാധ്യത കൂടുതൽ കെമിസ്ട്രിക്ക് ആയിരുന്നതിനാൽ BSc ക്ക് ചേരുകയും ചെയ്തു.



മുൻ കാരണവർ കെ.ടി ദേവിദാസൻ നമ്പ്യാറിൽനിന്ന് തറവാടിന്റെ ആദരം ഏറ്റുവാങ്ങുന്നു. ഇപ്പോഴത്തെ കാരണവർ കെ.ടി ഹരിശ്ചന്ദ്രൻ നമ്പ്യാർ സമീപം.

ഒരു പട്ടാള ഓഫീസർ ആവണമെന്ന് അതിയായി മോഹിച്ചിരുന്നു. അതിനാൽ കോളേജിലും NCC കേഡറ്റാവുകയും സി സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്തു. കോളേജിൽ നല്ല ക്രിക്കറ്റ് കളിക്കാരനായിരുന്നു. ഗുരുവായൂരപ്പൻ കോളേജിൽ ക്രിക്കറ്റ് ടീമിൽ അംഗമായിരുന്നു.

1963 ൽ ബിരുദം നേടിയതിനുശേഷം പത്തൊമ്പതാമത്തെ വയസ്സിൽ കൂടാളി ഹൈസ്കൂളിൽ അധ്യാപകനായി താൽക്കാലികമായി ചേർന്നു. അച്ഛൻ കെ.ടി കുഞ്ഞിക്കേളപ്പൻ നമ്പ്യാരായിരുന്നു അന്നത്തെ ഹെഡ്മാസ്റ്റർ. ഒന്നുരണ്ടു വർഷങ്ങൾക്കുശേഷമാണ് മാന്നാനം NSS കോളേജിൽ BEd ന് ചേർന്നത്. 1966 ജൂൺ ഒന്നാം തീയതി കൂടാളി ഹൈസ്ക്കൂളിലേക്ക് തിരിച്ചെത്തി കെമിസ്ട്രി അധ്യാപകനായി സ്ഥിരമായി നിയമിതനായി. പട്ടാള ഓഫീസർ ആകാൻ SSB പരീക്ഷയെഴുതി പാസ്സായെങ്കിലും നിർഭാഗ്യവശാൽ ഇന്റർവ്യൂ കടമ്പ കടക്കാനായില്ല.

ഇടക്കാലത്തു നാഗ്പൂർ, കാംപ്റ്റി NCC ട്രെയിനിങ് സെന്ററിൽ ചേർന്ന് NCC ഓഫീസറായി. കൂടാളി ഹൈസ്കൂളിൽ തന്നെ കെ.ടി നരേന്ദ്രൻ നമ്പ്യാർക്ക് ശേഷം NCC ഓഫീസറായി ചാർജെടുക്കുകയും ചെയ്തു.

1971 ജനുവരി 31 ന് കല്യാട്ട് താഴത്തു വീട്ടിൽ കുഞ്ഞപ്പ നമ്പ്യാരുടെയും ആയില്യത് കുറ്റ്യേരി ജാനകി അമ്മയുടെയും മകളായ ലക്ഷ്മിക്കുട്ടിയെ വിവാഹം ചെയ്തു. കല്ല്യാട്ട് ലക്ഷ്മിപുരം ഭവനത്തിൽവച്ചായിരുന്നു വിവാഹം. മക്കൾ പ്രശാന്ത്, നിശ. മരുമക്കൾ അഞ്ജന, അനൂപ്. പേരക്കുട്ടികൾ മീനാക്ഷി, അർച്ചിത, നമ്രത, പാർവതി.

സ്കൂളിൽ ഒരു സയൻസ് ക്ലബ്ബ് രൂപീകരിക്കുന്നതിലും അത് പിന്നീട് കേരളത്തിലെ തന്നെ അറിയപ്പെടുന്ന ഒന്നായി പടുത്തുയർത്തുന്നതിലും സുപ്രസിദ്ധ അദ്ധ്യാപകൻ കെ.ടി വിപിനചന്ദ്രൻ (മണിമാസ്റ്റർ) മാസ്റ്ററോടൊപ്പം പ്രധാന പങ്കാളിയായി.



ക്ലാസ്സുകളിൽവച്ചു രാസപരീക്ഷണങ്ങൾ നടത്തി രസതന്ത്രം എന്ന വിഷയം അതീവ രസകരമായി പഠിപ്പിക്കുന്ന ശൈലി കുട്ടികൾക്ക് വളരെയേറെ കൗതുകകരമായിരുന്നു. പൂർവവിദ്യാർഥികൾ എന്നെന്നും ഓർമ്മിക്കാറുള്ള ഒരു അനുഭവമാണത്.

ഒരു നല്ല പ്രാസംഗികനായിരുന്നു. പ്രസംഗിക്കാൻവേണ്ടി കൃത്യമായി തയാറെടുപ്പുകൾ നടത്തുന്നത് ഒരു ശീലമായിരുന്നു.

1990 മുതൽ 1999 വരെ കൂടാളി ഹൈസ്കൂളിൽ പ്രധാന അധ്യാപകനായിരുന്നു. അക്കാലത്തുനടത്തിയ നിർമാണ പ്രവർത്തനങ്ങളും മറ്റും സ്കൂളിന്റെ മുഖച്ഛായതന്നെ മാറ്റി. ഒരുവർഷം നീണ്ടുനിന്ന സുവർണജൂബിലി ആഘോഷം നടത്തിയത് 1996 ലായിരുന്നു. യുവജനോത്സവം, കായികമേള, സയൻസ് എക്സിബിഷൻ എന്നിവയിലും പഠന വിഷയങ്ങളിലും സ്കൂളിന് മികച്ച വിജയം കരസ്ഥമാക്കാനും അത് നിലനിർത്താനും ആ കാലഘട്ടത്തിൽ കഴിഞ്ഞു എന്നതും അധ്യാപന പാടവത്തിന്റെയും സംഘാടന മികവിന്റെയും ഉത്തമ ദൃഷ്ടാന്തങ്ങളാണ്.

മൂവായിരത്തഞ്ഞൂറിൽപരം വിദ്യാർത്ഥികളും നൂറിൽ അധികം അദ്ധ്യാപകരും ഉണ്ടായിരുന്ന സ്കൂളിൽ ഏവർക്കും ഉത്തമ മാതൃകയായിരുന്നു അവരുടെ പ്രഥമാധ്യാപകൻ.

മികച്ച അധ്യാപകനുള്ള ദേശീയ പുരസ്കാരത്തിന് പലതവണ പരിഗണിക്കപ്പെട്ടപ്പോഴും പൂർണ്ണമനസ്സോടെ അതൊക്കെ നിരസിക്കുകയും മറ്റു സഹ അധ്യാപകരുടെ പേരുകൾ നിർദേശിച്ചു അവർക്കതു ലഭ്യമാക്കിയതും വിശാല മനസ്കതയുടെയും സഹവർത്തിത്വത്തിന്റെയും ഉദാഹരണങ്ങളായി കൂടാളി ഹൈസ്കൂളിന്റെ ചരിത്രത്തിൽ എന്നും ഓർമ്മിക്കപ്പെടും.

കുട്ടികളെ പഠിപ്പിക്കുന്നത് ഏറെ ആസ്വദിച്ചിരുന്നതിനാൽ ഔദ്യോഗികമായി വിരമിച്ചതിനുശേഷം പത്തുവർഷത്തോളം കൂടാളി പ്രോഗ്രസ്സിവ് സെന്റർ എന്ന സമാന്തര വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രിൻസിപ്പാളായി സേവനമനുഷ്ഠിച്ചു.

അക്കാലത്താണ് കല്യാട്ട് താഴത്തുവീട് ക്ഷേത്രസമുച്ചയ ട്രസ്റ്റിന്റെ സെക്രട്ടറിയായി സ്ഥാനമേൽക്കുന്നത്. മൂന്നുവർഷത്തിലധികം ട്രസ്റ്റ് സെക്രട്ടറി ആയി പ്രവർത്തിച്ചു. ആ കാലയളവിൽ കല്യാട്ട് തറവാട്ടിലെ സുപ്രധാന കർമ്മങ്ങളായ വേട്ടക്കൊരുമകൻ കോട്ടത്തിന്റെ പുനരുദ്ധാരണവും പുനഃപ്രതിഷ്ഠയും നടപ്പന്തലിന്റെ നിർമ്മാണം കൂടാതെ തറവാട്ടിലെ നാലുകെട്ടിൽ പ്രതിഷ്ഠയായ ശ്രീചക്രത്തിന്റെ തങ്കം കൊണ്ടുള്ള പുനർനിർമ്മാണവും പ്രതിഷ്ഠയും നടത്തുന്നതിലും സ്തുത്യർഹമായ മേൽനോട്ടം വഹിച്ചു. തറവാടുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും സജീവസാന്നിധ്യമായി നിലകൊണ്ടു. 2019

ജനുവരി ഒന്നിന് തറവാട് അങ്കണത്തിൽ നടന്ന വാർഷിക പൊതുയോഗത്തിൽ കാരണവർ കെ.ടി ദേവീദാസൻ നമ്പ്യാരാൽ ആദരിക്കപ്പെടുകയുണ്ടായി .

കൂടാളി കാരണവർ കെ.ടി രാമകൃഷ്ണൻ നമ്പ്യാർ ഏൽപ്പിച്ച കൂടാളി താഴത്തുവീട്ടിലുള്ള വേട്ടക്കൊരുമകൻ കോട്ടത്തിന്റെയും പുനർനിർമ്മാണത്തിന്റെ നേതൃത്വം തന്നിൽ തന്നെ നിക്ഷിപ്തമായതും മുറ്റൊരു മഹാഭാഗ്യമായി എന്നും കരുതിപ്പോന്നിരുന്നു. കൂടാളിയിലും കല്ല്യാട്ടുമുള്ള വേട്ടക്കൊരുമകന്റെ അനുഗ്രഹം എന്നുമുണ്ടാകുമെന്ന് എപ്പോഴും പറയുമായിരുന്നു, ആശ്വസിച്ചിരുന്നു.

പത്രവാർത്തകൾ ശേഖരിച്ചു തരം തിരിച്ചു ഭംഗിയായി ആൽബങ്ങളിലാക്കി സൂക്ഷിക്കുന്നത് പ്രധാന വിനോദമായിരുന്നു. താൻ ജനിക്കുന്നതിനു വർഷങ്ങൾ മുൻപ് മുതൽ ജീവൻ വെടിയുന്നതിന്റെ തലേദിവസം വരെയുള്ള ഏകദേശം തൊണ്ണൂറ് വർഷത്തെ മലയാള പത്രവാർത്തകൾ ശേഖരത്തിൽപ്പെടും. കൂടുതലായും കൂടാളിയുമായും സ്കൂളുമായും കല്ല്യാടുമായും ബന്ധപ്പെട്ടവയും. നാട്ടിൽ നടന്ന വിവിധ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ സമ്മേളനങ്ങളുടെ നോടീസുകളും പ്രത്യേകം ശേഖരിച്ചുവച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ആൽബങ്ങൾ ഗവേഷണത്തിന് അടിസ്ഥാനമാക്കി പല ചരിത്ര വിദ്യാർത്ഥികളും വീട്ടിൽ നിത്യ സന്ദർശകരാണ്. ഇതിനെക്കുറിച്ചുള്ള റിപ്പോർട്ട് ''ചരിത്രസാക്ഷിയാണ് ഈ പത്രവാർത്താക്കുറിപ്പുകൾ'' എന്ന തലക്കെട്ടിൽ മാതൃഭൂമി പത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

ഏതുവീട് സന്ദർശിച്ചാലും അവിടുത്തെ ചുമരിലും മറ്റും പ്രദർശിപ്പിച്ചിട്ടുണ്ടാകാറുള്ള പഴയകാലത്തെ ഫോട്ടോകൾ ഡിജിറ്റൽ കോപ്പിയാക്കി തന്റെ കംപ്യൂട്ടറിൽ സൂക്ഷിച്ചു വെക്കുമായിരുന്നു. ഇതുപോലെ ഒട്ടനവധി പെൻ ഡ്രൈവുകളിലും പ്രത്യേക ഹാർഡ് ഡിസ്ക്കുകളിലുമായി കുടുംബവുമായും നാടുമായും ബന്ധപ്പെട്ട എണ്ണമറ്റ ഫോട്ടോകളും വിഡിയോകളും ഉണ്ട്. സാമാന്യം നല്ല കമ്പ്യൂട്ടർ പരിജ്ഞാനം നേടിയിയത് റിട്ടയർമെന്റിനുശേഷം ചാലോടുള്ള കമ്പ്യൂട്ടർ സെന്ററിൽ പഠി





കെ.ടി ബേബി

ക്കാൻ ചേർന്നായിരുന്നു. അപ്പോൾ കെ.ടി കുഞ്ഞികൃഷ്ണനും (കൂടാളി) കൂട്ടിനുണ്ടായിരുന്നു. രണ്ടുപേരും സാമൂഹിക മാധ്യമങ്ങളിൽ സജീവമാകുന്നത് അതിനുശേഷമാണ്.

യാത്രചെയ്യുന്നത് വളരെയേറെ ഇഷ്ടമായിരുന്നു. ഞങ്ങൾ മക്കൾ ജോലിചെയ്തിരുന്ന എല്ലാ ഇടങ്ങളിലും സന്ദർശിച്ചു കുറച്ചു ദിവസം താമസിക്കുക പതിവായിരുന്നു. ഓസ്ട്രേലിയ, സിംഗപ്പൂർ എന്നീ രാജ്യങ്ങളും ഇന്ത്യയിൽ ത്തന്നെ ഒട്ടുമിക്ക നഗരങ്ങളും പ്രധാന ടൂറി സ്റ്റ് കേന്ദ്രങ്ങളും കാശി, മഥുര, പ്രയാഗരാജ്, അമൃതസർ, ഗോൾഡൻ ടെംപിൾ തുടങ്ങിയ ആരാധനാലയങ്ങളും സന്ദർശിക്കാനായത് ഒരു വലിയ സൗഭാഗ്യമായി കരുതിയിരുന്നു.


ഡയറി എഴുതുക പതിവായിരുന്നു. അത് വര്ഷങ്ങളായിട്ടുള്ള ശീലമാണ്. ഒരുദിവസംപോലും മുടങ്ങാതെ ഓരോ പേജും മുഴുവനായി എഴുതി തീർക്കുമായിരുന്നു. ദേഹവിയോഗത്തിൽ തലേദിവസം വരെ ഡയറി എഴുതിയിട്ടുണ്ട് .

ഒരു തികഞ്ഞ കുടുംബനാഥൻ എന്ന നിലയിൽ എല്ലാ കാര്യങ്ങളിലും പ്രത്യേക ശ്രദ്ധയും കാര്യദർശനവും ജീവിതാവസാനംവരെ നിലനിർത്തിപ്പോന്നിരുന്നു.


കുറച്ചുകാലമായി തനിക്കു ബാധിച്ചുകൊണ്ടിരിക്കുന്ന മറവി രോഗത്തെക്കുറിച്ചു ആശങ്കപ്പെട്ടിരുന്നതിനാൽ പ്രത്യേക കോഡ് വാക്കുകളും മറ്റും ഉപയോഗിച്ച് അതിനെ പ്രതിരോധിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു, ആരെയും അറിയിക്കാതെ..

ദേഹവിയോഗത്തിന് കൃത്യം മൂന്നുമാസങ്ങൾക്കുമുൻപ് വന്നുചേർന്ന മാറാരോഗത്തെക്കുറിച്ചു ഒരു ധാരണയും ഉണ്ടായിരുന്നില്ല. ഒരുനാൾ കുംഭമാസത്തിലെ പൂരംനാളിൽ ഒന്നും പറയാതെ ആരെയും അറിയിക്കാതെ വിഷ്ണുപാദം പൂകി.

അച്ഛന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് പ്രിയമക്കൾ. ■



കെ.ടി ബേബി



കല്ല്യാട്ട് തറവാട്ടിലെ ദേവീപൂജകൾക്ക് നേതൃത്വം കൊടുത്ത ഗുരുസ്വാമികളുടെ (രാമചന്ദ്ര യോഗീശ്വരർ) മകനും തറവാട്ടിലെ മുൻ തലമുറയിലെ അംഗങ്ങളുടെ ഗുരുവുമായ രഘുപതി സ്വാമികളുടെ ഡയറികുറിപ്പുകൾ - കല്ല്യാടിനെക്കുറിച്ചുള്ള പരാമർശങ്ങൾ



Nirmala Mangalat

Festival Thoughts

India, a land of contradictions.
India, a land of patriarchy.
India, a land of festivals.

And for an Indian, the two months of October and November are particularly special… for it is the time when contradictions are resolved, and men and women, young and old, from all parts of India come together to celebrate the victory of good over evil; the true power of the so-called powerless; the hope and joy of new beginnings…

After the arduous battle and victory over the ten-headed Ravana, Lord Rama returns to Ayodhya, and we welcome the triumph of Good over Evil by lighting up our hearts and homes. We celebrate the victory of Devi Durga over the demon Mahishasura too, another instance of Good triumphing over Evil.

The multiple heads of Ravana which keep growing back symbolise his indomitable ego. The shapeshifting Mahishasura represents the elusive Evil that can take any form in our lives. Diwali is a reminder of that eternal battle within, that each of us has to fight all our lives.

Diwali, the festival of lights, is for all of us, the time of new beginnings… new hopes, new decisions, new dreams. Last year's books are written, and stashed away… It is time to open a new book where we will write new stories, new ventures, new successes. Yes, it is that time of the year…

But… for me personally, what makes this season special is the fact that this is the time of the year we celebrate the power of the Feminine.

Dussehra, Durga Puja, Kali Puja, Navrathri, Diwali… All over India, called many names but one and the same in essence, we celebrate the Feminine at this time of the year.

She is Durga, the invincible; She is Kali, the all destroying Time; she is Shakthi, the primordial Force of Shiva the Destroyer; She is Lakshmi, the Yogic strength of Vishnu the Preserver; she is Saraswathi, the repository of wisdom who guides Brahma the Creator.

On Karva Chauth Day, she is the tender wife who fasts and prays for her husband's welfare. She is the nurturer of relationships, the fire in the hearth, the food on the table.

She is the Wife, the Mother, the Provider, the Protector. She battles Evil to win back the Good. She in her own right is the demon slayer, and as Sita, she is the initiator of Lord Rama's destruction of Evil.

She is You and Me. She is Everywoman.


There's no time like this in the Indian calendar when the Feminine is feted in all its forms. A time when contradictions are ignored and the Woman moves into focus. A time that reminds us every year to value and cherish womanhood.

A time to celebrate the very best that the Woman offers… strength, hope and joy.

(K.T Nirmala, daughter of C Balakrishnan Nambiar and K.T Chandravalli Amma (Chinnu), Chettamkunnu, Thalassery)

Love: In the Making

Hold and be silent !
Feel the Flesh, but not reflect,
Savour the dampness, but not consult.
Let those fingers; Yours and Mine,
A fleet of vagabonds !
Reckless, restless renegades,
Lost in the loneliness of togetherness,
Impatient residents of manicured gardens
Relishing an easeful desperation,
Ruminating in the Isle of Treason.
Let those guardians of forbidden joy,
Roving in the ephemeral plateaus of deceit,
Drenched in tumultuous tranquillity,
Soaked in tears; joyous, melancholic and the in-between,
Revering the sweat; laboured and enforced,
Seeking gratification!
In the unclaimed potencies of Milt,
Converse:
In the sweetness of imagined lethargy,
In the coziness of assumed proximity,
Forming their mates,
Forming their rhythms.



Dr. Shivshankar Rajmohan

(Dr Shivsankar Rajmohan working as a Professor in English VIT, Vellur, son of Bindhu A K and Late Rajmohan K T)



ഗീത. പി.കെ

മനസാ സ്മരാമി

കല്യാട്ട് താഴത്തെ വീട്ടിൽ ജാനകിയമ്മ എന്ന എന്റെ അച്ഛമ്മ് ഞാൻ കണ്ടിട്ടുള്ളതിൽവെച്ച് പരമഭക്തയും സ്നേഹസമ്പന്നയുമായ ഒരു സാധ്വിയാണ്. പരമസാത്വികയായ ആ അച്ഛമ്മയുടെ തണലിലും ശിക്ഷണത്തിലും എനിക്ക് വളരാൻ കഴിഞ്ഞു എന്നതുതന്നെയാണ് എന്റെ ജന്മപുണ്യം.

ഞങ്ങൾ കുട്ടികൾക്ക് അച്ഛമ്മ വളരെ കർക്കശക്കാരിയായിരുന്നു. പക്ഷേ ഇന്ന് ഭൂതകാലത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, അച്ഛമ്മയിൽ നിന്ന് പഠിച്ചിട്ടുള്ള പാഠങ്ങൾ ഒരു കുട്ടിയുടെ ഭാവി ജീവിതത്തിൽ വന്നേക്കാവുന്ന എല്ലാ പ്രയാസങ്ങളേയും നിഷ്പ്രയാസം മറികടക്കാനുള്ള മനശ്ശക്തി പകർന്നു നൽകുന്നുവെന്ന് ഞാൻ തിരിച്ചറിയുന്നു.

കേവലം വ്യക്തിപരമായ കാര്യങ്ങളെയോർത്തല്ല അച്ഛമ്മ പലപ്പോഴും വ്യസനിച്ചിരുന്നത്. തറവാടിന്റെയും കുലദൈവങ്ങളുടേയും അഭിവൃദ്ധിക്ക് മങ്ങലേല്ക്കുന്ന ഏതു വിഷയവും ആ മനസ്സിനെ ഏറെ വിഷമിപ്പിച്ചിരുന്നു. തറവാട്ട്സ്വത്ത് വിഭജിക്കേണ്ടിവന്ന അവസരത്തിൽ കുലദൈവങ്ങളുടെ നിത്യനിദാനം മുടങ്ങുന്ന സാഹചര്യമുണ്ടായി. അന്ന് അച്ഛമ്മ അനുഭവിച്ച മനോവിഷമം പറഞ്ഞറിയിക്കാനാവാത്തതാണ്. 'പട്ടിണി കിടക്കുന്ന വേട്ടക്കൊരുമകനെ കണ്ടുകൊണ്ടാണല്ലോ ഞാൻ ഭക്ഷണം കഴിച്ച് കൈ കഴുകുന്നത്' എന്ന് പറഞ്ഞ് ആ കണ്ണുകൾ നിറയുന്നത് പലപ്പോഴും കണ്ടിട്ടുണ്ട്. എന്നാൽ ആ പ്രതിസന്ധി മറികടക്കാനുള്ള പോംവഴിയും അച്ഛമ്മ തന്നെ കണ്ടെത്തി. തലശ്ശേരി വരെ പോയി തറവാട്ടു കാരണവന്മാരേയും മറ്റും കണ്ട് അന്ന് അച്ഛമ്മ ആ പ്രതിസന്ധി പരിഹരിച്ചതിന്റെ ഫലമാണ് ഇന്ന് നമ്മുടെ കോട്ടത്തെ വളരെ നല്ലരീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ പുതുതലമുറയ്ക്ക്

സാധിക്കുന്നത്. നമ്മുടെ നാട്ടിൽ ആദ്യമായി വൈദ്യുതി വന്ന സമയത്ത് വയത്തൂർ കാലിയാർക്ക് വെളിച്ചമില്ലെങ്കിൽ ഇവിടെയും വെളിച്ചം വേണ്ട എന്ന് പ്രഖ്യാ പിച്ച് അമ്പലത്തിലും വൈദ്യുതി എത്തിക്കുന്നതിന് അച്ഛമ്മയുടെ നിശ്ചയദാർഢ്യം കൊണ്ട് സാധിച്ചിട്ടുണ്ട്. ഇതെല്ലാം തെക്കുംതറയിലെ ഇച്ഛാശക്തി - ജ്ഞാനശക്തി - ക്രിയാശക്തി സ്വരൂപിണിയായ അമ്മ, അച്ഛമ്മയിലൂടെ സാധിച്ചെടുത്തതാവാം എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

''വിദ്യാവിനയസമ്പന്നേ
ബ്രാഹ്മണേ ഗവി ഹസ്തിനി
ശുനി ചൈവ ശ്വപാകേ ച
പണ്ഡിതാഃ സമദർശിനഃ''

എന്ന ഗീതാവാക്യത്തെ അന്വർത്ഥമാക്കുന്ന രീതിയിൽ എല്ലാവരെയും സമഭാവനയോടെ കാണാനുള്ള കഴിവ് ആ പഴയ കാലത്തും അച്ഛമ്മയുടെ ഒരു പ്രത്യേകതയായിരുന്നു. മക്കളും കൊച്ചുമക്കളും മറ്റു ബന്ധുക്കളും നാട്ടുകാരും എല്ലാം അച്ഛമ്മയ്ക്ക് എന്നും ഒരുപോലെ ആയിരുന്നു.

അച്ഛമ്മയ്ക്ക് ജാതിമതഭേദങ്ങൾ ഒരിയ്ക്കലും ഉണ്ടായിരുന്നില്ല. അച്ഛമ്മയെ കാണാൻ വരുന്ന പലർക്കും പല ഉപദേശങ്ങളും സഹായങ്ങളും നൽകാറുണ്ടായിരുന്നു. കൂട്ടത്തിൽ എന്റെ മനസ്സിൽ എന്നും മായാതെ തെളിയുന്ന ഒരു സംഭവം ഉണ്ട്. വീട്ടിൽ വരുന്ന ഒരു സ്ത്രീ അവരുടെ മകന്റെ ഭാര്യയുടെ കുറ്റങ്ങളും കുറവുകളും എന്ന രീതിയിൽ നിരന്തരം അച്ഛമ്മയുടെ അടുത്ത് പരാതിപറയാറുണ്ടായിരുന്നു. അതൊക്കെ ശ്രദ്ധയോടെ കേട്ട് അവൾ നിന്റെ തന്നെ മകളാണെന്നും അവളോട് സ്നേഹത്തോടെ പെരുമാറി, പോരായ്മകൾ ക്ഷമിച്ച് നേർവഴിക്ക് കൊണ്ടുവരേണ്ടത് നിന്റെ മാത്രം ഉത്തരവാദിത്തമാണ് എന്നും മറ്റും നിരന്തരം ഉപദേശിക്കുകയുണ്ടായി. അതോടെ ആ സ്ത്രീയുടെ പരാതിയും പരിഭവവും തീരുകയും മകന്റെ ഭാര്യയുമായി അവർ പിന്നീട് നല്ലരീതിയിൽ ഇണങ്ങിപ്പോകുകയും ചെയ്തു. ഇങ്ങനെ പലരുടെയും പ്രശ്നങ്ങൾക്ക് അച്ഛമ്മ ലളിതമായി പരിഹാരം നിർദ്ദേശിച്ച് നേർവഴിക്ക് കൊണ്ടുവന്നിട്ടുണ്ട്.

കുട്ടിക്കാലത്തുണ്ടായ ജീവിതാനുഭവങ്ങളിൽ നിന്നും തീർത്തും വിഭിന്നമായ സാഹചര്യമാണ് മുതിർന്നപ്പോഴുണ്ടായത്. അതിൽ നിന്നും ഏറെ വൈവിധ്യം നിറഞ്ഞ കാലഘട്ടമാണ് ജീവിതസായാഹ്നത്തിലുണ്ടായത്. അതിനാൽ മൂന്നു ജന്മത്തിന്റെ അനുഭവസമ്പത്താണ് തനിക്കുള്ളതെന്ന് അച്ഛമ്മ പലപ്പോഴും പറഞ്ഞിട്ടുണ്ട്. എങ്കിലും മാറുന്ന കാലത്തിന്റെ പുതുമകളെല്ലാം ഉൾക്കൊണ്ട് എല്ലാവരോടും അവസരോചിതമായി പെരുമാറാനും സ്നേഹപുരസ്സരം സംസാരിക്കാനും കഴിഞ്ഞിരുന്നു എന്നത് അദ്ഭുതപ്പെടുത്തുന്ന കാര്യമാണ്. അത് പഴയ തലമുറയിലെ മറ്റുള്ളവരിൽ നിന്നും അവരെ തീർത്തും വ്യത്യസ്ത ആക്കുന്നു.

സ്വതവേ അചഞ്ചലചിത്തയായ അച്ഛമ്മ മനമുലഞ്ഞ് കരയുന്നത് ഞാൻ ഒരിക്കൽ മാത്രമേ കണ്ടിട്ടുള്ളൂ. അത് അച്ഛൻ മരിച്ച സമയത്ത് മാത്രമായിരുന്നു. സാധാരണയായി അച്ഛമ്മ കുട്ടികളോട് യാതൊരു തരത്തിലുള്ള പയ്യാരങ്ങളും പ്രത്യേകപരിഗണനകളും കാണിക്കാത്ത ഒരാളായിരുന്നു. എങ്കിലും അച്ഛൻ മരിച്ചതിനുശേഷം ഞങ്ങൾ കൊച്ചുമക്കളോട് വളരെ സ്നേഹത്തോടെ പെരുമാറുന്നതും കരുതലേകുന്നതും പലപ്പോഴും അനുഭവിച്ചറിഞ്ഞിട്ടുണ്ട്. തറവാടിന്റെ കൂട്ടായ്മയുടെയും ഒത്തൊരുമയുടെയും പലയിടങ്ങളിലായി പടർന്നുനില്ക്കുമ്പോഴും ഇന്നും മങ്ങാതെ നിലനിൽക്കുന്ന സ്നേഹബന്ധത്തിന്റേയും വിത്തു പാകിയതും അതിനെ സ്നേഹലാളനകളേകി നനച്ചു വളർത്തിയതും അച്ഛമ്മ ആണെന്ന് നിസ്സംശയം പറയാം. അച്ഛമ്മയുടെ പരിപാവനമായ ഓർമ്മയ്ക്ക് മുന്നിൽ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്, ഞാനെന്റെ സ്മരണകൾക്ക് ഇവിടെ വിരാമമിടുന്നു.

Mob: 9447004214



Sharanya Nandakishore

FROM A 12 YEAR OLD'S DREAM TO DESTINY:

MY KALLIAT HOMECOMING

Once upon a time, a wide-eyed twelve-year-old girl took her first steps into the historic Kalliat Thazhathuveedu, guided by the gentle hand of her grandmother. The moment she crossed the threshold, the house seemed to whisper stories-of ancestry, of architecture, of a lineage older than her imagination. She gazed at the wooden beams, the inner courtyard, the calm dignity of the structure that had stood through generations. Fascinated, and secretly thrilled to learn she was related to this majestic place, she turned to her grandmother with an earnest question:

"After 25 years, a woman will come to buy this house. Will they sell it or not?"

Her grandmother burst into laughter-a laughter full of affection, history, and perhaps a hint of destiny.

An Introduction Woven with Heritage

Let me help you decide whether to welcome me by introducing myself properly-though I am sure the house already knows me well. Jokes apart, I've always belonged to the Kalliat culture... at least partially... ever since birth. How, you ask?

Hello, I am Sharanya Nandakishore,the Great-granddaughter of Late Kalliat Anandan Nambiar and Late Ammalu Enna Devaki Amma of Vayakkara Padannakottu. Granddaughter of Late Mangalat Kokodan Govinda Kurup and Late Ananda Valli Amma of Vayakkara Padannakottu.

Daughter of Mr. Nandakishore Vayakkara Padannakottu and Ms. Madhumathi Nanda kishore of the Ningileri Ponneduthu Parambu family.

In short, I am a fully Nambiar-branded original concoction of Kalliat, Mangalat, Mavilaayi, and Ningileri - a heritage cocktail crafted by fate itself.

Twenty Years Later...

Here I stand, two decades later. The same girl with the same twelve - year - old heart - only now married to a wonderful man, Mr. Jayadeep Kalliat. Today, I am also the daughter of Radha of Kalliat and Jayaraj of the Arathil Candoth family.

Life has a poetic way of closing circles. Rumor had long said that I belonged here-and now I see how beautifully true that was. I find myself back at the roots, especially the roots of one of the greatest loves of my life - my grandmother, Anandavalli Amma.

My Debut in Kalliat Smaranika

It feels quietly special to make my first appearance in Kalliat Smarnika during the time of Janaki Kutty Amma (96), the eldest member of the Kalliat family and Harichandran Nambiar (92), Patron of the Kalliad Thazhathuveedu Kshetra Samuchaya Trust,- an era held together by memories, wisdom, and a grace that only time can offer.

I am sincerely grateful to Lt Gen Vinod Nayanar, PVSM, AVSM (Retd), Secretary of the Kalliad Thazhathuveedu Kshetra Samuchaya Trust, for welcoming me into this space.

You will certainly see more of me in the coming years.

With gratitude to the universe and to my ancestors, I stand proud to carry within me the tharavadi genes that shaped me-the same genes that whispered to a little girl, twenty years ago, "You belong here."

കമ്മാരത്ത്

കല്ല്യാട്ട് ആറാട്ട് തറയിൽ നിന്നും
കുത്തെ ശിവക്ഷേത്ര റോഡിലൂടെ
കേവലം ശതമീറ്റർ ചെന്നാലെത്താം
കമ്മാര ഭവനത്തിൻ തിരുമുറ്റത്ത്.

കണ്ടിക്ക് കാണുന്ന സിംഹദ്വയം
കുത്തിയിരിക്കുന്ന കാഴ്ച കണ്ടാൽ
കാരിരുമ്പിൻ കരുത്തുള്ളവനും
കാൽക്ഷണമൊന്ന് വിറച്ച് പോകും.

ശിൽപചാതുര്യത്തിൻ നിറമിഴിവിൽ
ശിലയും മരവും സമഞ്ജസിച്ച്
ശില്പികൾ തീർത്തൊരീ രമ്യഹർമ്മ്യം
ശിവക്ഷേത്ര സാമിപ്യേ സ്ഥിതിചെയ്യുന്നു.

അതിരില്ലാ ഭൂസ്വത്തും അവകാശവും
അതിരറ്റ ആശ്രിത സഞ്ചയവും
അധികാര ചെങ്കോലും കൈയിലേന്തി
അധികനാൾ വാണവരേറെയുണ്ട്.

കമ്മാര ഭവന കിടാവിളക്കായ്
കാലാതിവർത്തിയാം ഖ്യാതിയോടെ
കത്തിജ്ജ്വലിച്ച് പ്രകാശിക്കുന്നു
'കാരണോർ' ചാത്തൂട്ടി നാമമിന്നും.

നർമ്മത്തിൽ ചാലിച്ച നീതി ബോധം
ധർമ്മത്തിൻ പാതയെ കൈവിടാതെ
കർമ്മപ്രാപ്തിക്കൊരു പര്യായമായ്
മർമ്മമറിഞ്ഞും ഭരിച്ചവരും.

ജന്മിയും കുടിയാനും ജന്മനാലെ
ജന്മശത്രുക്കളെ പോലെയെന്നും
തിന്മകഥകൾ കൊരുത്തെടുത്ത
കന്മതിൽ കെട്ടു തകർത്തവരും.

അപ്പന്റെ പാതയെ പിന്തുടർന്ന്
'അപ്പനു'വെന്ന മകനും വന്നു
കപ്പവും കാണലും കൈവെടിഞ്ഞ്
അപ്പന്റെ ഒപ്പമവനുമെത്തി.

ആദർശശുദ്ധിതൻ ആൾരൂപമായ്
അർപ്പണ ജീവിത പര്യായമായ്
ആയില്ല്യ കുറ്റ്യേരി സന്താനമായ്
ആചന്ദ്രതാരം ഒതേനൻ നമ്പ്യാർ.

കല്ല്യാട് വില്ലേജിന്നധികാരിയായ്
കരുത്തോടെ അംശം ഭരിച്ചിരുന്ന
കമ്മാരനെശമാന്റെ കഥകളിന്നും
കാലാതിവർത്തിയായ് നിലകൊള്ളുന്നു.

കുയിമ്പാത്തെടുപ്പും കൃഷിയിടവും
കോൾമയിർ കൊള്ളും ചികിൽസകനായ്
കേൾവികേട്ടുള്ള വിഷവൈദ്യനാം
കുഞ്ഞിരാമനെശമാനും കേമൻ തന്നെ.

മണിമാളികയായ കമ്മാരത്തിൻ
മകുടത്തിൽ ചാർത്തിയ മാണിക്യമായ്
മരണം അകാലത്തിൽ കാർന്നെടുത്ത
മണിമാഷെ ആർക്കു മറക്കാൻ പറ്റും.

കുറ്റം പറയാൻ പഴുതില്ലാത്ത
കൂറ്റൻ ഭവനവും നാലുകെട്ടും
ഊറ്റം കൊള്ളാനേറെ ഓർമ്മകളും
ഉറ്റവർ ചേർന്നിന്നു പങ്കിടുന്നു.

പൂർവ സ്മൃതികളും ഐശ്വര്യവും
പൂർവ്വാധികം കാത്തുസൂക്ഷിക്കുവാൻ
ദീപം തെളിച്ചു തുടങ്ങി വീണ്ടും
'ദീപു'വാം പുത്തൻ തലമുറക്കാർ.

കാലവും കല്ല്യാട്ടും കഥകളുമായ്
കമ്മാരഭവനവും ഓർമ്മകളും
കാത്തുസൂക്ഷിക്കും കരങ്ങൾക്കെന്നും
കരുത്തു കൊടുക്കട്ടെ സർവ്വശക്തൻ.



കെ.പി. രാഘവൻ
Mob: 9446651401

2009 ഡിസംബർ 31ന് കമ്മാരത്ത് കുടുംബസംഗമത്തിൽ കെ.പി. രാഘവൻ അവതരിപ്പിച്ച കവിത.






IRITTY HSS
PO.KEEZHUR ,Pin.670703
Irittyhs@gmail.com
Ph.04902491105